
www.malankaralibrary.com

ജൂൺ 2020

# ബഥനി ശബ്ദം



www.malankaralibrary.com

**BETHANY SABDAM**

**No. 120** **2020** **June**

**Editor**

Fr. Varghese Vijayanand OIC

**Editorial Board**

Fr. Antony Padipurackal OIC

Fr. John Britto Charivukalayil OIC

Fr. Geevarghese Thiruvalil OIC

**Circulation Manager**

Fr. Varghese Thykkoottathil OIC

**Printed at**

Bethany Press, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate

P.B.No. 06, Vadavathoor P.O.,

Kottayam - 686 010, KERALA

Ph: 0481 - 2578494 (Monday - Saturday from 9.30 AM to 5.00 PM)

web: www.bethanyashram.com

e-mail: oic.infonews@gmail.com

www.malankaralibrary.com

# ഉൾത്താളുകളിൽ

**മുഖമൊഴി**
ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി. 4

**ധന്യനായ ഗുരുശ്രേഷ്ഠൻ**
വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി. 6

**റവ. ഫാ. അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി.**
വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി 9

**ബഹുമാനപ്പെട്ട അഗസ്റ്റിൻ കൈലാത്ത് അച്ചൻ......**
വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി 11

**ഫാ. അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി. – ജീവിതയാത്ര**
ഫാ. സജീവ് തെക്കെച്ചരുവിൽ ഒ.ഐ.സി. 17

**ബഹു. അഗസ്റ്റിൻ കൈലാത്തച്ചൻ ഉത്തമനായ ആചാര്യശ്രേഷ്ഠൻ**
ഫാ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. 21

**സന്ന്യാസജീവിതത്തിന്റെ അന്തസ്സ് കാണിച്ചു തന്ന അഗസ്റ്റിനച്ചൻ**
ഫാ. മത്തായി കടവിൽ ഒ.ഐ.സി 27

**ഇതുവരെ പറഞ്ഞിട്ടില്ലാത്ത ഫാ. അഗസ്റ്റിനച്ചന്റെ ബാല്യകാലം**
ശ്രീ. ജോസഫ് കൈലാത്ത് 33

**കാലത്തിന്റെ ചുവരെഴുത്തുകളെ വിവേചിച്ചറിഞ്ഞ ആചാര്യശ്രേഷ്ഠൻ**
ഫാ. ഗീവർഗീസ് ഷാജൻ കുറ്റിയിൽ ഒ.ഐ.സി. 38

**ഇമ്പമാർന്ന നാദലയം മലങ്കരയുടെ കോകിലം**
ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി. 43

**ബഥനിയുടെ കെടാവിളക്ക്**
സിസ്റ്റേഴ്സ് ഓഫ് മൗണ്ട് താബോർ 46

**പിതൃതുല്യനായ റെക്ടറച്ചൻ**
ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി. 49

**ബഥനിവാടിയിലെ സ്നേഹപുഷ്പം**
ബ്രദർ ജിതിൻ ജോർജ് ഒ.ഐ.സി. 51

**ബഥനിയിൽ നിറഞ്ഞ സംതൃപ്തിയോടെ**
ഫാ. തോമസ് പ്രമോദ് ഒ.ഐ.സി. 53

**ചില നിമിഷങ്ങൾ അഗസ്റ്റിനച്ചനൊപ്പം....**
ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി. 56

**വേർപാട് നൽകിയ ചില നേർകാഴ്ചകൾ...**
ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. 58

www.malankaralibrary.com

# മുഖമൊഴി......

ബഥനിയുടെ ഗുരുശ്രേണിയിൽ നിന്ന് ഒരു പാവനാചാര്യൻ കൂടി ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നു. ബഥനി ആശ്രമത്തിൽ നിന്ന് ദൈവസമക്ഷം ചേർക്കപ്പെട്ട പ്രിയ ബഹു. അഗസ്റ്റിൻ കൈലാത്തച്ചന്റെ ഓർമ്മയ്ക്കുമുമ്പിൽ പ്രാർത്ഥനാ മഞ്ജരികൾ അർപ്പിക്കുകയാണ് ഈ ലക്കം ബഥനി ശബ്ദം.

ദൈവത്തെ കണ്ടെത്തിയവർ പ്രകാശിതരായി. അപ്രകാരമുള്ള വ്യക്തികൾ തങ്ങളുടെ ജീവിതത്തിലൂടെ ദൈവീക അനുഭവം മറ്റുള്ള വർക്ക് പകരുന്നു. ബഹു.അഗസ്റ്റിൻ കൈലാത്തച്ചന്റെ മുഖദർശനം തന്നെ ദൈവീകസന്തോഷത്തിന്റെ ബഹിർസ്ഫുരണമായിരുന്നു. ബഹു.അച്ചന്റെ സാന്നിദ്ധ്യവും ശുശ്രൂഷയും അനേകർക്ക് ദൈവീകാനുഭവം ആർജ്ജിക്കുവാൻ ഇടയായതിൽ നമുക്ക് ദൈവ ത്തിന് നന്ദിപറയാം. ബഥനിയുടെ ആധുനിക മുഖത്തിന് രൂപം നൽകുവാൻ പഠനഗൃഹത്തിലെ ശുശ്രൂഷയിലൂടെ അച്ചൻ തന്റേ തായ സംഭാവനകൾ നല്കി. തന്റെ ഇളംതലമുറയെ മനസ്സിലാക്കി അവർക്കുവേണ്ടി കാലോചിതമായ പരിശീലനം നൽകിയ വന്ദ്യ ഗുരുഭൂതാ, അങ്ങയുടെ മാതൃകയും ചിന്തകളും ബഥനിക്ക് എന്നും ശക്തിയാണ്.

വഴിയും സത്യവും ജീവനുമായ ക്രിസ്തുനാഥനെ ജീവിത ത്തിൽ അനുകരിച്ച് അനേകർക്ക് വഴികാട്ടിയായിരുന്നു അഗസ്റ്റി നച്ചൻ. അമേരിക്കയിലെ പ്രശസ്തമായ സെന്റ് ജോൺ സർവ്വകലാ ശാലയിൽ നിന്ന് കൗൺസലിംഗിൽ ഉന്നതബിരുദം നേടിയ അച്ചൻ ജീവിതപ്രശ്നങ്ങളിൽ അലഞ്ഞിരുന്ന അനേകർക്ക് കൗൺസലിംഗ് വഴി ശാന്തിയും സമാധാനവും പകർന്നു നൽകിയിട്ടുണ്ട്.

www.malankaralibrary.com

'മുടിയനായ പുത്രൻ' ഉപമയുടെ വരികൾക്കിടയിൽ നാം മനസിലാക്കേണ്ടുന്ന ഒരു പുരോഹിതധർമ്മം ഒളിഞ്ഞിരിപ്പുണ്ട്. പ്രശ്നകലുഷിതമായ ലോകത്തിൽ-തെറ്റിപ്പോയവരെ ദൈവാനുഭവ ത്തിലേക്ക് കൈപിടിച്ചു നടത്തുവാനുള്ള മനോഹരവും അർത്ഥ സമ്പുഷ്ടവുമായ ഒരു വിളി. ഈ പുരോഹിതധർമ്മം ഏറ്റെടുത്ത ആചാര്യശ്രേഷ്ഠാ അങ്ങയുടെ സേവന ശുശ്രൂഷകൾ അനേകരുടെ ഹൃദയങ്ങളിൽ നിലനില്ക്കും.

ക്രിസ്തുവിന്റെ ഭവനവിചാരിപ്പുകാർ വൈദിക ശ്രേഷ്ഠരാണ്. ഭവനത്തെ ഭരിക്കുവാനും ശുശ്രൂഷിക്കുവാനും വിളിക്കപ്പെട്ടവർ. ബഥനിയുടെ പ്രധാനഭവനങ്ങളെയും ദയറാകളെയും ശുശ്രൂഷിച്ച് നയിച്ച അഗസ്റ്റിൻ കൈലാത്തച്ചൻ-ബഥനിയുടെ ജനറൽ കൗൺ സിലറായും, പ്രൊവിൻഷ്യൽ കൗൺസിലറായും ശുശ്രൂഷ നിർവ്വഹിച്ച് ബഥനിയുടെ വളർച്ചയ്ക്ക് ഓജസും തേജസും പകർന്നു നൽകി. ആശ്രമാധിപനായും-നല്ല ഭരണകർത്താവായും ബഹു.അച്ചൻ നൽകിയ സേവനങ്ങളെ ബഥനി നന്ദിപൂർവ്വം ഓർക്കുന്നു.

മൗണ്ട് താബോർ സന്യാസിനി സമൂഹത്തിന്റെ രൂപീകരണ ത്തിലും വളർച്ചയിലും അച്ചൻ നൽകിയ സംഭാവനകൾ ഈ ബഥാന്യന്റെ ആത്മീക വളർച്ചയുടെ ബഹിർസ്ഫുരണമാണ്. തന്റെ ഭൗതിക ജീവിതത്തിൽ ക്രിസ്തുവിനുവേണ്ടി മനോഹരഗീതങ്ങൾ ആലപിച്ച വന്ദ്യപുരോഹിതശ്രേഷ്ഠം, മാലാഖമാരുടെ വൃന്ദത്തിൽ ദൈവത്തിനു സ്തുതിപാടുവാൻ അങ്ങേക്ക് ഇടയാകട്ടെയെന്ന് ബഥനി സഹോദരങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയുടെ ഓർമ്മയ്ക്കു മുമ്പിൽ ബഥനി മക്കൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി.**

www.malankaralibrary.com

# ധന്യനായ ഗുരുശ്രേഷ്ഠൻ

**വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
**സുപ്പീരിയർ ജനറൽ**

സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരമെന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു. സന്ന്യാസ പൗരോഹിത്യത്തിലൂടെ ഏകദേശം 7 പതിറ്റാണ്ടുകൾ സഭയേയും സമൂഹത്തേയും സ്നേഹിച്ച് ശുശ്രൂഷിച്ചിട്ടാണ് ബഹു. അഗസ്റ്റിൻ കൈലത്തച്ചൻ സ്വർഗ്ഗപ്രാപ്തനായത്. എന്റെ ഗുരു, അധികാരി, സഹപ്രവർത്തകൻ, എന്നീ നിലകളിലെല്ലാം വ്യക്തപരമായി അദ്ദേഹത്തി നോട് എനിക്ക് ഒരു ബന്ധവും അടുപ്പവുമുണ്ടായിരുന്നു.

ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചനെ ഏറ്റവും അടുത്തറിഞ്ഞത് അദ്ദേഹം പൂന ബഥനി ആശ്രമ സുപ്പീരിയറും റെക്ടറുമായി 1983-86 കാലയളവിൽ ജീവിച്ചപ്പോഴാണ്. ശാസന, ശിക്ഷണം, സ്നേഹം, കരുതൽ, കാരുണ്യം എന്നിവ ഒരു ജ്യേഷ്ഠ സഹോദരനും, പിതാവിനും തുല്യമായി കൂടെയുള്ളവർക്ക് നൽകാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. രാത്രിയിൽ നീളുന്ന കോഴിക്കൂട്ടിലെ കഠിനമായ ജോലിക്ക് കൂട്ടിരിക്കുകയും ഇടയ്ക്ക് കാപ്പി അനത്തിത്തരുകയും ചെയ്യുന്ന ഒരു റെക്ടർ അച്ചൻ. വലിയ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമ്പോഴും ബ്രദേഴ്സിനോടൊപ്പം അവരുടെ കായികാദ്ധ്വാനത്തിൽ പങ്കുചേരുന്നവൻ. ഒരു 35 വർഷത്തെ age gap ഉണ്ടെങ്കിലും സമകാലികനെപ്പോലെ ബ്രദേഴ്സിനോട് ഇടപഴകുന്ന ഗുരുനാഥൻ. ഏറ്റവും നല്ലതും ആനുകാലികമായതും ബ്രദേഴ്സിനു കൊടുത്തു വളർത്തണമെന്ന് ആഗ്രഹിച്ച ഗുരുനാഥൻ. ദൈവവിളിയുടെ സംരക്ഷണത്തിൽ അതീവ താല്പര്യത്തോട് ചെയ്ത ശുശ്രൂഷ അനേകം പേരുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യന്മാരൊക്കെ ഇന്നും സ്നേഹത്തോടും ഊഷ്മളത

www.malankaralibrary.com

യോടും അദ്ദേഹത്തെക്കുറിച്ചുള്ള കഴിഞ്ഞകാല ഓർമ്മകൾ പങ്കുവയ്ക്കുന്നത്.

ഒരു സന്ന്യാസ വൈദീകൻ എന്ന നിലയിൽ ഏകദേശം 60 വർഷം നീണ്ടുനിന്ന ജീവിതത്തിൽ വളരെ വലിയ സേവനങ്ങളാണ് അദ്ദേഹം നിർവഹിച്ചത്. അദ്ദേഹത്താൽ സ്ഥാപിച്ച ഇടവകകൾ, തിരുവല്ല അതിരൂപതയിലും, തിരുവനന്തപുരം അതിരൂപതയിലും ഉണ്ട്. മലങ്കരസഭയിലെ നല്ലൊരു മിഷനറി എന്ന നിലയിൽ, തിരുവല്ല, തിരുവനന്തപുരം, കുമ്പഴ, കലയപുരം, മാവേലിക്കര എന്നീ പ്രദേശങ്ങളിൽ താമസിച്ചുകൊണ്ട് ദീർഘകാലം ഇടവക ശുശ്രൂഷകൾ ചെയ്തു. മലങ്കരയിലെ മിക്ക പള്ളികളിലും, സുവിശേഷ പ്രസംഗകനായിട്ടും, വിവിധ സംഘടനകളിലും, മഠങ്ങളുടെയും ധ്യാനഗുരുവായിട്ടും അദ്ദേഹത്തിന്റെ ശുശ്രൂഷ ഇന്നും വളരെ സ്നേഹത്തോടെ ഓർക്കുന്നു. അദ്ദേഹത്തിന്റെ രൂപവും, ശബ്ദമാധുര്യവും ഊഷ്മളമായ പെരുമാറ്റവും ബഥനി സന്ന്യാസ വൈദീക ജീവിതത്തിന്റെ നേർക്കാഴ്ചയായി അനേകർ കരുതുന്നു.

എന്തു ശാരീരിക ബുദ്ധിമുട്ടിലും പ്രാർത്ഥനയിലും വിശുദ്ധ കുർബാനയിലും അദ്ദേഹം മുടക്കംവരുത്തിയിട്ടില്ല. ബഥനി ആശ്രമത്തിലെ വിവിധ ആശ്രമങ്ങളുടെ അദ്ധ്യക്ഷൻ, പൂനാപഠനഗൃഹത്തിന്റെ രണ്ടു പ്രാവശ്യത്തെ റെക്ടർ, ജനറൽ കൗൺസിലൻ, പ്രൊവിൻഷ്യൽ കൗൺസിലൻ എന്നീ നിലകളിലെല്ലാം ബഥനി സമൂഹത്തിന്റെ കെട്ടുപണിയിൽ അദ്ദേഹം പങ്കാളിയായി. 2014 വരെയും വളരെ ക്രിയാത്മകമായി അദ്ദേഹം ആശ്രമത്തിന്റെ ശുശ്രൂഷയിൽ പങ്കാളിയായി. 2015 ഏപ്രിൽ മാസത്തോടുകൂടി മേക്കോണം ആശ്രമ സുപ്പീര്യർ സ്ഥാനം ഒഴിയുന്നതുവരെയും നീണ്ട 35 വർഷക്കാലം ബഥനി സന്ന്യാസിസമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി അദ്ദേഹം നിരന്തരം പരിശ്രമിച്ചു.

കർത്താവിന്റെ വിശ്വസ്തതരേക്കുറിച്ചു പറഞ്ഞ വചനം അദ്ദേഹത്തിന്റെ ജീവിതത്തിൽ നിറവേറ്റി "തന്റെ ഭവനത്തിലുള്ളവർക്ക്

www.malankaralibrary.com

കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്. യജമാൻ വരുമ്പോൾ അപ്രകാരം ചെയ്യുന്ന ഭൃത്യൻ ഭാഗ്യവാൻ" (മത്താ. 24/ 45-46). എന്നാൽ നമുക്കെല്ലാ വർക്കും അറിയാവുന്നതുപോലെ പ്രായവ്യത്യാസം നോക്കാതെ വാർദ്ധക്യത്തിലെ വിശ്രമകാലത്ത് വളരെ സന്തോഷത്തോടും സംതൃപ്തിയോടുമാണ് അദ്ദേഹം കാണപ്പെട്ടത്. എപ്പൊഴൊക്കെ അദ്ദേഹത്തെ സന്ദർശിച്ചോ അപ്പോഴൊക്കെ വളരെ പ്രസന്നവദനനായി കാണപ്പെടുകയും പ്രത്യാശയോടുകൂടി സംസാരത്തിലേർപ്പെടുകയും, സമൂഹത്തിന്റെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ആധികാരികത യോടെ അന്വേഷിക്കു കയും ചെയ്യും. വാർദ്ധക്യത്തിലായിരിക്കുന്ന ഒരു ഗുരു, പ്രത്യാശയോടെ ദീർഘവീക്ഷണം നടത്തുന്ന ഒരു സമൂഹസ്നേഹി, നമുക്ക് മുമ്പിലുണ്ടെന്ന് നമുക്ക് അനുഭവപ്പെടും. കുലീനത നിറഞ്ഞ മനുഷ്യഭാവം, ഉത്തമനായ മനുഷ്യ സ്നേഹി, ശ്രേഷ്ഠവാനായ പുരോഹിതൻ, നിർമ്മലനായ സന്ന്യാസി, കരുണയും കരുതലായുള്ള ഗുരുവച്ചൻ, കാര്യപ്രാപ്തനായ ആശ്രമ ശ്രേഷ്ഠൻ, തീക്ഷ്ണതയുള്ള ഇടയൻ എന്നീ നിലകളിലെല്ലാം അദ്ദേഹം സഭയേയും, ബഥനി സമൂഹത്തേയും ശുശ്രൂഷിച്ചു. ദൈവം വിളിച്ചു കൊടുത്ത, സന്ന്യാസ പൗരോഹിത്യവിളിയുടെ ഒരു തീക്ഷണതയുള്ള ഓട്ടക്കാരനെപ്പോലെ ഓടിത്തികച്ച് കർത്താവ് കരുതിയിരിക്കുന്ന നിത്യസമ്മാനത്തിനായി അദ്ദേഹം പോയതിന്റെ 41-ാം ദിന ഓർമ്മ ആചരിക്കുമ്പോൾ, ആ ജീവിതം ചൂണ്ടികാണിക്കുന്നതിനും ജീവിച്ചു കാണിച്ചതുമായ വലിയ ജീവിതമാതൃകകൾ നമുക്ക് പ്രചോദനമേകട്ടെ.

www.malankaralibrary.com

# റവ. ഫാ. അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി.

**വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി**

**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജ്യോതി പ്രൊവിൻസ്**

സുന്ദരൻ, സുമുഖൻ, സുസ്മേരവദനൻ– ബഹു. അഗസ്റ്റിൻ കൈലാത്തച്ചനെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ തെളിയുന്ന ആദ്യ രൂപം ഇതാണ്. ഏത് ആൾക്കൂട്ടത്തിനിടയിലും അച്ചൻ ശ്രദ്ധിക്കപ്പെടാതെ പോവുകയില്ല. എവിടെയും തലയെടുപ്പോടെ നിന്ന് സത്യസന്ധതയോടെ തന്റെ അഭിപ്രായം പറയാൻ അച്ചൻ ഒരിക്കലും മടിച്ചിരുന്നില്ല. സ്വരമാധുര്യം കൊണ്ടുമാത്രമല്ല, മധുരോദാരമായ പെരുമാറ്റം കൊണ്ടും അച്ചൻ ആളുകളുടെ ഇഷ്ടപാത്രമായിരുന്നു.

സാമ്പത്തികമായി പിന്നാക്കം നല്ക്കുന്ന മിഷൻ പ്രദേശങ്ങളിലെ അനേകം പള്ളികളിലും സാമ്പത്തികമായി മുന്നാക്കം നിൽക്കുന്ന ഇടകകളിലും അച്ചൻ തന്റെ അജപാലനദൗത്യം നിർവ്വഹിച്ചു. ഭേദചിന്തകൂടാതെയുള്ള അച്ചന്റെ പെരുമാറ്റം എല്ലായിടത്തും അച്ചനെ സ്വീകാര്യനാക്കി. കൂദാശാനുഷ്ഠാനങ്ങൾ ഹൃദ്യമായും കൃത്യമായും നടത്തിയിരുന്ന ഒരു വെറും വികാരി മാത്രമായിരുന്നില്ല അഗസ്റ്റിനച്ചൻ. തന്റെ ഇടവകജനത്തിന്റെ സർവ്വതോന്മുഖമായ വളർച്ച അച്ചന്റെ സ്വപ്നമായിരുന്നു.

അഭിജാതമായ വർത്തനം അച്ചന്റെ സവിശേഷതയായിരുന്നു. എപ്പോഴും വെടിപ്പും വൃത്തിയുമുള്ള വേഷം; ആശ്രമവും പരിസരവും സദാ വൃത്തിയായിരിക്കണം എന്ന നിർബ്ബന്ധ ബുദ്ധി; കൂടെ താമസിക്കുന്നവർ സുഖസൗകര്യങ്ങളോടെ ജീവിക്കണമെന്ന വിചാരം; എല്ലാ കാര്യങ്ങളിലും അടുക്കും ചിട്ടയും ഉണ്ടാവണം എന്ന മനോഭാവം; തന്റെ അഭിപ്രായങ്ങൾ മുഖംനോട്ടം കൂടാതെ പറയുമെങ്കിലും സമൂഹത്തിന്റെ തീരുമാനം അംഗീകരിക്കാനുള്ള മനസ്സ്; പ്രതിപക്ഷ ബഹുമാനം –ഇവയൊക്കെ അഗസ്റ്റിനച്ചനെ ആളുകൾക്കു പ്രിയങ്കരനാക്കി.

www.malankaralibrary.com

ആശ്രമാദ്ധ്യക്ഷൻ, സ്ഥാപനങ്ങളുടെ ഡയറക്ടർ, ഇടവക വികാരി, ജനറൽ കൗൺസിൽ അംഗം, മേജർ സെമിനാരി റെക്ടർ... എന്നിങ്ങനെ വിവിധങ്ങളായ ശുശ്രൂഷാമണ്ഡലങ്ങളിൽ പ്രവർത്തിച്ച അച്ചൻ താനായിരുന്ന കർമ്മവേദികളിലെല്ലാം തനതായ വ്യക്തിമുദ്ര ചാർത്തി. ഞാൻ പൂന JDVയിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങളുടെ റെക്ടർ എന്ന നിലയിൽ അച്ചൻ ചെയ്ത സേവനങ്ങളെ വളരെ ആദരവോടുകൂടി ഈ അവസരത്തിൽ ഞാൻ അനുസ്മരിക്കുന്നു.

അമേരിക്കയിൽ നിന്ന് കൗൺസിലിംഗിൽ ബിരുദാനന്തര ബിരുദം നേടിയ അഗസ്റ്റിനച്ചനാണ് നമ്മുടെ സമൂഹത്തിൽ ആദ്യമായി ഔദ്യോഗികമായി കൗൺസിലിംഗ് സെന്റർ നടത്തി, അതിന്റെ ഡയറക്ടറായി സേവനം ചെയ്തെന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.

പുതുതലമുറയുടെ ആവശ്യങ്ങൾക്കുവേണ്ടി വാദിക്കുവാനും അവരെ പ്രോത്സാഹിപ്പിക്കുവാനും അച്ചൻ എപ്പോഴും തയ്യാറായിരുന്നു. "കൊള്ളാമെടോ" എന്ന ഒരു വാക്കിൽ അഗസ്റ്റിനച്ചൻ തന്റെ ഹൃദയംഗമമായ പ്രോത്സാഹനം ആളുകളെ അറിയിച്ചിരുന്നു.

മാർ ഈവാനിയോസ് പിതാവിനെ അടുത്തറിയാൻ അവസരം ലഭിച്ച അച്ചൻ, പിതാവിന്റെ വലിയ ആരാധകനായിരുന്നു. സാധ്യമാകുന്ന അവസരങ്ങളിലെല്ലാം ആ വിശുദ്ധജീവിതത്തെ ഉയർത്തികാട്ടി സംസാരിക്കാൻ അച്ചൻ ശ്രമിച്ചിരുന്നു.

തന്റെ വാർദ്ധക്യ രോഗാവസ്ഥയിലും പുഞ്ചിരിയോടെ ആളുകളോടു സംസാരിച്ചിരുന്ന അച്ചൻ നന്നായി ഒരുങ്ങി തന്റെ നിത്യസമ്മാനത്തിനായി കാത്തിരുന്നു. ശാരീരികമായി നമ്മിൽ നിന്ന് അച്ചൻ വേർപിരിഞ്ഞെങ്കിലും അച്ചൻ ജീവിച്ച കുലീനമായ ജീവിതത്തിന്റെ നല്ല സ്മരണകൾ നമ്മോടൊപ്പം എന്നും ഉണ്ടാകും.

അച്ചന്റെ ദേഹവിയോഗത്തിലുള്ള അഗാധമായ ദു:ഖം അറിയിക്കുകയും അച്ചന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കയും ചെയ്യുന്നു.

○

www.malankaralibrary.com

# ബഹുമാനപ്പെട്ട അഗസ്റ്റിൻ കൈലാത്ത് അച്ചൻ ഇനി ഓർമ്മയുടെ ഏടുകളിൽ

**വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**

**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രൊവിൻസ**

"ധന്യ പിതാവേ - പോയാലും ശാന്ത്യാ
ചേർക്കും നിന്നെ - മിശിഹാ മണവറയിൽ
സഭ ദുഃഖിപ്പൂ - മദ്ബഹാ വിലപിപ്പൂ
നിൻ പ്രാർത്ഥനകൾ - ക്കാലയമാശിപ്പൂ."
(കൊഹനൈത്താ - വൈദികരുടെ ശവസംസ്കാരം,
എട്ടാം ശുശ്രൂഷ, സൂഗീസോ)

ബഹുമാനപ്പെട്ട അഗസ്റ്റിൻ കൈലാത്ത് അച്ചൻ ദൈവസന്നിധിയിലേക്ക് വിടവാങ്ങിയിട്ട് 40 ദിനങ്ങൾ പൂർത്തിയാകുന്നു. 89 വർഷക്കാലം നമ്മോടൊപ്പം ഈ ഭൂമിയിൽ ജീവിച്ച് തന്റെ ജീവിതത്തെ ദൈവത്തിനും മനുഷ്യനുമായി സമർപ്പിച്ച് ബഥനിയുടെ സന്യാസജീവിതചര്യകളിലൂടെ കർത്താവിന്റെ നാമം മഹത്ത്വപ്പെടുത്തുവാൻ ബഹുമാനപ്പെട്ട അച്ചന് സാധിച്ചു എന്നുള്ളത് ഏറെ സന്തോഷത്തോടെ ഓർക്കാം. ബഹുമാനപ്പെട്ട അച്ചനിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി അർപ്പിക്കാം. ചിറ്റൂർ കുടുംബത്തിന്റെ ശാഖയായ ചെങ്ങന്നൂരിലെ കൈലാത്ത് കുടുംബത്തിൽ പരേതരായ മാമ്മൻ-അന്നമ്മ ദമ്പതികളുടെയും മാവേലിക്കരയിലെ തിരുവാലിൽ ചാക്കോ-റാഹേൽ ദമ്പതികളുടെ മകളായ ശ്രീമതി അന്നമ്മയുടെയും നാലുമക്കളിൽ രണ്ടാമനാണ്

www.malankaralibrary.com

ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചൻ. പരേതനായ മാത്യു മാമ്മൻ, മൗണ്ട് താബോർ ആരാധനാസമൂഹത്തിന്റെ സ്ഥാപക മദർ മേരി വെറോനിക്ക, അമേരിക്കയിൽ സ്ഥിരതാമസമായിരിക്കുന്ന ജോസഫ് കെ മാമ്മൻ എന്നിവർ സഹോദരങ്ങളാണ്.

**"അൽപ്പം കൂടി ഉറക്കെ പ്രാർത്ഥിക്കൂ എനിക്കു നന്നായി കേൾക്കണം"**

കഴിഞ്ഞ കുറേനാളുകളായി അഗസ്റ്റിനച്ചൻ പ്രായാധിക്യത്താലുള്ള ആരോഗ്യ പ്രശ്നങ്ങളാൽ ചികിത്സയിലായിരുന്നു, എങ്കിലും സ്വന്തമായി അനുദിന കാര്യങ്ങൾ ചെയ്യുവാൻ ജീവിതത്തിന്റെ അവസാനഘട്ടം വരെ അച്ചന് സാധിച്ചു എന്നുള്ളത് ദൈവാനുഗ്രഹമാണ്. മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കു മുൻപ് അദ്ദേഹം ശുചിമുറി യിൽ ചെറുതായി ഒന്നു വീഴുകയും തുടർന്നുള്ള വൈദ്യ പരിശോധനയിൽ ഇടുപ്പിനോടു ചേർന്ന് പൊട്ടൽ ഉണ്ടെന്ന് തിരിച്ചറിയുകയും ചെയ്യ്തു. ഓപ്പറേഷനെ തുടർന്ന് തിരുവനന്തപുരം ജി.ജി ഹോസ്പ്പിറ്റലിൽ സുഖം പ്രാപിച്ചു വരുന്ന വേളയിലാണ് ഹൃദായാഘാതം മൂലം അദ്ദേഹം നമ്മിൽ നിന്ന് ആകസ്മികമായി വേർപ്പിരിയുന്നത്.

ജി.ജി ആശുപത്രിയിൽ പ്രത്യേക പരിചരണ വിഭാഗത്തിൽ വിശ്രമത്തിലായിരുന്നു ബഹുമാനപ്പെട്ട അച്ചൻ. 2020 മെയ് മാസം പതിനെട്ടാം തീയതി രാത്രി എട്ടുമണിയോടടുത്ത സമയം. "അൽപ്പം കൂടി ഉറക്കെ പ്രാർത്ഥിക്കൂ എനിക്കു നന്നായി കേൾക്കണം." ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചൻ അവസാനമായി പറഞ്ഞ വാക്കുകളാണിത്. അദ്ദേഹത്തിന്റെ കിടക്കക്കരികെ, അച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് അല്പം ശബ്ദത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന സഹായിയായിരുന്ന ശ്രീ. ബാബു പ്രാർത്ഥന തുടരുന്നതിനിടെ അച്ചനിൽ വരുന്ന ഭാവഭേദങ്ങൾ കണ്ട്, വാർഡിലുള്ള ഡ്യൂട്ടി റൂമിലേക്ക് ഓടി. അച്ചന്റെ ആരോഗ്യനില അത്ര നല്ലതല്ലെന്ന് തിരിച്ചറിഞ്ഞ നേഴ്സ് ഉടൻ തന്നെ ഡ്യൂട്ടി ഡോക്ടറെ വിളിച്ചു. തുടർന്ന് ഡോക്ടർമാരും നേഴ്സുമാരും ചേർന്ന് ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചന്റെ ജീവൻ നിലനിർത്താൻ പരിശ്രമിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com

വിവരം അറിഞ്ഞ ഉടൻ തന്നെ നാലാഞ്ചിറയിലുള്ള ആശ്ര മാംഗങ്ങൾ ആശുപത്രിയിലെത്തിചേർന്നു. താൻ എന്നും മുടങ്ങാതെ ചൊല്ലിക്കൊണ്ടിരുന്ന സഭയുടെ ഔദ്യോഗിക സന്ധ്യാ പ്രാർത്ഥന, കേട്ടുകൊണ്ടുതന്നെ, സമാധാനമായി ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചൻ തന്റെ ഇഹലോക ദൗത്യം പൂർത്തിയാക്കി. രാത്രി 08.05ന് അച്ചൻ തന്റെ സൃഷ്ടാവായ സ്വർഗ്ഗസ്ഥപിതാവിന്റെ പക്കലേക്ക് മടങ്ങി.

**കടന്നു വന്ന വഴികൾ**

1931 ഫെബ്രുവരി മാസം മൂന്നാം തീയതിയാണ് ബഹുമാന പ്പെട്ട അഗസ്റ്റിനച്ചൻ ജനിക്കുന്നത്. 1951 ജൂലൈ 24-ാം തീയതി ആശ്ര മജീവിതം ആരംഭിച്ച്, 1953 മാർച്ച് മാസം 18-ാം തീയതി പ്രഥമവ്രത വാഗ്ദാനം നടത്തിയ അദ്ദേഹം, 1959 ഒക്ടോബർ 5-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ കരങ്ങളാൽ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. നീണ്ട 61 വർഷത്തെ സന്യാസപൗരോഹിത്യ ജീവിതത്തിനു ശേഷം, 2020 മെയ് മാസം 18-ാം തീയതി അദ്ദേഹം നിത്യതയിലേക്കു വിളിക്കപ്പെട്ടു.

ബഥനിയിലെ തന്റെ ജീവിതത്തിൽ, ബഥനി ആശ്രമത്തിന്റെ ജനറൽ കൗൺസിലർ നവജീവൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലർ, വിവിധ ആശ്രമങ്ങളിലെ അദ്ധ്യക്ഷൻ എന്നീ ശുശ്രൂ ഷകൾ അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. നാലാഞ്ചിറ, പരുത്തികുഴി, കുള പ്പട, കലയപുരം, കുമ്പഴ, വെട്ടിയാർ, കറ്റാനം, കോമല്ലൂർ, കുണ്ടറ എന്നീ സ്ഥലങ്ങളിലെ മലങ്കര ദേവാലയങ്ങളിൽ വികാരിയായി ബഹുമാനപ്പെട്ട അഗസ്റ്റിനച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. പൂനാ ബഥനി ആശ്രമ സുപ്പീരിയറായും ബഹുമാനപ്പെട്ട ബ്രദേഴ്സിന്റെ റെക്ടറായും അദ്ദേഹം ശുശ്രൂഷനിർവഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യൻമാരിൽ പലരും മേലദ്ധ്യക്ഷൻമാരായും മറ്റ് ഉന്നതസ്ഥന ങ്ങളിലും സഭയേയും സമൂഹത്തേയും സേവിക്കുന്നു എന്നുള്ളതും നന്ദിയോടുകൂടി ഓർക്കുന്നു. സൈക്കോളജിയിൽ ഉന്നത പഠനത്തി നായി ന്യൂയോർക്കിലെ സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിലേക്ക് അയച്ചപ്പോൾ മികവോടെ തന്റെ പഠനം പൂർത്തിയാക്കി തിരികെ

www.malankaralibrary.com

എത്തുന്നതിനും അക്കാലത്ത് കൗൺസിലിങ്ങ് മേഖലയിൽ തന്റെ സേവനം ലഭ്യമാക്കുന്നതിനും അദ്ദേഹം ആത്മാർഥമായി പരിശ്രമിച്ചിട്ടുണ്ട്. താൻ ജീവിച്ചസ്ഥലങ്ങളിലെല്ലാം ബഥനിയിലെ അംഗങ്ങളോടും പൊതുസമൂഹത്തോടും സഭയോടും മാതൃകാപരമായ ഇടപെടലുകൾ കാത്തുസൂക്ഷിച്ചിരുന്ന ബഹുമാനപ്പെട്ട അച്ചൻ നമ്മിൽ നിന്നു വേർപിരിഞ്ഞ് സ്വർഗ്ഗത്തിലേക്കു മടങ്ങുമ്പോൾ ജീവിതത്തിൽ ഓർത്തിരിക്കുവാനും ഇന്നത്തെ തലമുറയ്ക്ക് പാഠമാകുവാനും ഒരു പിടി നന്മകളുണ്ട് എന്നുള്ളത് മറക്കാതെ നമുക്കു കാത്തുസൂക്ഷിക്കാം

**ബാഹ്യകേരള മിഷനിലെ സാന്നിദ്ധ്യം**

പൂനാ ആശ്രമത്തിന്റെ അദ്ധ്യക്ഷനായി സേവനം ചെയ്യുന്ന വേളയിൽ മലങ്കര സഭയുടെ ബാഹ്യ കേരള മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് ദൈവം അദ്ദേഹത്തിന് അനുഗ്രഹം നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ ബാഹ്യ കേരള മലങ്കര രൂപതകളുടെ അടിസ്ഥാന വളർച്ചയിൽ, പ്രത്യേകിച്ച് ബോംബെ-പൂനാ മേഖലകളിലെ മലങ്കര സഭയുടെ വളർച്ചയിൽ, തന്റേതായ മിഷൻ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ബഹുമാനപ്പെട്ട അച്ചൻ നല്കിയ സമർപ്പണ ശുശ്രൂഷകളെക്കുറിച്ച്, ആ സമയത്ത്, പൂനാ മേഖലയിലെ മലങ്കര സമൂഹത്തിന്റെ ആദ്ധ്യാത്മിക കാര്യങ്ങൾക്കു നേതൃത്വം നൽകിയിരുന്ന അന്നത്തെ വികാരി ആന്റണി അച്ചൻ, (കഡ്ക്കി രൂപതാദ്ധ്യക്ഷൻ ബഹുമാനപ്പെട്ട അന്തോണിയോസ് മെത്രാപ്പോലീത്ത) മിഷൻ പ്രവർത്തനങ്ങളിൽ തന്റെ സഹപ്രവർത്തകനായിരുന്ന അഗസ്റ്റിൻ അച്ചന്റെ വിയോഗത്തെക്കുറിച്ച് അറിഞ്ഞ വേളയിൽ നന്ദിയോടെ അനുസ്മരിക്കുകയുണ്ടായി.

**ദൈവദാസനെ അടുത്തറിഞ്ഞു**

മാർ ഇവാനിയോസ് പിതാവിന്റെ നാമകരണ നടപടികളുമായി ബന്ധപ്പെട്ട് ദൈവദാസനെ അടുത്തറിഞ്ഞ വ്യക്തികളുടെ അനുഭവസാക്ഷ്യങ്ങൾ തേടുന്ന അവസരത്തിൽ ബഹുമാനപ്പെട്ട് അഗസ്റ്റിൻ അച്ചനും ആ ഭാഗ്യപ്പെട്ടവരുടെ ഗണത്തിൽ ഉണ്ടായിരുന്നു

www.malankaralibrary.com

എന്ന് ദൈവതിരുമുൻപിൽ നന്ദിയോടെ ഓർക്കാം. ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ സഹപാഠിയായിരുന്നു അഗസ്റ്റിൻ അച്ചന്റെ മാതൃ പിതാവ് ദൈവീകരൂപീകരണത്തിന്റെ ആദ്യനാളുകളിൽ ദൈവദാസന്റെ ശിഷ്യത്വത്തിൽ കഴിയാൻ ഭാഗ്യം ലഭിച്ച ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചൻ തന്റെ ഗുരുവിനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ, നിറഞ്ഞ സന്തോഷത്തോടെയാണ് പങ്കുവയ്ക്കാറുണ്ടായിരുന്നത്.

**കബറടക്ക ശുശ്രൂഷ**

മരണത്തെ തുടന്ന് 2020 മെയ് മാസം 20 തീയതി ബുധനാഴ്ച്ച രാവിലെ മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ മോറാൻ മോർ ബെസേലിയോസ് ക്ലിമീസ് കാത്തോലിക്കാബാവയുടെ മുഖ്യകാർമ്മികത്വത്തിൽ നാലാഞ്ചിറ ബഥനി ആശ്രമചാപ്പലിൽ വച്ചാണ് അദ്ദേഹത്തിന്റെ കബറടക്ക ശുശ്രൂഷകൾ നടന്നത്. അഗസ്റ്റിനച്ചന്റെ മാതൃരൂപതയായ മാവേലിക്കര രൂപതയുടെ അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലിത്തായും ശുശൂഷാചടങ്ങുകളിൽ ആദ്യന്തം സന്നിഹിതനായിരുന്നു. പാറശാല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൗസേബിയൂസ് മെത്രാപ്പോലീത്ത ഏഴാം ശുശ്രൂഷയിൽ സഹകാർമ്മികനായിരുന്നു. കൊറോണാകാലഘട്ടത്തിൽ നടത്തുന്ന കബറടക്കശുശ്രൂഷ ആയതിനാൽ സർക്കാർ നിബന്ധനകളനുസരിച്ചാണ് ശുശ്രൂഷാക്രമങ്ങൾ ചിട്ടപ്പെടുത്തിയിരു ന്നത്. ശുശ്രൂഷയിൽ 20 പേരിൽ കൂടുതൽ ഒരു സമയം പങ്കെടുക്കാൻ പാടില്ല എന്ന നിബന്ധന പൂർണ്ണമായും പാലിച്ചിരുന്നു. കേരളത്തിനുള്ളിലുള്ള എല്ലാ ആശ്രമങ്ങളിൽ നിന്നും ബഹുമാനപ്പെട്ട ബഥനി സഹോദരങ്ങളും തിരുവനന്തപുരം മേഖലയിലുള്ള രൂപതാ വൈദികരും വിവിധ സമൂഹത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും നാലാഞ്ചിറയിലുള്ള ബഥനിയുടെ അഭ്യുദയകാംക്ഷികളും സുഹൃത്തുക്കളും അന്ത്യോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. അദ്ദേഹം സേവനം ചെയ്തിരുന്ന ഇടവകകളിൽ നിന്നും ദൈവജനം, വികാരിമാരുടെ നേതൃത്വത്തിൽ അവർക്കായി

www.malankaralibrary.com

ക്രമപ്പെടുത്തിയിരുന്ന സമയമനുസരിച്ച് കടന്നു വരുകയും അന്ത്യോപചാരങ്ങളർപ്പിച്ച് ബഹുമാനപ്പെട്ട അഗസ്റ്റിനച്ചനോടുള്ള ബന്ധവും സ്നേഹവും അറിയിക്കുകയും ചെയ്തു.

**ഓർക്കാൻ ഒരുപിടി ഓർമ്മകൾ**

ഒരു നല്ല ബഥാന്യൻ, നല്ല ധ്യാന പ്രാസംഗികൻ, നല്ല ശബ്ദത്തിനുടമ, നല്ല ഗായകൻ, വിവിധ സഭാ-സാമൂഹ്യ വിഷയങ്ങളെക്കുറിച്ച് ആധികാരികമായി സംസാരിക്കാൻ സാധിക്കുന്ന നല്ല വൈജ്ഞാനികൻ, നല്ല ഇടവക വികാരി, ആടുകളുടെ ഗന്ധമുള്ള സന്യാസ പുരോഹിതൻ, സ്നേഹമയനായ റെക്ടർ, നല്ല സുഹൃത്ത് എന്നീ നിലകളിൽ സഭാ-സാമൂഹ്യ-സൗഹൃദ തലങ്ങളിൽ നല്ല ഓർമ്മകൾ ബാക്കിയാക്കിയാണ് ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചൻ വിടവാങ്ങുന്നത്. ജീവിതത്തിന്റെ അവസാന രണ്ടു വർഷക്കാലം അദ്ദേഹം താമസിച്ചിരുന്നത് തിരുവനന്തപുരത്ത് നാലാഞ്ചിറ ദയറ ആശ്രമത്തോടനുബന്ധിച്ച്, ആരോഗ്യ കാര്യങ്ങളിൽ പ്രത്യേക ശുശ്രൂഷ ആവശ്യമുള്ള ആശ്രമാംഗങ്ങൾക്കു താമസിക്കുവാനായി ക്രമീകരിച്ചിരിക്കുന്ന സ്ഥലത്തായിരുന്നു. ബഥനിയുടെ മുതിർന്ന തലമുറയിലെ ഒരു അംഗം കൂടി നമ്മിൽ നിന്നു വേർപിരിയുമ്പോൾ ഒരു ചരിത്രമാണ് കൺമുൻപിൽ നിന്നു മറഞ്ഞുപോകുന്നത് എന്ന് മറക്കാതിരിക്കാം.

“നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു. മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്” (റോമാ 14/8). നല്ല ഓട്ടം പൂർത്തിയാക്കി തന്റെ പൂർവ്വപിതാക്കന്മാരോടും മൺമറഞ്ഞ സന്യാസ ശ്രേഷ്ഠരോടുമൊപ്പം സ്വർഗ്ഗത്തിൽ ദൈവസന്നിധിയിലായിരിക്കുന്ന പ്രിയ സന്യാസ ശ്രേഷ്ഠാ സമാധാനത്തോടെ പോവുക!

*“ആചാര്യേശാ മിശിഹാകുദാശകളർപ്പിച്ചോ*
*രാചാര്യൻമാർക്കേകുക പുണ്യം നാഥാസ്തോത്രം.”*

www.malankaralibrary.com

# ഫാ. അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി. - ജീവിതയാത്ര

**ഫാ. സജീവ് തെക്കേച്ചരുവിൽ ഒ.ഐ.സി.**

സുപ്പീരിയർ ബഥനി ദയറാ, നാലാഞ്ചിറ

ബഹു. അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി അച്ചൻ അദ്ദേഹത്തിന്റെ ധന്യമായ സന്യാസ പൗരോഹിത്യജീവിതം പൂർത്തിയാക്കി നിത്യമായ സമ്മാനത്തിനുവേണ്ടി യാത്രയായിരിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ജീവിത യാത്രയിലേക്ക് ഒരെത്തിനോട്ടം നടത്തുവാൻ ആഗ്രഹിക്കുകയാണ്.

89 വർഷം ഈ ലോകത്തിൽ ജീവിച്ച ബഹു.അഗസ്റ്റിനച്ചന്റെ ജനനം 1931 ഫെബ്രുവരി 3-ന് ആയിരുന്നു. ചെങ്ങന്നൂർ കൈലാത്ത് വീട്ടിൽ പരേതരായ കെ.എം. മാമ്മന്റെയും അന്നമ്മയുടെയും മകനായി ജനിച്ച അച്ചന്റെ സഹോദരങ്ങൾ പരേതനായ മാത്യു മാമ്മൻ, ഇപ്പോൾ തട്ടത്തുമലയിൽ ആയിരിക്കുന്ന മദർ മേരി വേറോനിക്ക (മൗണ്ട് താബോർ ആരാധന സമൂഹം), ഇപ്പോൾ U.S.A.-ൽ ആയിരിക്കുന്ന ജോസഫ് കെ. മാമ്മൻ എന്നിവരാണ്. ബഹു.അഗസ്റ്റിനച്ചന്റെ ഇടവക മാവേലിക്കര രൂപതയിൽ ചെങ്ങന്നൂർ മലങ്കര കത്തോലിക്കാ ഇടവകയാണ്.

പ്രാഥമിക വിദ്യാഭ്യാസം ചെങ്ങന്നൂരിൽ നടത്തുകയും വൈദികനാകാനുള്ള ആഗ്രഹത്താൽ പട്ടം സെന്റ് അലോഷ്യസ് സെമിനാരിയിൽ ചേരുകയും പട്ടം സെന്റ് മേരീസ് സ്കൂളിൽ പഠിച്ച് ഹൈസ്കൂൾ പഠനം പൂർത്തിയാക്കുകയും ചെയ്തു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹത്തോട് സന്യാസ ജീവിതത്തിന് ആഗ്രഹം പ്രകടിപ്പിക്കുകയും 1951 ജൂലൈ 24-ന് നാലാഞ്ചിറയിലുള്ള ഈ ആശ്രമത്തിൽ വന്നു

www.malankaralibrary.com

ചേരുകയും ചെയ്തു. 1953-ൽ ആദ്യവ്രതാനുഷ്ഠാനവും 1957-ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

1953-ൽ ഫിലോസഫിയും തിയോളജിയും പഠിക്കാനായി പൂനാ ബഥനി ആശ്രമത്തിലേക്കു പോകുകയും പൂനായിലെ മേജർ സെമിനാരിയിൽ പഠിക്കുകയും ചെയ്തു. പൂനാ ബഥനി ആശ്രമ ത്തിലെ ആദ്യ ബാച്ച് ആയിരുന്നു അച്ചന്റേത്. പൂനായിൽ വച്ചു തന്നെ വൈദികപട്ടം സ്വീകരിക്കുകയും അവിടെതന്നെ പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

ബഹു.അഗസ്റ്റിനച്ചന് ചെറിയപട്ടങ്ങളും ശെമ്മാശപട്ടവും വൈദികപട്ടവും നൽകിയത് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവായിരുന്നു.

1960-ൽ നാട്ടിൽ എത്തിയ നവവൈദികന്റെ ആദ്യനിയമനം നാലാഞ്ചിറയിലുള്ള ഈ ആശ്രമത്തിലേക്കായിരുന്നു ഈ അവസരത്തിൽ നെടുമങ്ങാട് മിഷനിൽ അസി.വികാരിയായിരുന്നു. ഏതാനും മാസങ്ങൾക്കുശേഷം അഗസ്റ്റിനച്ചനെ തിരുവല്ലാ ആശ്രമ ത്തിലേക്ക് നിയമിച്ചു. അവിടെ പ്രി-നോവിസസ്സിന്റെ മാസ്റ്റർ ആയും ഹൗസ് പ്രൊക്കുറേറ്റർ ആയും വാകത്താനം ഇടവകയുടെ വികാരി യായും സേവനം ചെയ്തു. 1965-1968 വരെ നാലാഞ്ചിറയിലുള്ള ആശ്രമത്തിന്റെ സുപ്പീരിയറായും നാലാഞ്ചിറ ഇടവകയുടെ വികാരി യായും നിയമനം ലഭിച്ചു. അടുത്ത മൂന്നുവർഷം തിരുവല്ലാ ആശ്രമ ത്തിന്റെ സുപ്പീരിയർ ആയി സേവനം ചെയ്തു.

1977-74 വർഷങ്ങളിൽ പൂനാ ബഥനി ആശ്രമത്തിന്റെ സുപ്പീരി യറായും റെക്ടർ ആയും സേവനം ചെയ്തു. അടുത്ത ഒരു വർഷം കൗൺസലിംഗ് പഠനത്തിനായി വെല്ലൂരിലേക്ക് പോയി. 1975-’78 വരെ യു.എസ്.എ.യിൽ ന്യൂയോർക്ക് സെന്റ് ജോൺസ് യൂണി വേഴ്സിറ്റിയിൽ നിന്നും സൈക്കോളജിയിലും കൗൺസലിംഗിലും മാസ്റ്റേഴ്സ് ബിരുദം നേടി. 1978-ൽ നാട്ടിൽ തിരിച്ചെത്തി കോട്ടയം ബഥനി ആശ്രമം ജനറലേറ്റിൽ താമസിച്ച് വൊക്കേഷൻ പ്രോമോട്ടർ ആയും ബഥനി ജനറലേറ്റ് കോൺവെന്റ് ചാപ്ലെയിനായും സേവനം ചെയ്തു.

www.malankaralibrary.com

തുടർന്നുള്ള മൂന്നുവർഷം നാലാഞ്ചിറ ആശ്രമത്തിലേക്ക് നിയമനം ലഭിക്കുകയും സമൂഹത്തിന്റെ ജനറൽ കൗൺസലറായി ബഥനി കൗൺസലിംഗ് & റിട്രീറ്റ് സെന്റർ, ഡയറക്ടറായും പരുത്തിക്കുഴി, കുളപ്പട ഇടവകകളുടെ വികാരിയായും സേവനം ചെയ്തു. 1983–86 വരെ വീണ്ടും പൂനാ ബഥനി ആശ്രമ സുപ്പീരിയർ ആയും റെക്ടർ ആയും നിയമനം ലഭിച്ചു. 1986–'89 വരെ വീണ്ടും തിരുവല്ലാ ആശ്രമ സുപ്പീരിയർ ആയി സേവനം ചെയ്തു. 1989–'92 വരെ കലയപുരം ബഥനി ആശ്രമത്തിൽ താമസിച്ച് കലയപുരം ഇടവകയുടെ വികാരിയായി സേവനം ചെയ്തു.

2001–ൽ ചുനക്കര ബഥനി ആശ്രമം സുപ്പീര്യർ ആയും യോഗാർത്ഥികളുടെ മാസ്റ്റർ ആയും വെട്ടിയാർ ഇടവകയുടെ വികാരിയായും ശുശ്രൂഷ ചെയ്തു. 2002–ൽ കറ്റാനം ബഥനി ആശ്രമ സുപ്പീര്യർ ആയും കറ്റാനം സെന്റ് സ്റ്റീഫൻസ് ഇടവക വികാരിയായും ശുശ്രൂഷ ചെയ്തു.

തുടർന്ന് രണ്ട് വർഷം കുണ്ടറ കേന്ദ്രമാക്കിയുള്ള മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടു. 2003–2006 നെടുമങ്ങാട് ആശ്രമത്തിൽ ആയിരുന്നുകൊണ്ട് ഇടവകയിൽ ശുശ്രൂഷിച്ചു. 2009 മുതൽ 2012 വരെ ബഥനി നഗർ നാലാഞ്ചിറ ആശ്രമാംഗമായും, അവിടെതന്നെ 2012 മുതൽ 2015 വരെ ആശ്രമ സുപ്പീര്യർ ആയും സേവനം ചെയ്തു. 2015 മുതൽ 2018 വരെ അവിടെതന്നെ വിശ്രമജീവിതം നയിച്ചു.

2018 ജൂൺ 13 മുതൽ നാലാഞ്ചിറ ദയറായിലെ അംഗമായി വിശ്രമ ജീവിതം നയിക്കുകയായിരുന്നു. തുടർന്ന് ജി.ജി. ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യുകയും ഓപ്പറേഷന് വിധേയനാവുകയും ചെയ്തു. രോഗാവസ്ഥ തരണം ചെയ്ത് ഹോസ്പിറ്റലിൽ നിന്നും ഉടനെ ഡിസ്ചാർജ് ചെയ്യാമെന്ന് പറഞ്ഞിരുന്ന അവസരത്തിൽ മെയ് 18–ന് വൈകിട്ട് എട്ടുമണിയോടെ പെട്ടെന്ന് ശ്വാസതടസ്സം ഉണ്ടാവുകയും ഉടനെതന്നെ ഈ ലോകജീവിതം വെടിഞ്ഞ് ബഹു.അഗസ്റ്റിനച്ചൻ നിത്യജീവിതത്തിലേക്ക് കടന്നുപോവുകയും ചെയ്തു.

www.malankaralibrary.com

ബഹു. അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി. അച്ചന്റെ ജീവിതം കൈലാത്ത് ഭവനത്തിനും ബഥനി ആശ്രമത്തിനും മലങ്കര കത്തോലിക്കാസഭക്കും അഭിമാനകരമായ ധന്യജീവിതമായിരുന്നു.

ആശ്രമജീവിതത്തിലും സഭാശുശ്രൂഷയിലും അദ്ദേഹം പ്രവർത്തിച്ച എല്ലാ മണ്ഡലങ്ങളിലും ശോഭിക്കാൻ അദ്ദേഹത്തിന് സാധിച്ചു. സംഗീതത്തിൽ മികവ് കാട്ടിയിരുന്ന അച്ചന്റെ ആരാധന ശുശ്രൂഷകളെല്ലാം ഭക്തിപരവും ആകർഷകവുമായിരുന്നു.

വൈദിക പരിശീലന ഭവനത്തിന്റെ റെക്ടർ ആയിരുന്ന സമയങ്ങളിലും ഒരു നല്ല ഗുരുനാഥന്റെ മാതൃക നൽകി എല്ലാവരെയും കരുതുകയും സ്നേഹിക്കുകയും ചെയ്ത ബഹു. അഗസ്റ്റിനച്ചന്റെ പിതൃവാത്സല്യം എല്ലാ ശിഷ്യന്മാരും ഹൃദയത്തിൽ സൂക്ഷിക്കും.

ദൈവത്തിന്റെ ഭവനത്തിലുള്ള എല്ലാവരെയും പരിപാലിച്ച് കൃത്യസമയത്ത് വേണ്ടതെല്ലാം നൽകുവാൻ തന്റെ ജീവിതം സമർപ്പിച്ച അഗസ്റ്റിനച്ചന് നമ്മുടെ കർത്താവ് പ്രതിഫലം നൽകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

"Fr. Augustine Kailath is no more. A priest who loved the Church. Wherever he is a vicar he gathers alter boys as alter boys association. Many of them later became priests. He believed priesthood begins at alter. He took alter boys from Tiruvalla to nalanchira in 1969 for the golden jubilee of bethany. A loving fr talking care of parish in all respect."

www.malankaralibrary.com

# ബഹു. അഗസ്റ്റിൻ കൈലാത്തച്ചൻ ഉത്തമനായ ആചാര്യശ്രേഷ്ഠൻ

**ഫാ. ജോർജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.**
സുപ്പീര്യർ ബഥനി ദയറാ, തിരുവല്ല

ബഹു. അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി. അച്ചൻ മെയ് മാസം 18-ാം തീയതി തന്റെ 89-ാം വയസ്സിൽ നമ്മിൽ നിന്ന് നിത്യതയിലേക്ക് വിട പറഞ്ഞു. കോവിഡ്-19-ന്റെ ദുരിതങ്ങളിലും ആശങ്കകളിലും വ്യാപനഭീതിയിലും ജനം വലയുന്ന ഈ കാലയളവിൽ ആരെയും ബുദ്ധിമുട്ടിക്കാതെ ശാന്തമായി അച്ചൻ കടന്നുപോയി. പെരുന്നാട് ആശ്രമസ്ഥർക്കുശേഷമുള്ള അടുത്ത തലമുറയിലെ ഒരു സീനിയർ വൈദികനായിരുന്നു അദ്ദേഹം. ബഥനി സന്ന്യാസി സമൂഹത്തിനു വേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം വഹിക്കുവാൻ മറ്റൊരംഗം കൂടി ഉണ്ടാകുന്നു എന്ന ആശ്വാസം ബഹു. അച്ചന്റെ വേർപാടിന്റെ ദുഃഖം അല്പം ലഘൂകരിക്കുന്നു.

പുരാതനമായ ചെങ്ങന്നൂർ കൈലാത്ത് കുടുംബത്തിലാണച്ചന്റെ ജനനം. ക്രിസ്തീയ വിശ്വാസം അതിന്റെ നാനാർത്ഥത്തിലും ഏറ്റം വിശ്വസ്തതയോടെ ജീവിച്ചവരാണ് അച്ചന്റെ മാതാപിതാക്കൾ. ദേവാലയ ശുശ്രൂഷകളിലും വിശുദ്ധ കുർബാനയിലും ഇടവക സംഘടനാപ്രവർത്തനങ്ങളിലും ജീവിതാവസാനം വരെ തീഷ്ണമതികളും ഉദാരമതികളുമായി പങ്കുചേർന്നവരാണ് അച്ചന്റെ മാതാവും പിതാവും. തന്റെ മാതാപിതാക്കളിൽ നിന്ന് ലഭിച്ച ആഴമേറിയ വിലപ്പെട്ട ആ വിശ്വാസപൈതൃകം തന്റെ സന്ന്യാസ പൗരോഹിത്യജീവിതത്തിൽ ബഹു. അച്ചൻ പ്രോജ്ജ്വലമായി പ്രതിഫലിപ്പിച്ചു. അവരുടെ വിശ്വാസ ചൈതന്യത്തിന്റെ മിഴിവാർന്ന സാക്ഷ്യമായിരുന്നു അഗസ്റ്റിനച്ചന്റെ ജീവിതം.

www.malankaralibrary.com

ബഥനി ആശ്രമത്തിന്റെ പൂനയിലെ ദൈവിക പരിശീലന മന്ദിരം സ്ഥാപിതമായ ശേഷമുള്ള ആദ്യബാച്ചിലെ വൈദിക വിദ്യാർത്ഥികളി ലൊരാളാണ് അഗസ്റ്റിനച്ചൻ. ആദ്യകാലയളവിലെ പരിമിതികളും ഇല്ലായ്മകളും അതിന്റെ ബുദ്ധിമുട്ടുകളും സഹിച്ച് ജീവിച്ച് ഇന്ന് സമൂഹത്തിനു അഭിമാനകരമായി തല ഉയർത്തി നില്ക്കുന്ന ഒരു പഠനഗൃഹത്തിന് സ്ഥായിയായ ഒരു അടിസ്ഥാനം ഉണ്ടാക്കുവാൻ കഴിഞ്ഞവരിൽ ഒരാളാണ് അഗസ്റ്റിനച്ചൻ എന്ന വസ്തുത നമുക്ക് നന്ദിയോടെ ഇത്തരുണത്തിൽ ഓർക്കാം.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ അച്ചൻ കർമ്മനിരത നായിരുന്നിട്ടുണ്ട്. ജനറൽ കൗൺസിലറായും വിവിധ ആശ്രമങ്ങ ളുടെ സുപ്പീരിയറായും സന്ന്യാസ ദൈവിക പരിശീലകനായും വിവിധ ഇടവകകളുടെ വികാരിയായും എല്ലാം സേവനമനുഷ്ഠി ച്ചിട്ടുണ്ട്. തിരുവല്ല ബഥനി ആശ്രമത്തിൽ 9-ാം ക്ലാസ്സ് വിദ്യാർത്ഥി യായിരിക്കുമ്പോഴാണ് ഞാൻ അഗസ്റ്റിനച്ചനെ ആദ്യമായി കാണു ന്നതും അടുത്തു പരിചയപ്പെടുന്നതും. ഇന്നത്തെ നമ്മുടെ ഫിലിപ്പ് നേരി ഒ.ഐ.സി. അച്ചൻ ഉൾപ്പെടെ ഞങ്ങൾ 5 പേരാണ് അവിടെ അപ്പസ്തോലിക് സ്റ്റുഡൻസായി പഠിപ്പിച്ചിരുന്നത്. അഗസ്റ്റിനച്ച നായിരുന്നു ഞങ്ങളുടെ ചുമതല. സാധാരണ സ്കൂൾ കുട്ടികളായി രുന്ന ഞങ്ങൾക്ക് ഒരു മുതിർന്ന സന്ന്യാസവൈദികൻ നല്കിയിരുന്ന സ്നേഹശുശ്രൂഷകൾ ഞങ്ങളുടെ ബാലമനസ്സുകളെ ഹഠാദാ കർഷിച്ചു. പനി പോലെയുള്ള ചെറിയ അസുഖങ്ങൾ ഉണ്ടാകു മ്പോൾ അച്ചൻ നല്കിയിരുന്ന സ്നേഹവും കരുതലും പരിചരണ വുമെല്ലാം ഇന്നും മനസ്സിൽ നിന്നു മാഞ്ഞിട്ടില്ല. സമയാസമയ ങ്ങളിൽ മരുന്നുകളും ഭക്ഷണവുമെല്ലാം അച്ചൻ തന്നെ നേരിട്ടു വന്നു നല്കി ഞങ്ങളെ ശുശ്രൂഷിക്കുമായിരുന്നു.

പിന്നീടദ്ദേഹം സമൂഹത്തിലെ മുതിർന്ന സന്ന്യാസ ദൈവിക വിദ്യാർത്ഥികളുടെ പരിശീലന ചുമതല ഏറ്റെടുത്തപ്പോഴും ഈ കരുതൽ മനോഭാവം തുടർന്നു പോന്നിരുന്നു. ഒരു സന്ന്യാസ വൈദിക പരിശീലകൻ എന്ന നിലയിൽ വളരെ തുറന്ന മനസ്സും

www.malankaralibrary.com

കാഴ്ചപ്പാടുകളും അച്ചൻ പുലർത്തിയിരുന്നു. പറയാനുള്ള കാര്യങ്ങൾ വ്യക്തമായി പറയും. തിരുത്തലുകൾ വേണ്ടതുപോലെ നല്കും. എന്നാൽ കുട്ടികൾക്കാവശ്യമായ പ്രോത്സാഹനവും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലുള്ള പരിഗണനയും യഥേഷ്ടം നല്കിയിരുന്നു. തന്റെ ചുമതലയിലുള്ള വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ച അച്ചൻ ലക്ഷ്യം വച്ച് അതിനാവശ്യമായ കാര്യങ്ങൾ ക്രമമായി നിർവഹിച്ചുപോന്നു. അവരുടെ ആരോഗ്യ വിഷയത്തിൽ ഒരു പ്രത്യേക ശ്രദ്ധ അച്ചനുണ്ടായിരുന്നു. നല്ല ഭക്ഷണം, നല്ല വസ്ത്രം, മറ്റാവശ്യങ്ങൾ ഇവയെല്ലാം ലഭ്യമാക്കുന്നതിൽ നിഷ്ക്കർഷ കാണിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ചിലപ്പോൾ മേലധികാരികളുടെ അതൃപ്തിയ്ക്കും അപ്രീതിയ്ക്കും പാത്രീഭൂതനായിട്ടുണ്ട്.

ഒരു സന്ന്യാസ വൈദികനെന്ന നിലയിൽ തന്റെ സന്ന്യാസ നിഷ്ഠാപരമായ ജീവിതത്തിന് കുറവുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ വിഷയം തന്റെ ജീവിതത്തിലുടനീളം നിഷ്ക്കർഷയോടെ കാത്തുസൂക്ഷിച്ചിരുന്നു. യാമപ്രാർത്ഥനകൾ, ധ്യാനം, വാർഷികധ്യാനം, മനനം മറ്റ് ആദ്ധ്യാത്മിക കൃത്യങ്ങൾ ഇവയ്ക്കെല്ലാം മുടക്കം വരുത്താതെ സമയക്രമീകരണം അനുസരിച്ച് നടത്തുവാൻ താല്പര്യം പ്രദർശിപ്പിച്ചു. ആ വിഷയത്തിൽ അസാധാരണങ്ങളിലേക്കൊന്നും പോകാതെ കൃത്യമായും പൂർണ്ണമായും മാതൃകാപരമായും അവയെല്ലാം അച്ചൻ നിർവ്വഹിച്ചുപോന്നു. വിശുദ്ധ കുർബാന അർപ്പിക്കുന്നതിൽ ഒരിക്കലും മുടക്കം വരുത്തിയിരുന്നില്ല. മലങ്കര ആരാധനക്രമത്തിന്റെ പൂർണ്ണതയിൽ അച്ചൻ വി. കുർബാന ദിവസവും അർപ്പിച്ചിരുന്നു. മലങ്കരയിലെ അന്ത്യോക്യൻ ആരാധനാക്രമത്തിന്റെ ഉപാസകനാണദ്ദേഹം. പരി. ദൈവമാതാവിനോടുള്ള സവിശേഷമായ ഭക്തി അഗസ്റ്റിനച്ചന്റെ കൈമുതലായിരുന്നു. അഗസ്റ്റിനച്ചന്റെ ധ്യാനാത്മകമായ ആദ്ധ്യാത്മികതയുടെ ഒരു ബഹിർസ്ഫുരണമായിട്ടാണ് തന്റെ സഹോദരി സിസ്റ്റർ മേരി വെറോനിക്കായെ മലങ്കരയിൽ ഒരു ധ്യാനാത്മക സന്ന്യാസസമൂഹം സ്ഥാപിക്കുന്നതിന് പ്രേരിപ്പിച്ചതും അതിനു

www.malankaralibrary.com

വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹായസഹകരണങ്ങളും നൽകിയതും.

ബഹു. അച്ചന്റെ സ്വരമാധുര്യം എടുത്തുപറയേണ്ട ഒരു ഗുണ വിശേഷമാണ്. ഈ സവിശേഷത അച്ചന്റെ ആരാധനാക്രമാനു ഷ്ഠാനങ്ങളെ പ്രത്യേകിച്ച് വി. കുർബാനയെ ഏറ്റം ഇമ്പകരമാക്കി, ഭക്തി സംവർദ്ധകമാക്കി. ഇവയിലൊക്കെ അനേക വർഷങ്ങൾക്കു മുൻപ് സംബന്ധിച്ചിട്ടുള്ളവരുടെ ഹൃദയങ്ങളിൽ ഇന്നും അവ അലയടി ക്കുന്നുണ്ട്. അഗസ്റ്റിനച്ചന്റെ ശവസംസ്കാരശുശ്രൂഷകൾ നാലാഞ്ചിറയിലേക്ക് പോകുംവഴി എന്നെ ഫോണിൽ വിളിച്ച് മുൻ ഇടവകക്കാരിൽ ഒരാൾ പറഞ്ഞു: "പ്രിയ അച്ചന്റെ വശ്യമായ പുഞ്ചിരിയും ഇമ്പകരമായ വിശുദ്ധ കുർബാന ഞങ്ങളുടെ മനസ്സിൽ നിന്നു മായുക ഇല്ല എന്ന്.

അഗസ്റ്റിനച്ചൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ നേരിൽ കാണുകയും കേൾക്കുകയും ചെയ്തവരിൽ ഒരാളായിരുന്നു. ആ ഓർമ്മകൾ അദ്ദേഹത്തിനു വളരെ വിലപ്പെട്ടതാ യിരുന്നു. അവ അച്ചൻ സജീവമായി നിലനിർത്തുകയും ചെയ്തി രുന്നു. വലിയ അഭിമാനത്തോടെയാണ് ഈ വസ്തുതകൾ മറ്റു ള്ളവരുമായി പങ്കുവച്ചിരുന്നത്. വിലപ്പെട്ട ഈ അനുഭവം അയവിറ ക്കുമ്പോഴെല്ലാം അച്ചന്റെ മുഖത്തിന് ഒരു പ്രത്യേക ശോഭയുണ്ടാ കുമായിരുന്നു. അച്ചന്റെ ജീവിതത്തെയും ജീവിതശൈലിയേയും ഈ സംഭവം ഏറെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിനത് പ്രചോദന വും ധാർമ്മികശക്തിയും പ്രദാനം ചെയ്തിട്ടുണ്ട്.

മലങ്കര കത്തോലിക്കാസഭയിലെ വിവിധ ഇടവകകളിൽ വികാരിയായി അഗസ്റ്റിനച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഒരു ഇടവക വികാരി എന്ന നിലയിൽ അവിടത്തെ ജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാക്കാര്യങ്ങളിലും അച്ചൻ പ്രത്യേകം ശ്രദ്ധിച്ചി രുന്നു. മലങ്കര ആരാധനക്രമം ജനങ്ങളെ പഠിപ്പിക്കുന്നതിലും കൃത്യ മായി അവിടെ അനുഷ്ഠിക്കുന്നതിലും പ്രത്യേക താല്പര്യം എടുത്തു. അച്ചൻ കടന്നു ചെന്ന എല്ലാ സ്ഥലങ്ങളിലും അവിടത്തെ ജനഹൃദയങ്ങളിൽ ഒരു പ്രത്യേക സ്ഥാനം നേടിയെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഞാനിപ്പോൾ വികാരിയായിരിക്കുന്ന

www.malankaralibrary.com

തിരുവല്ല അതിരൂപതയിലെ അമ്പാട്ടു ഭാഗം എന്ന ഇടവകയുടെ സ്ഥാപക വികാരിയായിരുന്നു 1964-കളിൽ അഗസ്റ്റിനച്ചൻ. അവിടെയുള്ള മുതിർന്ന തലമുറയിലെ ആളുകൾക്ക് ഇന്നും അച്ചനോടുള്ള സ്നേഹ ബഹുമാനാദരവുകൾ എന്നെ അത്ഭുതപ്പെടുത്തി. അവിടെ പുതിയ പള്ളിയുടെ പണി ആരംഭിക്കുന്നതിനുമുൻപ് അച്ചനെ നാലാഞ്ചിറയിൽ വന്നു കണ്ട് അനുഗ്രഹം പ്രാപിക്കണം എന്നു തീരുമാനം എടുത്തിരിക്കുകയായിരുന്നു. അതിനിടയിലാണ് കോവിഡ്-19 പൊട്ടിപുറപ്പെട്ടതും യാത്ര തടസ്സപ്പെട്ടതും ബഹു. അച്ചന്റെ നിര്യാണവും സംഭവിച്ചതും നാലാഞ്ചിറയിലേക്കു പോകുമ്പോൾ അവർ എന്നോട് സങ്കടത്തോടും സ്നേഹവായ്പോടും പറഞ്ഞു വിട്ടു. സ്നേഹമുള്ള അച്ചന്റെ പാദങ്ങളിൽ തൊട്ടു ഞങ്ങൾക്കുവേണ്ടി ആദരാഞ്ജലികൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം എന്ന്.

അഗസ്റ്റിനച്ചൻ പൂന ആശ്രമത്തിൽ ശുശ്രൂഷകൾ നിർവ്വഹിച്ചുകൊണ്ടിരുന്ന കാലങ്ങളിൽ അവിടെ ജോലി അന്വേഷിച്ചെത്തിയിരുന്ന മലങ്കര കത്തോലിക്കർക്ക് ആശ്വാസവും തുണയും ആയിരുന്നു. അവർക്ക് ജോലി ലഭിക്കുന്നതിനും മറ്റും സഹായിച്ചു എന്നതിലുപരി അവർക്ക് മലങ്കര സുറിയാനി കത്തോലിക്കാ ആരാധനാക്രമത്തിലുള്ള വി. കുർബാനയും മറ്റു ശുശ്രൂഷകളും വിവിധ കേന്ദ്രങ്ങളിൽ നടത്തി ക്കൊടുക്കുവാൻ പ്രത്യേക താല്പര്യം കാണിച്ചിരുന്നു. അതുപോലെ അന്നത്തെ വളരെ പരിമിതമായ യാത്ര സൗകര്യങ്ങൾ ഉപയോഗിച്ചു കൊണ്ട് ഇവരുടെ ഭവനങ്ങൾ സന്ദർശിക്കുവാനും അവരെ പ്രോത്സാഹിപ്പിക്കുവാനും ധൈര്യപ്പെടുത്തുവാനും അവരുടെ പ്രയാസങ്ങളിൽ ആശ്വസിപ്പിക്കുവാനും ത്യാഗപൂർവ്വം ശ്രമിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലുള്ള മലങ്കര കത്തോലിക്കരെ ഏകോപിപ്പിക്കുവാനുള്ള എളിയ പരിശ്രമങ്ങളും നടത്തിയിട്ടുണ്ടെന്ന് വളരെ കൃത്യമായി പറയുവാൻ സാധിക്കും. ഇന്ന് പൂന ഖഡ്കി രൂപതയുടെ ആസ്ഥാനമായി മാറിയപ്പോൾ അച്ചനെപ്പോലെയുള്ളവരുടെ ആദ്യകാലങ്ങളിലെ പ്രേഷിത പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടുന്നുണ്ടോ എന്നു സംശയമുണ്ട്.

അച്ചൻ അമേരിക്കയിലെ മലങ്കര മിഷനിലും കാര്യമായ സംഭാവന നല്കിയിട്ടുണ്ട്. ഹൂസ്റ്റനിലുള്ള മലങ്കര കത്തോലിക്കാ

www.malankaralibrary.com

കൂട്ടായ്മയുടെ സ്ഥാപനത്തിലും വളർച്ചയിലും അച്ചന്റെ ശുശ്രൂഷകൾ ശ്ലാഘനീയമാണ്. അമേരിക്കയിൽ വച്ച് അദ്ദേഹം പാസ്റ്ററൽ കൗൺസിലിംഗിൽ വിദഗ്ധപഠനം നടത്തി വിജയിച്ചിട്ടുണ്ട്. ഈ വിഷയത്തിലുള്ള അച്ചന്റെ വൈദഗ്ദ്യവും പരിചയവും അദ്ദേഹത്തെ തന്റെ പ്രേഷിത പ്രവർത്തനമേഖലകളിൽ വളരെ ശക്തിപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ആകർഷണീയനാക്കിയിട്ടുണ്ട്. ധാരാളം ആളുകളുടെ ജീവിതപ്രശ്നങ്ങളിലേക്കിറങ്ങി ചെല്ലുവാനും അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശം നല്കി ശരിയായ വഴിയിൽ അവരെ എത്തിക്കുവാനും ഇതുവഴി അച്ചനു സാധിച്ചിരുന്നു. ഒരു കൗൺസിലിംഗ് സെന്റർ തുടങ്ങുവാനുള്ള അച്ചന്റെ പരിശ്രമങ്ങൾ വേണ്ടത്ര വിജയിച്ചില്ലെങ്കിലും ഇടവക പ്രവർത്തനങ്ങൾ വഴിയായി പലരിലേക്കും കടന്നു ചെല്ലുവാനും അവരെ സഹായിക്കുവാനും സാധിച്ചിട്ടുണ്ട്.

മാന്യമായ പെരുമാറ്റവും ഇടപെടലുകളും അച്ചന്റെ സന്ന്യാസ പൗരോഹിത്യ ജീവിതത്തിന്റെ മുഖമുദ്രയായിരുന്നുവെന്നു വിശേഷിപ്പിക്കാം. വൈദികാന്തസ്സിന്റെ അനുപേക്ഷണീയമായ ഗുണവിശേഷണമായി മാന്യമായ പെരുമാറ്റത്തെ അച്ചൻ മനസ്സിലാക്കിയിരുന്നു. അത് മറ്റുള്ളവരെ പഠിപ്പിച്ചിരുന്നു. അച്ചന്റെ പ്രവർത്തികളിലും പ്രതികരണങ്ങളിലും അതു പ്രതിഫലിച്ചുമിരുന്നു. ഇത് വെറുമൊരു മാനുഷിക ഗുണമെന്നതിലുപരിയായി സന്ന്യാസ വൈദിക ജീവിത വിശുദ്ധിയുടെ അടയാളമായിട്ടാണ് അച്ചൻ അതിനെ കണ്ടിരുന്നത്. അതോടൊപ്പം തന്നെ അച്ചനു പറയാനുള്ള കാര്യങ്ങൾ ആരോടാണെങ്കിലും പറയുമായിരുന്നു.

സന്ന്യാസ ജീവിതത്തിലൂടെ യേശുമിശിഹായെ അടുത്തു അനുഗമിക്കുകയും അവിടത്തെ പൗരോഹിത്യത്തിൽ വിശ്വസ്തതയോടെ പങ്കുചേരുകയും ചെയ്ത നമ്മുടെ ഈ ആചാര്യശ്രേഷ്ഠൻ അഗസ്റ്റിനച്ചനെ ദൈവം തന്റെ വിശ്വസ്തർക്കായി കരുതിയിരിക്കുന്ന ഭാഗ്യങ്ങൾക്കഹർനാക്കട്ടെ എന്നു പ്രാർത്ഥിക്കാം. ബഹു. അച്ചന്റെ സ്വർഗ്ഗീയ സാന്നിദ്ധ്യം നമുക്ക് കോട്ടയായിരിക്കട്ടെ.

○

www.malankaralibrary.com

# സന്ന്യാസജീവിതത്തിന്റെ അന്തസ്സ് കാണിച്ചു തന്ന അഗസ്റ്റിനച്ചൻ

**ഫാ. മത്തായി കടവിൽ ഒ.ഐ.സി.**

സുപ്പീരിയർ /റെക്ടർ, ബഥനിആശ്രമം, പൂനാ

അഗസ്റ്റിൻ കൈലാത്തച്ചനുമായി എനിക്കുണ്ടായിരുന്ന വ്യക്തിബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കുറിപ്പ് എഴുതുന്നത്. 1981–83 കാലഘട്ടത്തിൽ മാർ ഈവാനിയോസ് കോളേജിൽ P.D.C.ക്ക് പഠിക്കുന്ന കാലത്ത് അഗസ്റ്റിനച്ചൻ എന്റെ ആത്മീയ ഗുരുവായിരുന്നു. ആദ്യത്തെ കോൺഫറൻസിന് ചേർന്നപ്പോൾ തന്നെ വളരെ മനോഹരമായ ഒരു ഡയറി അച്ചൻ എനിക്ക് സമ്മാനിച്ചു. ഒരു പക്ഷെ ജീവിതത്തിൽ എനിക്ക് ലഭിച്ച ആദ്യത്തെ വിശേഷതയുള്ള സമ്മാനം. ആത്മീയഗുരു എന്ന നിലയിൽ അച്ചനുമായി നടത്തിയ സംഭാഷണങ്ങൾ കുറിച്ചുവച്ചിട്ടുള്ള ഡയറി ഇപ്പോഴും ഞാൻ കാത്തുസൂക്ഷിക്കുന്നു. 1984–86 കാലഘട്ടത്തിൽ പൂനായിൽ ഫിലോസഫി പഠിക്കുവാൻ ചെന്ന പ്പോൾ ഞങ്ങളുടെ റെക്ടർ അഗസ്റ്റിനച്ചനായിരുന്നു. ഇക്കാലയള വിലെ ഹൃദ്യവും മാന്യവുമായ ഇടപെടലുകളും സന്തോഷത്തോടെ ഓർമ്മിക്കുന്നു. അവസാനമായി 2016–19 കാലയളവിൽ തിരുവനന്തപുരം മേജർ സെമിനാരിയിലുണ്ടായിരുന്ന അവസാനത്തിൽ നാലാഞ്ചിറ ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന അഗസ്റ്റിനച്ചനെ ക്രമമായി സന്ദർശിക്കുന്നതിന് ലഭിച്ച അവസരം ഏറെ പ്രയോജനപ്രദമായിരുന്നു. ആശ്രമത്തിന്റെ ആദ്യകാലഘട്ടത്തെ കുറിച്ചും വല്ല്യച്ചന്മാരെ കുറിച്ചുമുള്ള എഴുതപ്പെടാത്ത കഥകൾ കേൾക്കാൻ ഈ സുഹൃദ് സംഭാഷണങ്ങൾ എന്നെ സഹായിച്ചു. തികച്ചും വ്യക്തിപരമായ ഈ അനുഭവപശ്ചാത്തലത്തിൽ നിന്നുമാണ് അച്ചനെ സംബന്ധിച്ച ഏതാനും കാര്യങ്ങൾ പങ്കുവയ്ക്കുന്നത്.

www.malankaralibrary.com

## സന്ന്യാസജീവിതത്തിന്റെ അന്തസ്സ്

Dignity of human being (മനുഷ്യജീവിതത്തിന്റെ അന്തസ്സ്) ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഏത് ജീവിതസാഹചര്യത്തിൽപ്പെട്ടവരായാലും അവരുടെ അന്തസ്സ് മാനിക്കപ്പെടേണ്ടതാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇത് മനുഷ്യജീവിതത്തിലെ വ്യത്യസ്ഥ ജീവിതാന്തസ്സുകൾക്കുള്ള അംഗീകാരമാണ്. പണത്തിന്റെ പേരിലോ, നിറത്തിന്റെ പേരിലോ, വംശത്തിന്റെ പേരിലോ, ലിംഗത്തിന്റെ പേരിലോ ഉള്ള വിവേചനങ്ങളെ ഗൗരവത്തോടെയാണ് ലോകം കാണുന്നത്. ജീവിതാന്തസ്സിനെ സംബന്ധിച്ച ഇത്തരം സംഭാഷണങ്ങൾക്കിടയിൽ സന്ന്യാസജീവിതത്തിന്റെ അന്തസ്സിന് (Dignity of religious life) എന്ത് പ്രസക്തിയാണ ഉള്ളതെന്ന ചോദ്യം ഉയർന്നേക്കാം. എന്നാൽ അഗസ്റ്റിനച്ചന്റെ സംഭാഷണങ്ങളിലും ഉപയോഗങ്ങളിലും പ്രയോഗങ്ങളിലും പ്രബോധനങ്ങളിലും സന്ന്യാസജീവിതത്തിന്റെ അന്തസ്സ് കാത്തുസൂക്ഷിച്ചിരുന്നു.

സന്ന്യാസിയുടെ സംഭാഷണത്തിലും, വസ്ത്രധാരണത്തിലും, ജീവിതചര്യകളിലും ഈ അന്തസ്സ് പരിപാലിക്കപ്പെടണമെന്ന് അച്ചൻ ആഗ്രഹിക്കുകയും നിഷ്കർഷിക്കുകയും ചെയ്തിരുന്നു. ഒരുദാഹരണം കുറിക്കട്ടെ. പൂനായിലെ പരിശീലനഘട്ടത്തിന്റെ ആരംഭത്തിലും പഠനം പൂർത്തിയാക്കി പോരുമ്പോഴും നടത്തിയിരുന്ന ഒരനുഷ്ഠാനമാണ് 'സ്നാനശുശ്രൂഷ'. പൂന്തോട്ടത്തിലെ കുളത്തിലാണ് സാധാരണ ഇത് നടത്തുന്നത്. ഇതിൽ സഹകരിക്കുവാൻ വിസമ്മതിക്കുന്നവനരെ ആഘോഷമായി കൃഷിയിടത്തിലേക്ക് കൊണ്ടുപോയി അവിടെയാണ് ഇത് നടത്തുന്നത്. അഗസ്റ്റിനച്ചന് അലർജി നിമിത്തം ഇതിൽ പങ്കുചേരാതെ വരാന്തയിൽ നിന്ന് ഞങ്ങളെ പ്രോത്സാഹിപ്പിക്കുമായിരുന്നു. ആഹ്ലാദത്തോടും സന്തോഷത്തോടും നടത്തിയിരുന്ന ഇത്തരം ആഘോഷങ്ങൾ അതിർത്തി വിടുന്നുവെന്ന് തോന്നുന്നയവസരങ്ങളിൽ കളിതമാശകൾ സന്ന്യാസജീവിതത്തിന്റെ അന്തസ്സിന് ചേരുന്നതായിരിക്കണമെന്ന് അഗസ്റ്റിനച്ചൻ നിഷ്കർഷിക്കുമായിരുന്നു.

www.malankaralibrary.com

വൈദികവിദ്യാർത്ഥികൾക്ക് മാന്യമായ ജീവിതസാഹചര്യം ഒരുക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചു. 1984-ൽ പൂനായിൽ ടി.വി. വാങ്ങിയതും (Videocon-colour TV), അതിഥി മുറിയിലും ഉല്ലാസ മുറിയിലും, ഭക്ഷണശാലയിലും ക്രമീകരിച്ച ഇരിപ്പിടങ്ങളിലൊക്കെ ഇത് പ്രകടമായിരുന്നു. ഏതെങ്കിലും പരിപാടികളുമായി ബന്ധപ്പെട്ട് അതിഥികൾ വരുമ്പോൾ അവർക്ക് നല്ല ചായ സൽക്കാരം നല്കണമെന്നാഗ്രഹിച്ചുകൊണ്ട് അഗസ്റ്റിനച്ചൻ നടത്തിയ 'high tea' എന്ന പദം ഇപ്പോഴും പ്രയോഗത്തിലുണ്ട്. അച്ചന്റെകൂടെ പിക്നിക്കിന് പോകുന്നയവസരത്തിൽ അന്തസ്സോടെ മാന്യമായ ഹോട്ടലുകളിൽ ഒരു പ്രാവശ്യമെങ്കിലും കയറി ഭക്ഷണം വാങ്ങിത്തരുന്നതിൽ അച്ചൻ ശ്രദ്ധിച്ചിരുന്നു. ഇത്തരം കാര്യങ്ങൾ സമ്പത്തിന്റെ ധാരാളിത്തത്തിൽ നിന്നുമല്ല അച്ചൻ നടത്തിയിരുന്നത്. കഠിനമായ പൊതുപണികളിലൂടെ (ആശ്രമത്തിന്റെ പെയ്ന്റിംഗ്, മുള്ളുവേലി കെട്ടുക) ഇതിനാവശ്യമായ പണം സ്വരുപിക്കുന്നതിൽ അച്ചൻ ശ്രദ്ധ പുലർത്തിയിരുന്നു.

ന്യൂയോർക്കിലെ സെന്റ് ജോൺസ് യൂണിവേഴ്സിറ്റിയിൽ നിന്നും കൗൺസലിംഗിൽ മാസ്റ്റേഴ്സ് ബിരുദം (MS) കരസ്ഥമാക്കിയിരുന്ന അഗസ്റ്റിനച്ചൻ വൈദികവിദ്യാർത്ഥികളുമായി നടത്തിയിരുന്ന കൂടികാഴ്ചകളിൽ ഒരു നല്ല ശ്രോതാവ് ആയിരുന്നുവെന്നത് ഞാൻ പ്രത്യേകം ഓർമ്മിക്കുന്നു. എപ്പോഴും വഴക്ക് പറയുന്ന, ഉപദേശിക്കുന്ന, കർക്കശമായി തെറ്റുതിരുത്തുന്ന രീതിയല്ല അച്ചൻ അവലംബിച്ചത്. മറിച്ച്, നമ്മുടെ തെറ്റുകൾ തിരിച്ചറിഞ്ഞ് സ്വയംതിരുത്തുവാൻ പ്രേരിപ്പിക്കുന്ന സൗമ്യമായ ഇടപെടലുകൾ അച്ചന്റെ പ്രത്യേകതയായിരുന്നു. അതേ സമയം സന്ന്യാസ ജീവിതാന്തസ്സിന് നിരക്കാത്ത പ്രവൃത്തികൾ തുടരുന്നവർക്കെതിരെ കർശന നിലപാടെടുക്കുകയും ചെയ്തിരുന്നു.

**ആരാധനയും പ്രബോധനവും**

നല്ല ശബ്ദവും ഭംഗിയായി പാടുവാൻ കഴിവുമുള്ള വ്യക്തിയായിരുന്നു അഗസ്റ്റിനച്ചൻ. പട്ടം കിട്ടിയ വർഷം തന്നെ പ്രിനോവിസസ്സിന്റെ റെക്ടറായി അച്ചൻ നിയമിതനായി (1960-65). അക്കാലയളവിലും പൂനാസെമിനാരിയുടെ റെക്ടറായി (1971-74; 1983-86) ശുശ്രൂഷ ചെയ്തിരുന്നപ്പോഴും ആരാധനാസംഗീതം അതിന്റെ

www.malankaralibrary.com

കൃത്യതയിൽ പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും അച്ചൻ ശ്രദ്ധിച്ചിരുന്നു. ആരാധനയുടെ പൊതുവായ ആഘോഷങ്ങൾ ചിട്ടയിൽ നടത്തുന്ന കാര്യത്തിൽ അച്ചൻ ജാഗ്രത പുലർത്തിയി രുന്നു. ആരംഭകാലങ്ങളിൽ സഭയുടെ പൊതുആരാധന വേദികളിൽ അച്ചന്റെ സജീവസാന്നിധ്യവും നേതൃത്വവും ഉണ്ടായിരുന്നുവെന്ന് പഴമക്കാരിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

2004-ൽ ബഥനി ആശ്രമത്തിലെ രണ്ടു പ്രൊവിൻസുകളി ലെയും വ്രതസ്ഥരായ ദൈവിക വിദ്യാർത്ഥികളുടെ സംഗമത്തിൽ പ്രസംഗിച്ച അലക്സാണ്ടർ ജേക്കബ് IPS അഗസ്റ്റിനച്ചന്റെ പ്രബോധ നരീതി അനുകരിക്കാൻ ബ്രദേഴ്സിനോട് ആവശ്യപ്പെടുകയുണ്ടായി. 1965-68 കാലയളവിൽ നാലാഞ്ചിറ ഇടവകയിൽ വികാരിയായി അഗസ്റ്റിനച്ചൻ ശുശ്രൂഷ ചെയ്തിരുന്നയവസരത്തിൽ അവിടുത്തെ സൺഡേസ്കൂൾ വിദ്യാർത്ഥിയായിരുന്ന അലക്സാണ്ടർ സാറിനെ കൂദാശകളെ കുറിച്ച് അഗസ്റ്റിനച്ചൻ പഠിപ്പിച്ച പാഠമാണ് അലക്സാണ്ടർ സാർ പങ്കുവച്ചത്. ഗഹനമായ ദൈവശാസ്ത്രസത്യ ങ്ങൾ ഏത് പ്രായക്കാർക്കും മനസ്സിലാക്കാവുന്ന വിധത്തിൽ ലളിത മായി വിശദീകരിക്കാനുള്ള അച്ചന്റെ കഴിവിനെ ഉദാഹരിച്ചുകൊണ്ട് സഭയിലെ നല്ല പ്രബോധകരാകാൻ അലക്സാണ്ടർ സാർ വൈദിക വിദ്യാർത്ഥികളെ ഉപദേശി ക്കുകയുണ്ടായി. ഞാൻ നാലാഞ്ചിറയിൽ പഠിക്കുന്നയവസരത്തിൽ അഗസ്റ്റിനച്ചൻ രണ്ടാം പ്രാവശ്യം നാലാ ഞ്ചിറയിൽ വികാരിയായി (1978-83) ശുശ്രൂഷ ചെയ്യുകയായിരുന്നു. അച്ചന്റെ ഞായറാഴ്ച പ്രസംഗങ്ങൾ സമയബന്ധിതമായി (7-10mit) പണ്ഡിതോചിതമായി അവതരിപ്പിക്കുന്നതിൽ അച്ചൻ ശ്രദ്ധ പുലർത്തിയിരുന്നു. അഭ്യസ്ഥ വിദ്യരായ നാലാഞ്ചിറയിടവകയിലെ പ്രൗഢസദസ്സിന് മുമ്പിൽ വചനം ആശയസമ്പുഷ്ടതയോടും കൃത്യതയോടും അച്ചൻ അവതരിപ്പിച്ചിരുന്നു.

**സഭയോട് ചേർന്ന്...**

ഞാൻ പൂനായിൽ ചെല്ലുന്നതിന് തൊട്ടുമുമ്പുള്ള വർഷങ്ങളി ലാണ് ക്രൈസ്തവ മലയാളി സമൂഹത്തിൽ റീത്തടിസ്ഥാന ത്തിലുള്ള ചേരിതിരിവുകൾ ഉണ്ടായത്. ആരംഭകാലങ്ങളിൽ കേരള കാത്തലിക് അസ്സോസ്സിയേഷൻ (KCA) എന്ന പേരിൽ എല്ലാവരും ഒരുമിച്ചാണ് പ്രവർത്തിച്ചിരുന്നത്. മാസത്തിൽ രണ്ട് ഞായറാഴ്ച

www.malankaralibrary.com

കളിൽ സീറോ മലബാർ റീത്തിലും, ഓരോ ഞായറാഴ്ചകളിൽ ലത്തീൻ, സീറോ മലങ്കര റീത്തിലുമായി അവിടെയുള്ള ലത്തീൻ പള്ളികളിൽ കുർബ്ബാന നടത്തിയിരുന്നു. 1980-കളിൽ KCA പിരിച്ചുവിട്ട് ഓരോ റീത്തിൽ പെട്ടവർ പ്രത്യേകം സംഘടിക്കുവാൻ തുടങ്ങി. പൊതുവായ സാധനങ്ങളുടെ വീതം വയ്പുകളുൾപ്പെടെ യുള്ള കോലാഹലങ്ങളും ഇതിന്റെ ഭാഗമായി നടന്നിരുന്നു. പൂനാ യിൽ താമസിച്ചിരുന്ന കേരള ക്രൈസ്തവരുടെ ആശാകേന്ദ്രമായി പ്രവർത്തിച്ചിരുന്ന ബഥനി ആശ്രമത്തിലെ റെക്ടറായിരുന്ന അഗസ്റ്റി നച്ചൻ വളരെ സംയമനത്തോടെയാണ് ഈ പ്രതിസന്ധിഘട്ടം കൈ കാര്യം ചെയ്തത്. വ്യക്തിഗത സഭകളുടെ സ്വതന്ത്രമായ വളർച്ചയെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത അഗസ്റ്റി നച്ചൻ കേരള ക്രിസ്ത്യൻ ഫെലോഷിപ്പ് (KCF) എന്ന പേരിൽ ഒരു ചെറിയ പ്രസ്ഥാനം ആരംഭിക്കുകയും വ്യക്തിഗത സഭകളായി മുന്നേറുമ്പോൾ തന്നെ കൂട്ടായ്മയിൽ വളരുന്നതിനുള്ള അവസര ങ്ങൾ ഒരുക്കുകയും ചെയ്തു.

സഭയുടെ പൊതുവായ ശുശ്രൂഷാവേദികളിൽ പിതാക്കന്മാരെ യും സഭയുടെ പൊതുസംവിധാനത്തെയും ആദരവോടെ സ്വീകരി ക്കുന്നതിലും അതിന് ഭംഗംവരാതെ ബഥനിയുടെ തനിമ നിലനിർ ത്തുന്നതിലും അച്ചൻ ശ്രദ്ധാലുവായിരുന്നു. തിരുവനന്തപുരം, ആശ്രമദയറായുടെ സുപ്പീരിയറായി (1965-68) കാലയളവിലും തിരുവല്ല ആശ്രമദയറായുടെ സുപ്പീരിയറായി (1968-71) കാലയള വിൽ ശുശ്രൂഷ ചെയ്ത അവസരങ്ങളിൽ സഭയും സമൂഹവും തമ്മിലുള്ള ബന്ധത്തെ സൂക്ഷ്മമായി പരിപാലിക്കുന്നതിന് അദ്ദേഹ ത്തിന് കഴിഞ്ഞിരുന്നു. തിരുവല്ല രൂപതയിലെ ലിജിയൻ ഓഫ് മേരി യുടെ രൂപതാ ഡയറക്ടർ സ്ഥാനമുൾപ്പെടെയുള്ള ചുമതലകളും അച്ചൻ വിശ്വസ്തതയോടെ നിർവ്വഹിച്ചു.

അച്ചന്റെ സഹോദരി ആരംഭിച്ച ദയറായെ പരിപോഷിപ്പി ക്കുന്ന കാര്യത്തിൽ അച്ചൻ നടത്തിയ ഇടപെടലും നമ്മുടെ ശ്രദ്ധയാ കർഷിക്കുന്നു. മിണ്ടാമഠത്തിലെ അനുഭവത്തിൽ നിന്നുമാണ് സഹോദരി വേറോനിക്കാ പ്രാർത്ഥനയ്ക്കും പ്രവർത്തനത്തിനും പ്രാധാന്യം കൊടുക്കുന്ന (semi contemplative) ഒരു സന്ന്യാസ പ്രസ്ഥാനത്തിന് രൂപം നൽകിയത്. ഇതിന്റെ ആരംഭം മുതൽ ഒരു ആത്മീയ നിയന്താവ് എന്ന നിലയിൽ വി. ബസ്സേലിയോസ് വി. മക്രീനായെയും വി. ഫ്രാൻസീസ് വി. ക്ലാരയെയും സ്വാധീനിച്ച

www.malankaralibrary.com

മാതൃകകൾ അനുകരിച്ച് ഈ മഠത്തെ അഗസ്റ്റിനച്ചൻ ശക്തിപ്പെടുത്തിയിരുന്നു. ഇത്തരം ഇടപെടലുകളിൽ അധികാരികളുടെ അറിവോടും അനുമതിയോടും കൂടി നിർവ്വഹിക്കുവാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു. മഠത്തിന്റെ സ്ഥാപനവും വളർച്ചയും രൂപതാധികാരികൾക്ക് വിധേയമായി നടത്തുവാൻ സിസ്റ്റേഴ്സിനെയും അച്ചൻ ഒരുക്കി.

## സമൃദ്ധിയും ലാളിത്യവും സമന്വയിപ്പിച്ച അഗസ്റ്റിനച്ചൻ

ചെങ്ങന്നൂരെ സാമാന്യം സമ്പന്നമായ കുടുംബത്തിൽ ജനിച്ച അഗസ്റ്റിനച്ചന്റെ സഹോദരങ്ങളെല്ലാം അമേരിക്കയയിലാണ് സ്ഥിരതാമസം. അമേരിക്കയിൽ ഉപരിപഠനം നിർവ്വഹിക്കുന്നതിനും സാമ്പ ത്തികനേട്ടങ്ങൾക്കും അച്ചനവസരം ലഭിച്ചിരുന്നു. ഇത്തരം 'സമ്പന്നതകൾ' ഉണ്ടായിരുന്നെങ്കിലും ആർഭാടത്തിനും ധാരാളിത്തത്തിനും അച്ചന്റെ ജീവിതത്തിൽ ഇടമില്ലായിരുന്നു. ഗുണമേന്മയുള്ള സാധനങ്ങൾ വാങ്ങിക്കുകയും ഉപയോഗിക്കുകയും ചെയ്യുമ്പോൾ തന്നെ അത് അമിതമാകാതിരിക്കുവാനുള്ള ശ്രദ്ധ അച്ചന്റെ സവിശേഷതയായിരുന്നു. മാത്രവുമല്ല, അച്ചന് ദാനമായി ലഭിച്ചതോ അച്ചൻ വാങ്ങിച്ചതോ അതുവഴി വ്യക്തിപരമായി അച്ചൻ ഉപയോഗിച്ചിരുന്ന സാധനങ്ങൾ പൊതു ആവശ്യത്തിനുവേണ്ടി കൊടുക്കുന്നതിൽ അച്ചൻ ഉദാരത പുലർത്തിയിരുന്നു.

ആശ്രമ സമൂഹത്തിലെയും പൊതുസമൂഹത്തിലെയും വിവിധ ശ്രേണികളിൽ പെട്ടവരുമായി ഇടപഴകുമ്പോൾ നീതിബോധത്തോടെ ഓരോരുത്തരെയും അംഗീകരിക്കുന്നതിലും ആദരിക്കുന്നതിലും അച്ചൻ ശ്രദ്ധ പുലർത്തിയിരുന്നു.

അന്ത്യവിശ്രമനാളുകളിൽ ഹൃദ്യമായി പുഞ്ചിരിയോടെ എന്നെ സ്വീകരിക്കുകയും സംവദിക്കുകയും ചെയ്തിരുന്ന അഗസ്റ്റിനച്ചൻ എനിക്ക് ഒരു വിസ്മയമായിരുന്നു. വിശ്രമജീവിതം നയിക്കുന്ന സഹസന്ന്യാസികളുടെ മുറികളിൽ ക്രമമായി ചെല്ലുകയും സൗഹൃദസംഭാഷണം നടത്തുകയും ചെയ്തിരുന്ന അഗസ്റ്റിനച്ചൻ ജീവിതാന്ത്യം വരെ ശുശ്രൂഷയിലായിരുന്നു. അച്ചനെ കുറിച്ചുള്ള ഓർമ്മകൾ ബഥനിയുടെ ഊർജ്ജസ്രോതസ്സിനെ സമ്പന്നമാക്കട്ടെയെന്നാശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

■

www.malankaralibrary.com

# ഇതുവരെ പറഞ്ഞിട്ടില്ലാത്ത ഫാ.അഗസ്റ്റിനച്ചന്റെ ബാല്യകാലം

**ശ്രീ. ജോസഫ് കൈലാത്ത്**

അച്ചന്റെ സഹോദരൻ

തമ്പാൻകുട്ടി, കെ.എം. ജേക്കബ് പിന്നീട് റവ.ഫാ. അഗസ്റ്റിൻ ഒ.ഐ.സി. നിറഞ്ഞ സംഭവശൃംഖലകളോടെ ആയിരുന്നു തമ്പാൻ കുട്ടിയുടെ ശൈശവകാലം കടന്നുപോയത്. എന്റെ മാതാപിതാക്കളുടെ, രണ്ടാമത്തെ മകനായി അച്ചൻ ജനിച്ചു. ആ ശൈശവം വളരെ വിഷമത നിറഞ്ഞതായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ രോഗബാധിതനാവുകയും അത്യാസന്ന നിലയിൽ തിരുവല്ലായിലുള്ള "സായിപ്പിന്റെ" ആശുപത്രിയിൽ അഡ്മിറ്റു ചെയ്യുകയും ചെയ്തു. ഒരേ സമയം ന്യുമോണിയായും ടൈഫോയ്ഡും ബാലനെ ബാധിച്ചിരുന്നു. ഒരു മാസത്തെ ചികിത്സക്കുശേഷം മരണം ഉറപ്പെന്ന് ഡോക്ടേഴ്സ് വിധി എഴുതി. ഇനിയും യാതൊന്നും ചെയ്യുവാനില്ല എന്നും മരണനാഴികക്കായി ഒരുങ്ങുക എന്നും അവർ പറഞ്ഞു. തകർന്ന ഹൃദയത്തോടെ എന്റെ കുടുംബ നിമിഷങ്ങൾ എണ്ണി നീക്കി – അത്ഭുതം എന്നു പറയട്ടെ, അതിന്റെ രണ്ടാം ദിവസം കുഞ്ഞിനു പനി വിട്ടു മാറി. നിറഞ്ഞ നന്ദിയോടെ എല്ലും തൊലിയും മാത്രം ശേഷിച്ച തമ്പാൻകുട്ടിയെന്ന ബാലനെ എന്റെ അമ്മയും അപ്പനും കൂടി ചെങ്ങന്നൂർ വീട്ടിലേക്കു കൊണ്ടുവന്നു. രണ്ടാം മഹായുദ്ധത്തിന്റെ കൊളുമാറി. മരിച്ചുപോയ പിതൃസഹോദരന്റെയും എന്റെയും കൂടി 10 പേരടങ്ങുന്ന കൂട്ടുകുടുംബം. അതിനിടയിൽ ബലഹീനനായ ഈ ബാലൻ. എന്റെ പിതാവ് എന്തു ചെയ്യും? ചുരുക്കത്തിൽ ഈ ബലഹീനനായ ബാലൻ ഒന്നിനും പരാജയപ്പെടുത്താൻ പറ്റാത്ത പോരാളിയെപ്പോലെ ജീവിതം നീക്കിക്കൊണ്ടിരുന്നു. ആ ധീരതയും ഗുണവിശേഷവും അഗസ്റ്റിനച്ചന്റെ ജീവിതാവസാനംവരെ, പല കാര്യങ്ങളിലും ഉടനീളം കാണാമായിരുന്നു.

www.malankaralibrary.com

ആദ്യകാലങ്ങളിൽ രോഗം മാറിയ ശേഷം "ബലഹീനൻ" എന്നു മുദ്രകുത്തി ജേഷ്ഠസഹോദരർ, തമ്പാൻകുട്ടിയെ കൂട്ടത്തിൽ നിന്നും ഒറ്റപ്പെടുത്തിയിരുന്നു. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ തമ്പാൻകുട്ടിയെ അവർ തഴയുമായിരുന്നു. ആ തഴച്ചിൽ ആ കൊച്ചു ഹൃദയത്തെ വല്ലാതെ പീഡിപ്പിച്ചിരുന്നു. എന്നു മാത്രമല്ല, ആ ഒറ്റപ്പെടുത്തൽ ജീവിതം മുഴുവൻ അദ്ദേഹത്തെ നൊമ്പര പ്പിച്ചുകൊണ്ടിരുന്നു. ഇളയ അനുജനായ (19 years difference) എന്നോട് അടുത്തിടയ്ക്ക് അതിനെക്കുറിച്ച് ഒരിക്കൽകൂടെ വിങ്ങലോടെ പറയുകയും ഉണ്ടായി ആ ഏകാകിത്വം. അച്ചനിലെ ചിത്രകാരനെയും ഗായകനെയും വിളിച്ചുണർത്തി, അദ്ദേഹം വരച്ചിട്ടുള്ള മനോഹര ചിത്രങ്ങൾ ഇപ്പോഴും എടുത്തു പറയത്തക്കവിധം കലാവല്ലഭം ഉള്ളതായി നിലകൊള്ളുന്നു. മധുരിമ ഏറിയ അദ്ദേഹത്തിന്റെ ഗാനം, പ്രാർത്ഥനകൾ, വി.കുർബാന, ഒരിക്കൽ കേട്ടാൽ വീണ്ടും കേൾക്കണം എന്ന് മനുഷ്യർ ആഗ്രഹിച്ചിരുന്നു. മലങ്കര സഭയുടെയും ഓർത്തഡോക്സ് സഭയുടെയും തന്നെയും ഹോളി ലിറ്റർജി ഇമ്പത്തിൽ കൊണ്ടു വരുവാൻ തുടക്കമിട്ടത് ഫാ.പൊസേന്തിയച്ചൻ ഡയറക്ട് ചെയ്യപ്പെട്ട അഗസ്റ്റിനച്ചനാൽ ആലപിക്കപ്പെട്ട ആദ്യത്തെ കുർബാന ആൽബമാണ് എന്നു പറയുന്നതിൽ സന്തോഷമുണ്ട്.

**സന്യാസവും വൈദികജീവിതവും**

ഞങ്ങളുടെ കുടുംബം ചിറ്റൂർ കുടുംബത്തിന്റെ, ശാഖയായ കൈലാത്ത് കുടുംബമാണ്. അതിനാൽ ഞങ്ങളുടെ ഒരു പിതാവ് (Kailath Altharamootil, Mammen Sir) അന്നത്തെ (Yakobaya Orthodox) സഭയിൽ നിന്നും കത്തോലിക്കാസഭയിലേക്ക് ചേരുവാൻ തീരുമാനിച്ചു. അന്ന് ചെങ്ങന്നൂരിൽ തന്നെ അല്ല മദ്ധ്യതിരുവിതാംകൂറിൽ പോലും, കത്തോലിക്കർ എന്നു പറയുന്നത് വളരെ നിഷിദ്ധമായിരുന്നു. അറിവില്ലായ്മയിൽ മീൻകാരനെന്നും, കർത്താവിനെ കൊന്ന റോമാക്കാരെന്നും കത്തോലിക്കരെ വിളിച്ചിരുന്ന കാലം. മാമ്മൻസാർ (വലിയമാമ്മൻ സാർ) കത്തോലിക്കാസഭയിൽ പോകുന്നു എന്ന വാർത്ത പരക്കെ പരന്നു. ഓർത്തഡോക്സ് -യാക്കോബായ സമുദായത്തിന്റെ പരമാദ്ധ്യക്ഷന്മാർ അദ്ദേഹത്തിന്റെ വീട്ടിലെത്തി ഈ മാറ്റം തടയാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹത്തിന്റെ തീരുമാനം

www.malankaralibrary.com

അല്പം പോലും മാറാത്തതായിരുന്നു. അങ്ങനെ കത്തോലിക്കാ സഭയിലേക്ക് വലിയ മാമ്മൻസാർ ചേർന്നു (ചെങ്ങ ന്നൂരെ ലാറ്റിൻ ചർച്ചിലേക്ക്) ചെങ്ങന്നൂർ, പൊതുവേയും ചിറ്റൂർ കുടുംബം പ്രത്യേകിച്ചും അദ്ദേഹത്തെ പുറം തള്ളി. അധിക്ഷേപിച്ചു മുടക്കുവച്ചു. എങ്ങും പ്രവേശനം ഇല്ലാതായി. ഇതുകണ്ട് മനം തകർന്ന് എന്റെ പിതാവ് (കൊച്ചുമാമ്മൻസാർ) ഉറ്റ സുഹൃത്തും ജ്യേഷ്ഠസഹോദരനുമായ വലിയമാമ്മൻസാറിനെ തിരിയ്ക്കുക എന്നു തന്നെ നിശ്ചയിച്ചു. മാർഗ്ഗം, കാര്യകാരണപരമായ സംസാരവും വിശദീകരണവും എന്നാൽ എന്റെ പിതാവിന് അതിനുള്ള അറിവ് രണ്ടു സഭകളെക്കുറിച്ചും ഇല്ല. വായിക്കുവാൻ തന്നെ തീരുമാനിച്ചു. രാവും പകലും വായനയിൽ മുഴുകി മാസങ്ങളും വർഷങ്ങളും കടന്നുപോയി. ഏകദേശം 300 പുസ്തകങ്ങൾ വായിച്ചെന്നാണറിവ്. ഒടുവിൽ വല്യമാമ്മൻസാറിനെ ഓർത്തഡോക്സിൽ കൊണ്ടുവരാൻ ശ്രമിച്ച കൊച്ചു മാമ്മൻസാറ് പടം മടക്കി കത്തോലിക്കനായി.

ഈ അവസരത്തിൽ തമ്പാൻകുട്ടി ലാറ്റിൽ ചർച്ചിൽ പതിവായി പോവുകയും കുർബാനക്കു കൂടാൻ പഠിക്കുകയും ചെയ്തു. "കോല്ലൻ ദശനെ-ശമ്പഹശേല' തുടങ്ങിയ ലത്തീൻ പള്ളിയിലെ പാട്ടുകൾ തമ്പാൻ കുട്ടിയെ വളരെയേറെ ആകർഷിച്ചു. ഞങ്ങളുടെ പിതാവ് അപ്പോഴും സഭ മാറിയിരുന്നില്ല. എങ്കിലും തമ്പാൻകുട്ടിയെ കത്തോലിക്കാ പള്ളിയിൽ ചേർക്കുന്നതിൽ നിന്നും തടഞ്ഞില്ല.

**മലങ്കരപള്ളി ചെങ്ങന്നൂരിൽ**

ഇതിനിടയിൽ മലങ്കര പള്ളി ചെങ്ങന്നൂരിൽ വന്ദ്യ മാർ ഈവാനിയോസ് തിരുമേനി സ്ഥാപിക്കുകയുണ്ടായി. ഒരു ചെറിയ ചാപ്പൽ, നടത്തുന്നത് കപ്പുച്ചിൻ പട്ടക്കാരും, ഞങ്ങളുടെ പിതാവും കുടുംബവും നിരന്തരമായ എന്റെ പിതാവിന്റെ പരിശ്രമത്തെ തുടർന്ന് ഞങ്ങളുടെ മാവേലിക്കരയുള്ള അമ്മച്ചിയുടെ, പിതാവ് ചാക്കോ മാപ്പിളയും കുടുംബവും, വിവാഹിതനായ രണ്ട് സഹോദരികളും കുടുബവും ഒരുമിച്ച് ചെങ്ങന്നൂരിൽ വരികയും, മാർ ഈവാനിയോസ് തിരുമേനിയാൽ മലങ്കര സഭയിലേക്ക് ചേർക്കപ്പെടുകയും ചെയ്തു. വന്ദ്യ തിരുമേനിയുടെ സഹപാഠി ആയിരുന്ന എന്റെ വല്യപ്പച്ചൻ, ചാക്കോ മാപ്പിളയുടെ ഈ നീക്കം വന്ദ്യപിതാ

www.malankaralibrary.com

വിനെ ഏറെ സന്തുഷ്ടനാക്കി. അന്നുതന്നെ കെ.എം.ജേക്കബ് (തമ്പാൻകുട്ടി) നെ തിരുമേനിയുടെ കാറിൽ കൂട്ടിക്കൊണ്ട് അരമനയിലേക്ക് പോവുകയാണ് ചെയ്തത്. പള്ളിയിൽ വച്ച് കുടുംബത്തോട് വിടപറഞ്ഞ തമ്പാൻകുട്ടി നേരത്തെ തന്നെ വൈദികനാകുവാനുള്ള ആഗ്രഹം പറഞ്ഞിരുന്നു. അങ്ങനെ ബ്രദർ ജേക്കബ് വൈദികപഠനം ആരംഭിച്ചു. തിരുവനന്തപുരം മൈനർ സെമിനാരിയിൽ വർഷം രണ്ടു പിന്നിട്ടുള്ളതിനിടയിൽ നാലാഞ്ചിറ ആശ്രമത്തിൽ നിന്നും പഠിപ്പിക്കുവാനും കുമ്പസാരിപ്പിക്കുവാനും വന്ന വൈദികരുമായി സംസാരിക്കുവാനും സന്യാസത്തെക്കുറിച്ചു മനസിലാക്കുവാനും ബ്രദർ ജേക്കബിന് ഇടയായി. ഒടുവിൽ അത്തരം ഒരു ജീവിതത്തിലേക്കാണ് തന്റെ വിളി എന്ന് മനസ്സിലാക്കുകയും ആശ്രമവൈദികരെ വിവരം ധരിപ്പിക്കുകയും ചെയ്തു. വന്ദ്യപിതാവിന്റെ അനുവാദത്തിനായി ഭയത്തോടെ ആണെങ്കിലും ബ്രദർ ജേക്കബ് പിതാവിനെ സമീപിച്ചു. പിതാവ് സമ്മതിച്ചില്ല എന്നു മാത്രമല്ല, നിന്നെ എനിക്ക് ആവശ്യമുണ്ട് എന്നു പറഞ്ഞു വിടുകയും ചെയ്തു. വളരെ ദാരിദ്ര്യത്തിലും ഞെരുക്കത്തിലും തുടരുന്ന സന്യാസജീവിതം എന്തിനാഗ്രഹിക്കുന്നു എന്നുവരെ പറഞ്ഞ് ബ്രദർ ജേക്കബിനെ പലരും നിരുത്സാഹപ്പെടുത്തി. എന്നാൽ ബ്രദർ ജേക്കബിന്റെ നിരന്തരമായ ശ്രമം ബഥനി വൈദികർ ഗൗരവമായി തന്നെ എടുത്തു.

അവിടെനിന്നും വന്ദ്യപിതാവിന് സമ്മർദ്ദം കൊടുത്തുകൊണ്ടും ഇരുന്നു. കാൻഡി മേജർ സെമിനാരിയിലേക്കു പോകുവാൻ രണ്ടുപേരിൽ ഒരാളായി ദുഃഖത്തോടെ ബ്രദർ ജേക്കബ് തയ്യാറാകുമ്പോൾ, അതിനു തലേദിവസം അരമനയിലെ കുമ്പസാരപിതാവായിരുന്ന അപ്രേം അച്ചൻ, വന്ദ്യപിതാവിനോടു കേണപേക്ഷിച്ചുകൊണ്ട് ബ്രദർ ജേക്കബിന് വിടുതൽ മേടിച്ചു. മേജർ സെമിനാരിയിലേക്കു പകരും, നാലാഞ്ചിറ ബഥനി ആശ്രമത്തിലെ നോവിഷ്യേറ്റിലേക്ക് ബ്രദർ ജേക്കബ് വീട്ടിൽ പോലും അറിയാതെ കയറുകയാണ് ചെയ്തത്.

ധന്യമായ ആ സന്യാസജീവിതം വളരെ ഗൗരവമായി തന്നെ, ജീവിതത്തിന്റെ അവസാനം വരെ അച്ചൻ കാത്തു സൂക്ഷിച്ചു. പല സംഭവങ്ങൾ അതിനു സാക്ഷിയായി എനിയ്ക്ക് സാക്ഷിയ്ക്കാം.

www.malankaralibrary.com

ഇന്ന് സാധാരണക്കാർ പറയുന്ന പലതും, എന്റെ വിളി എന്നെ അനുവദിക്കുന്നില്ല എന്ന് ധൈര്യമായി പറഞ്ഞ് ഒഴിഞ്ഞു മാറുന്നത്, പലപ്പോഴും എന്നെ അതിശയിപ്പിച്ചിട്ടുണ്ട്. ആ കർക്കശമായ ജീവിതം, ഞങ്ങളുടെ കുടുംബത്തിൽ നിന്ന് കഴിവുറ്റ ഭക്തരായ പല സന്യാസവൈദികരെയും സന്യാസിനി സഹോദരികളെയും സൃഷ്ടിക്കുവാൻ ദൈവം ഇടയാക്കി.

ധന്യമായ അദ്ദേഹത്തിന്റെ ജീവിതം എന്നും ഞങ്ങളുടെ വീടുകൾക്കും തലമുറകൾക്കും മലങ്കര സഭക്കും ബഥനി സമൂഹത്തിനും നശിക്കാത്തതും തീരാത്തതുമായ മധ്യസ്ഥത ആയിരിക്കും.

എന്റെയും എന്റെ കുടുംബത്തിന്റെയും ഹൃദയം നിറഞ്ഞ ആദരാഞ്ജലികൾ ആ പുണ്യപിതാവിന് അർപ്പിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ!

ബഹുമാന്യനായ അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി. അച്ചൻ വികാരിയായിരുന്ന കാലത്താണ് നാലാംചിറ പള്ളിയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സ്ഥാപിതമായത്. 1965 ഒക്ടോബർ മാസം 3-ന് സൊസൈറ്റിയുടെ ഔപചാരികമായ ഉദ്ഘാടനം ബഹു. അച്ചൻ തന്നെ നിർവ്വഹിച്ചു. സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയും പ്രോത്സാഹനവും നൽകിയിരുന്നു. 2015-ൽ നടത്തിയ കനകജൂബിലിയാഘോഷങ്ങളിൽ അച്ചൻ പങ്കെടുത്ത് ആശംസകൾ നൽകുകയും ചെയ്തു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

- വിൻസെൻഷ്യൻ സഹോദരങ്ങൾ

■

www.malankaralibrary.com

# കാലത്തിന്റെ ചുവരെഴുത്തുകളെ വിവേചിച്ചറിഞ്ഞ ആചാര്യശ്രേഷ്ഠൻ

**ഫാ. ഗീവർഗീസ് ഷാജൻ കുറ്റിയിൽ ഒ.ഐ.സി.**

ഡയറക്ടർ BVP, പൂനാ

“ആദ്യചൈതന്യമെന്നാൽ, ബാഹ്യപരിവേഷങ്ങൾക്കും, ജീവിത ക്രമങ്ങൾക്കും പ്രാമാണ്യം നല്കികൊണ്ടുള്ള ഒരു പ്രത്യ ക്ഷീകരണമോ പ്രകടനമോ അല്ല ഞാനുദ്ദേശിക്കുന്നത്. കാലത്തിന്റെ ചുവരെഴുത്ത് മനസ്സിലാക്കിക്കൊണ്ട്, അവയിലൊക്കെ ആവശ്യമായ വ്യതിയാനം നാം സ്വീകരിക്കണം” (ബഥനിശബ്ദം, Great Jubilee, Jan. 2000 PP. 10-18). ക്രിസ്തുജയന്തി മഹാജൂബിലി ആഘോഷ വേളയിൽ “ബഥനി ഇന്നലെ, ഇന്ന്, നാളെ” എന്ന തലക്കെട്ടിൽ ബഹു. അഗസ്റ്റിൻ കൈലാത്ത് അച്ചൻ കുറിച്ചിട്ട വാക്കുകളാണ് മേലുദ്ധരിച്ചവ.

**വെല്ലുവിളികളെ ഏറ്റെടുക്കുവാൻ.............**

ബഹു. അഗസ്റ്റിൻ കൈലാത്ത് അച്ചനെ എനിക്ക് അടുത്തറിയുവാൻ അവസരം ലഭിക്കുന്നത് ഞാൻ പ്രൊവിൻഷ്യൽ കൗൺസിലറായും, പ്രൊവിൻഷ്യൽ സുപ്പീരിയറായും തിരുവനന്തപുരത്ത് ശുശ്രൂഷ ചെയ്യുന്ന (2012-2018) അവസരത്തിലാണ്. ഈ കാലയളവിൽ ബഹു.അഗസ്റ്റിൻ അച്ചൻ ബഥനി നഗർ ആശ്രമദയറായുടെ അദ്ധ്യക്ഷനായും തുടർന്ന് അവിടെതന്നെ വിശ്രമജീവിതം നയിക്കുകയും ചെയ്യുന്ന കാലഘട്ടമാണ്. 2012-ൽ ബഹു.ജോസ് കുരുവിള അച്ചന്റെ നേതൃത്വത്തിൽ ബഥനി നവജീവൻ പ്രൊവിൻഷ്യൽ കൗൺസിൽ നിലവിൽ വന്നപ്പോൾ നാലാഞ്ചിറ മേക്കോണം ആശ്രമദയറായുടെ അദ്ധ്യക്ഷ പദവിയിൽ ബഹു.അഗസ്റ്റിൻ അച്ചനെ നിയമിക്കുവാൻ തീരുമാനമെടുത്ത്, കൗൺസിൽ അംഗങ്ങൾ ബഹു.

www.malankaralibrary.com

അച്ചനെ സമീപിക്കുമ്പോൾ, തന്റെ അനാരോഗ്യവും, പ്രായവും ഒരു വെല്ലിവിളിയാണെന്ന് പറയുകയും, എന്നാൽ അതേ സമയം തന്നെ ബഥനിക്കുവേണ്ടി ഈ വെല്ലുവിളി തന്റെ 82-ാം വയസ്സിലും ഏറ്റെടുക്കുവാൻ ധൈര്യം കാട്ടുകയും ചെയ്ത വ്യക്തിത്വമാണ് പ്രിയപ്പെട്ട അഗസ്റ്റിൻ അച്ചന്റേത്. ഞാൻ ഇത് പറഞ്ഞത് തന്റെ 89-ാമത്തെ വയസ്സുവരെയും ബഥനി സന്യാസസമൂഹത്തിൽ ശ്രദ്ധേയമായ ശുശ്രൂഷകൾ ഏറ്റെടുക്കുകയും, ദൈവം തനിക്ക് നല്കിയ ആയുസ്സിന്റെ നാൾവരെയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തി ബഥനിയെയും, സഭയെയും പ്രത്യേകിച്ച് ബഥനി നവജീവൻ പ്രോവിൻസിനെയും ശക്തിപ്പെടുത്തിയാണ് ബഹു.അഗസ്റ്റിൻ അച്ചൻ തന്റെ നിത്യസമ്മാനത്തിനായി കടന്നുപോയിരിക്കുന്നത്.

**ബഥനിയിൽ എന്നും ശ്രദ്ധേയൻ............**

ബഹു. അഗസ്റ്റിൻ കൈലാത്ത് അച്ചൻ ബഥനിയിലും, സഭയിലും എന്നും ശ്രദ്ധേയനായിരുന്നു. 1952-'53 കാലയളവിൽ ബഹു. അഗസ്റ്റിൻ അച്ചന്റെ വാക്കുകളിൽ "ബഥനിയുടെ രണ്ടാംഘട്ടം" ആരംഭിക്കുന്ന വേളയിലാണ് അച്ചൻ ബഥനിയിലേക്ക് പ്രവേശിക്കുന്നത്. ബഥനിയെ "ദൈവപരിപാലനയുടെ അദൃശ്യകരങ്ങൾ താങ്ങി നിറുത്തുകയും ബഥനിക്ക് അത്ഭുതകരമായ പുത്തനുണർവ്വും, ഉന്മേഷവും പ്രദാനം ചെയ്യുകയും" ചെയ്ത കാലഘട്ടമായിട്ടാണ് അച്ചൻ ഇതിനെ വിശേഷിപ്പിക്കുന്നത്. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവാ ഉൾപ്പെടെ 9 വൈദിക വിദ്യാർത്ഥികൾ നാട്ടിൽ നിന്നും ബഹു. ഗബ്രിയേൽ തൈക്കടവിൽ ഒ.ഐ.സി അച്ചന്റെ നേതൃത്വത്തിൽ വൈദികപരിശീലനത്തിനായി പൂനായിലേക്ക് യാത്ര തിരിച്ചവരുടെ കൂട്ടത്തിൽ ബഹു. അഗസ്റ്റിൻ അച്ചനും ഉൾപ്പെട്ടിരുന്നു. "ഈശോ സഭാ വൈദികരുടെയും, മറ്റനേകം സമൂഹാംഗങ്ങളുടെയും, കൂടെയുള്ള സഹവാസവും പഠനവും അവാച്യമായ ഒരനുഭവമായിട്ടാണ്" അച്ചൻ എന്നും അഭിമാനത്തോടെ പങ്കുവച്ചിട്ടുള്ളത്. അതേസമയം തന്നെ പൂനാ ക്യാമ്പസിൽ

www.malankaralibrary.com

ബഥനിയുടെ "ഭാരതീയ തനിമയും മഹത്വവും തെളിച്ചുകാട്ടുവാനുള്ള" ഒരവസരവുമായിരുന്നു ഇതെന്ന് അച്ചൻ ഓർമ്മപ്പെടുത്തുന്നു. തന്റെ പൗരോഹിത്യസ്വീകരണശേഷം, ബഥനി അച്ചനെ ഏല്പിച്ച നിയോഗങ്ങളിലെല്ലാം ആത്മാർത്ഥതയോടെയും ഏറ്റം വിശ്വസ്തതയോടെയും അച്ചൻ ശുശ്രൂഷകൾ നിർവ്വഹിച്ചു. അവിഭക്തയായ ബഥനിയുടെ രണ്ട് ദയറാകളുടെയും (തിരുവനന്തപുരം-തിരുവല്ല) അദ്ധ്യക്ഷനായും പൂനാ ബഥനി ആശ്രമത്തിൽ അദ്ധ്യക്ഷനും റെക്ടറുമായും കൂടാതെ മറ്റനേകം സൂർ ദയറാകളുടെ അദ്ധ്യക്ഷനായും മലങ്കരസഭയിലെതന്നെ വലിയ ഇടവകകളായ നാലാഞ്ചിറ, കുമ്പഴ, കറ്റാനം തുടങ്ങിയ അനേകം ഇടവകകളുടെ വികാരിയായും, ബഥനി സന്യാസസമൂഹത്തിന്റെ ജനറൽ കൗൺസിൽ അംഗമായും, ബഥനി നവജീവൻ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിൽ അംഗമായും അച്ചൻ ശ്രദ്ധേയമായ ശുശ്രൂഷകൾ നിർവ്വഹിച്ചു.

**വ്യക്തമായ കാഴ്ചപ്പാടുകൾ.............**

ബഹു. അഗസ്റ്റിൻ അച്ചനോടൊപ്പമുള്ള ധാരാളം സ്വകാര്യ സംഭാഷണങ്ങളിലൂടെ കടന്നുപോയപ്പോൾ ബഥനിയെപ്പറ്റിയുള്ള അച്ചന്റെ കാഴ്ചപ്പാടുകളുടെ വ്യക്തതയും, അവയൊക്കെ പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനാവശ്യമായ ദൃഢനിശ്ചയവും പ്രകടമായിരുന്നു. ബഥനിയുടെ സന്യാസഭാവത്തിന് മങ്ങലേല്ക്കുവാൻ സാധ്യതയുള്ള മേഖലകളെ അദ്ദേഹം തിരിച്ചറിഞ്ഞ് സഭയുടെയും, സന്യാസസമൂഹത്തിന്റെയും അധികാരികളോട് വളരെ ആർജ്ജവത്തോടെ പങ്കുവയ്ക്കുന്നതിന് അച്ചന് യാതൊരു മടിയും ഉണ്ടായിരുന്നില്ല. പുനരൈക്യപ്പെട്ട ബഥനിയുടെ തനിമ നഷ്ടപ്പെടുന്നതിനെപ്പറ്റി വിലപിച്ച ബഥനിയിലെ വന്ദ്യപിതാക്കന്മാരായ ബഹു. എബ്രഹാമച്ചൻ, ജോഷാച്ചൻ, റഫായേലച്ചൻ, പക്കോമിയോസച്ചൻ തുടങ്ങിയവരുടെ പരിശ്രമങ്ങളെ അച്ചൻ ഏറെ ശ്ലാഘിക്കുകയും, സഭാപിതാക്കന്മാരുടെ മുൻപിൽ അവർ നടത്തിയ പ്രതിഷേധങ്ങളെ

www.malankaralibrary.com

ന്യായീകരിക്കുകയും ചെയ്തുകൊണ്ട് അഗസ്റ്റിൻ അച്ചൻ സംസാരിക്കുന്നത് കേൾക്കുവാൻ ഇടയായിട്ടുണ്ട്. നൂതനമായ ആശയങ്ങളോടും, ശൈലികളോടും അഗസ്റ്റിൻ അച്ചൻ ഒരിക്കലും ഒരു പിൻതിരിപ്പൻ സമീപനമായിരുന്നില്ല സ്വീകരിച്ചു പോന്നത്. മറിച്ച് സന്യാസത്തിന്റെ കാമ്പിന് കോട്ടം തട്ടാത്ത വിധത്തിൽ അവയോടൊക്കെ അനുരൂപപ്പെടുന്നതിന് അച്ചൻ ഏറെ ശ്രദ്ധാലുവായിരുന്നു. ഇപ്രകാരം യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെട്ടു കൊണ്ട് കപടതയുടെ മുഖാവരണില്ലാതെ സംസാരിക്കുന്നതിനും പ്രവൃത്തിക്കുന്നതിനും അച്ചൻ കാട്ടിയ ധീഷണതാവൈഭവം അച്ചനെ മറ്റുള്ളവർക്കും കൂടുതൽ സ്വീകാര്യനാക്കി. പൂനാ ബഥനി ആശ്രമത്തിന്റെ അദ്ധ്യക്ഷ നായിരിക്കുമ്പോൾ അച്ചൻ സ്വീകരിച്ച നിലപാടുകളും അതിന് കൈവന്ന സ്വീകാര്യതയും ഇവയിലേക്ക് വിരൽ ചൂണ്ടുന്നു. അഭിവന്ദ്യ അന്തോണിയോസ് പിതാവും, അഭിവന്ദ്യ ബർണബാസ് പിതാവും ഉൾപ്പെടെയുള്ള, ആ സമയത്ത് പൂനായിലുണ്ടായിരുന്ന ബാച്ചുകാർ സന്തോഷത്തോടെയും, അഭിമാനത്തോടെയും ബഹു. അഗസ്റ്റിൻ അച്ചനോടൊപ്പമുള്ള പരിശീലനസമയത്തെപ്പറ്റി പങ്കുവയ്ക്കുന്നത് ഈ ദിവസങ്ങളിൽ കേൾക്കുവാൻ ഇടയായി. ശാസിക്കുകയും, ശിക്ഷിക്കുകയും അതേസമയം വലിയ കരുതലും സ്നേഹവും കാണിക്കുകയും ചെയ്ത അഗസ്റ്റിൻ അച്ചന്റെ പ്രകൃതം ഏവർക്കും ആകർഷകമായിരുന്നു.

**ബഥനിയുടെ ഭാവിയെ നോക്കിക്കാണുവാൻ............**

ഉള്ളതുകൊണ്ട് സുഭിക്ഷമായും സുരക്ഷിതമായും ഒതുങ്ങി കൂടുന്ന ബഥനിയെ അല്ല അഗസ്റ്റിൻ അച്ചൻ സ്വപ്നം കണ്ടത്. അച്ചന്റെ വാക്കുകളിൽ "ഭാവിയെക്കുറിച്ച് പ്രവചിക്കാനോ, നിഗമനങ്ങളിലെത്തി ചേരാനോ നാമാരും പ്രാപ്തരല്ല. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലങ്കരസഭയിൽ ഒരു കൊടുങ്കാറ്റായി പ്രത്യക്ഷപ്പെട്ട ബഥനി സന്യാസിസമൂഹം പുതിയ സഹസ്രാബ്ദത്തിലും, നൂറ്റാണ്ടിലും ഒരു മന്ദമാരുതനായി മലങ്കരയിലും, ഭാരതം മുഴുവനിലും,

www.malankaralibrary.com

ലോകത്തിന്റെ എല്ലാ കോണുകളിലും തന്നെ, ആത്മീയ ചൈതന്യം പരത്തുന്നതായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു." ബഥനിയെക്കുറിച്ചുള്ള അച്ചന്റെ വളരെ വിശാലമായ ഒരു കാഴ്ചപ്പാടാണ് ഈ വാക്കുകളിലൂടെ തെളിഞ്ഞു വരുന്നത്. ഇത് സാധിതമാകുവാൻ അച്ചൻ നിർദ്ദേശിക്കുന്നത് രണ്ടാം വത്തിക്കാൻ കൗൺസിൽ, സന്യാസ സമൂഹങ്ങൾക്ക് നല്കുന്ന വാഗ്ദാനം തന്നെയാണ്: "ബഥനി അതിന്റെ ഉറവിടങ്ങളിലേക്ക് തിരിച്ചു പോകുക." തെറ്റിദ്ധാരണകൾക്ക് ഇടം നല്കാതെ വളരെ അസന്നിഗ്ദ്ധമായിട്ടാണ് അച്ചൻ ഇത് വ്യക്തമാക്കുന്നത്. 'കാലത്തിന്റെ ചുവരെഴുത്ത് മനസ്സിലാക്കി, ആഴമായ ദൈവൈക്യത്തിലും ആത്മാർത്ഥമായ അർപ്പണബോധത്തിലും, ലളിതവും സുതാര്യവുമായ ബാഹ്യനടപടി ക്രമങ്ങളിലും, അടിയുറച്ച വിശ്വാസ ദാർഢ്യത്തിലും ക്രമീകരിച്ച ഒരു ബഥാന്യൻ ജീവിതശൈലിയിലൂടെ"യാണ് ഇത് സാർത്ഥകമാകേണ്ടത്.

**പ്രശോഭിതനായി കാണപ്പെട്ട അന്ത്യനാളുകൾ............**

പ്രായമേറിവരികയും, രോഗങ്ങൾ ഇടതടവില്ലാതെ വേട്ടയാടുകയും ചെയ്ത അഗസ്റ്റിൻ അച്ചന്റെ അന്ത്യനാളുകളിലും വളരെ ശോഭയോടെ അച്ചൻ കാണപ്പെട്ടുവെന്നുള്ളത് ഉള്ളിലുള്ള ഒരു ആത്മീയ സന്തോഷത്തിന്റെ ബഹിർസ്ഫുരണമായി മനസ്സിലാക്കുവാൻ സാധിക്കും. ആരോഗ്യവാനായിരുന്നപ്പോൾ കാട്ടിയിട്ടുള്ള മനുഷ്യസഹജമായ അല്പം മുശേട്ടകളും, പരിഭവങ്ങളുമൊക്കെ അവസാനം ആത്മീയത കവിഞ്ഞൊഴുകുന്ന ഒരു പുഞ്ചിരിയായി അച്ചനിൽ നിന്നും നിർഗളിക്കുകയായിരുന്നു. ശാന്തമായി ചിരിച്ചുകൊണ്ട് എല്ലാവരോടും കുശലാന്വേഷണം നടത്തുന്ന അഗസ്റ്റിൻ അച്ചനാണ് ഇന്ന് എന്റെ ഓർമ്മയിൽ മങ്ങാത്ത, മായാത്ത ഓർമ്മയായി അവശേഷിക്കുന്നത്. ഈ ശാന്തത അച്ചനെ നിത്യമായ ശാന്തതയുടെ തുറമുഖത്ത് എത്തിക്കട്ടെ. അഗസ്റ്റിൻ അച്ചാ, സമാധാനത്തോടെ പോകുക, നിത്യതയിൽ ദൈവം അങ്ങെ കാക്കുമാറാകട്ടെ.

www.malankaralibrary.com

# ഇമ്പമാർന്ന നാദലയം മലങ്കരയുടെ കോകിലം

**ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**

### മല്പാൻ: ബഥനിക്കും മലങ്കരസഭയ്ക്കും

ബഥനിസമൂഹത്തിനും മലങ്കരസഭയ്ക്കും ഗുരുതുല്യമായ ശ്രേണിയിൽ വിരാജിച്ച അതുല്യവ്യക്തിത്വമായിരുന്നു ബഹു. അഗസ്റ്റിനച്ചൻ. ആ ആശ്രമപിതാവിന്റെ സ്മരണയ്ക്കുമുമ്പിൽ ശ്രദ്ധാഞ്ജലികൾ ആദരപൂർവ്വം അർപ്പിക്കുന്നു.

### മലങ്കരയുടെ കോകിലം

ഒരിക്കൽ ആർച്ച്ബിഷപ്പ് തോമസ് മാർ കൂറീലോസ് പിതാവ് ബഹു. അഗസ്റ്റിനച്ചനോട് പറയുന്നത് കേട്ടു. എത്രമാത്രം ഇമ്പമാണ് ബഹു. അച്ചന്റെ ശബ്ദത്തിനും ആരാധനകൾക്കും എന്ന്. ഇതു തന്നെയാണ് സമൂഹത്തിലും സഭയിലുമുള്ള ബഹു. അച്ചന്റെ ശിഷ്യന്മാരായ ഓരോരുത്തരിൽ നിന്നും കേൾക്കുവാനിടയായിട്ടുള്ളത്.

### പ്രാർത്ഥനാവ്യക്തിത്വം

വ്യക്തിപരമായി ബഹു. അച്ചനോടൊത്ത് ജീവിക്കുവാനും അടുത്ത് ഇടപെടാനും ധാരാളം അവസരങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്. അനേകരിൽ നിന്ന് ബഹു. അച്ചനെപ്പറ്റി പ്രശംസാവചനങ്ങൾ കേൾക്കുവാൻ ഇടയായിട്ടുണ്ട്. അതൊക്കെയും ബഥനി മാതാവിന്റെ കിരീടത്തിലെ തൂവലുകളായും മലങ്കരസഭയുടെ വിശ്വാസവഴിയിലെ അനുഗ്രഹങ്ങളായും ഹൃദയത്തിൽ സൂക്ഷിക്കുന്നു.

### സത്യാനന്തരകാലം-കോവിഡ്കാലം

ബഹു. അച്ചന്റെ ആരോഗ്യത്തെപ്പറ്റി ബഹു. മാത്യു തിരുവാലിൽ പ്രൊവിൻഷ്യലച്ചനോട് ഫോണിലൂടെ അന്വേഷിച്ചപ്പോൾ അത്ര മെച്ചമല്ല എന്ന മറുപടി ലഭിച്ചപ്പോൾ തന്നെ (മരണത്തിന്റെ തലേ ദിവസം ആയിരുന്നു അത്) ഉള്ളുരുകി പ്രാർത്ഥിക്കുന്ന സമൂഹത്തോട്

www.malankaralibrary.com

ചേർന്ന് പ്രാർത്ഥിച്ചു. തിരുവനന്തപുരത്തുവച്ച് അവസാനമായി കണ്ട പ്പോൾ കുറെ നേരം ഒന്നിച്ചിരുന്ന് സംസാരിക്കാൻ കഴിഞ്ഞുവല്ലോ എന്ന ആശ്വാസം മാത്രം ബാക്കി വയ്ക്കുന്നു.

സത്യാനന്തരകാലം എന്ന് പറയുന്നതുപോലെ കോവിഡന ന്തരകാലം (COVID 19) ബഹു. അച്ചന്റെ സംസ്ക്കാരച്ചടങ്ങിൽ പോലും പങ്കെടുക്കാൻ കഴിയാതെ വന്നതും മറ്റൊരു ദുഃഖമായി അവശേഷി ക്കുന്നു. വന്ദ്യപിതാവേ അങ്ങയുടെ പാദങ്ങളിൽ ഞങ്ങളുടെ സ്നേഹാശ്രു സമർപ്പിച്ച് ഞങ്ങൾ ആശ്വസിക്കുന്നു. ഞങ്ങൾക്കു വേണ്ടി യും സഭയ്ക്കു മുഴുവനും വേണ്ടിയും ലോകം മുഴുവനു വേണ്ടിയും സ്വർഗ്ഗപിതാവിനോട് പ്രാർത്ഥിക്കേണമേ.

**ഉത്തമനേതൃത്വം**

ഒരു ധ്യാനഗുരുവായും സുവിശേഷപ്രസംഗകനായും വിവിധ സുപ്രധാന ദൈവാലയങ്ങളിൽ വികാരിയായും തിരുവനന്തപുരം, തിരുവല്ല ദയറാകളുടെ സുപ്പീര്യറായും പൂനായിലെ റെക്ടറായും (രണ്ടു തവണ) (1971-74, 1983-85) ജനറൽ കൗൺസിലറായും പ്രൊവിൻ ഷ്യൽ കൗൺസിലറായും സമൂഹത്തിനും സഭയ്ക്കും നേതൃത്വം കൊടുത്ത ബഹു. അച്ചൻ നാമേവരുടെയും അഭിമാനമായിരുന്നു.

**യാമങ്ങളുടെ ആചാര്യൻ, പുതിയ പാട്ട് (സങ്കീ. 148-1)**

കുറച്ചുകാലം കുളപ്പട ശാന്തിഗിരി ആശ്രമത്തിൽ ഞാൻ സുപ്പീ ര്യറായും ബഹു. അച്ചൻ വിശ്രമജീവിതത്തിലും കഴിഞ്ഞപ്പോഴും എല്ലാ യാമപ്രാർത്ഥനകൾക്കും വി. കുർബാനയ്ക്കും ഉത്സാഹ ത്തോടെ കടന്നുവരുന്ന ബഹു. അച്ചനെ ആദരവോടെ അനുസ്മരി ക്കുന്നു. പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവിനെ അടുത്ത് പരിചയമുള്ള തലമുറയിലെ സുപ്രധാനമായ ഒരു കണ്ണിയാണ് ബഹു. അച്ചന്റെ വേർപാടിലൂടെ കടന്നുപോകുന്നത്.

**അൾത്താരബാലസഖ്യം**

നാലാഞ്ചിറ ദയറാ സുപ്പീര്യറും നാലാഞ്ചിറ പള്ളിയുടെ വികാരി യുമായിട്ടാണ് ബഹു. അച്ചനെ ഒരു ധർമ്മശിഷ്യൻ (1968-69) ആയി രുന്ന എനിക്ക് പരിചയപ്പെടാൻ കഴിഞ്ഞത്. അന്ന് അൾത്താര ബാല ന്മാരുടെ പ്രത്യേക സംഘം രൂപീകരിച്ച് അവരെ പരിശീലിപ്പിക്കു ന്നതും പ്രോത്സാഹിപ്പിക്കുന്നതും അറിയാൻ ഇടയായിട്ടുണ്ട്.

www.malankaralibrary.com

## ബാഹ്യകേരളസംഘാടകൻ

പൂനായിൽ ആശ്രമാദ്ധ്യക്ഷനും റെക്ടറും ആയിരിക്കുമ്പോൾ (1971–74) ആശ്രമത്തിന് നേതൃത്വം കൊടുക്കുന്നതോടൊപ്പം പൂനായിലും ബോംബെയിലുമുള്ള മലങ്കരക്കാരെ സംഘടിപ്പിക്കുന്നതിനും ബഹു. അച്ചൻ നേതൃത്വം നൽകിയത് അവിസ്മരണീയ ഒരു ചുവടുവയ്പായിരുന്നു.

ഇന്നിപ്പോഴുള്ള ഖഡ്കി പൂനാ രൂപതയുടെ രൂപീകരണത്തിൽ തൈക്കടവിലച്ചനും, ഗബ്രിയേലച്ചനും, ബഹു. പീറ്റർ കോഴി മണ്ണിലച്ചനും, ബഹു. ജേക്കബ് പെരുമ്പ്രാലച്ചനും, ബഹു. ഡൊമിനിക്ക് ഒടാലിൽ അച്ചനും, ബഹു. ബർണാർഡ് കുന്നിപ്പറമ്പിലച്ചനും, ബഹു. ജോഷ്വാ താവളത്തിലച്ചനും മറ്റനേകം അച്ചന്മാർക്കുമൊപ്പം ബഹു. അഗസ്റ്റിനച്ചനും പ്രത്യേക വിധത്തിൽ ഹേതുഭൂതനായിട്ടുണ്ട്.

## മഹദ്ഗുരു

പൂനായിലെ ശെമ്മാശന്മാരുടെ റെക്ടർ എന്ന നിലയിൽ ശിഷ്യസമൂഹത്തിന്റെ വികാരങ്ങൾ മനസ്സിലാക്കാനും അവരുടെ സ്ഥാനത്ത് നിന്ന് ചിന്തിക്കാനും ബഹു. അഗസ്റ്റിനച്ചനിലെ ഗുരുവര്യന് കഴിഞ്ഞിട്ടുണ്ടെന്നത് സന്തോഷത്തോടെ, അഭിമാനത്തോടെ അയവിറക്കുന്നു. അനേകരിൽ നിന്ന് ഈ സന്തോഷവചസ്സുകൾ കേൾക്കാൻ കഴിഞ്ഞിട്ടുള്ളത് ഈ അവസരത്തിൽ അനുസ്മരിക്കുന്നു.

## വചനപ്രഘോഷകൻ

“വചനം പ്രഘോഷിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം” (റോമ. 10:15). പ്രസംഗങ്ങളിൽ ജനകോടികളുടെ സംശയങ്ങൾക്കും അറിവ് വർദ്ധിപ്പിക്കുന്നതിനും തിരുവചനാധിഷ്ഠിതമായ സഭാവീക്ഷണങ്ങൾക്കും അനുയോജ്യമായ പ്രബോധനങ്ങൾ നൽകുവാൻ ബഹു. അച്ചൻ പണ്ഡിതോചിതമായ പരിശ്രമം നടത്തുന്നത് ഏവരുടെയും ആദരവ് ആർജ്ജിച്ചിട്ടുള്ള വസ്തുതയാണ്.

## ഉന്നതൻ, ഓർമ്മയിലെ സുഗന്ധം

ചെങ്ങന്നൂരിന്റെ മാന്യതയും പെരുമാറ്റത്തിന്റെ ഔന്നത്യവും കൈലാത്ത് കുടുംബത്തിന്റെ മഹിമയും എല്ലാം കാത്തുസൂക്ഷിച്ച ഉത്തമനായ ആചാര്യൻ ആകാരത്തിലും ജീവിതത്തിലും അതുല്യമായ ഔന്നത്യവും തലയെടുപ്പും നിലനിർത്തി കടന്നുപോയി. ആ ധന്യതയ്ക്കു മുമ്പിൽ മനോവാകം. പ്രാർത്ഥനാനിർഭരമായ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

www.malankaralibrary.com

# ബഥനിയുടെ കെടാവിളക്ക്

**സിസ്റ്റേഴ്സ് ഓഫ് മൗണ്ട് താബോർ**
**അഡോറേഷൻ മൊണാസ്റ്ററി, തട്ടത്തുമല**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ സന്ന്യാസ ചൈതന്യത്തിലാകൃഷ്ടനായി ചെറുപ്പത്തിലെ കർത്താവിന് സമർപ്പണം ചെയ്ത ബഹു. അഗസ്റ്റിനച്ചൻ പ്രാർത്ഥനയുടേയും ധ്യാനത്തിന്റെയും വഴികളിലൂടെ ബഹുദൂരം സഞ്ചരിച്ച വ്യക്തിയാണ്. അതിന്റെ ബഹിർസ്ഫുരണങ്ങൾ ജീവിതത്തിലുടനീളം കാണമായിരുന്നു. അനേകരെ ആ വഴിയിലൂടെ നയിക്കുകയും ചെയ്തു. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് ബഹു. അഗസ്റ്റിനച്ചനെ താബോർ സന്ന്യാസിനീ സമൂഹത്തിന്റെ ആരംഭകാല ഡയറക്ടറായി നിയമിച്ചിരുന്നു. അന്നു മുതൽ മരണം വരെ ഞങ്ങളെ നന്മയുടെ വഴിയിൽ നയിക്കാൻ അച്ചൻ പരിശ്രമിച്ചിരുന്നു. താബോർ ആരാധനാമഠത്തിൽ ഉണ്ടായിട്ടുള്ള എല്ലാ പ്രധാന സംഭവങ്ങൾക്കും അച്ചൻ സാക്ഷിയായിരുന്നു. എന്നും ഞങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞിരുന്ന പിതാവായിരുന്നു അച്ചൻ. താബോർ ആശ്രമത്തിന്റെ ഓരോ മണൽത്തരിയും അച്ചന്റെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞിരുന്നു. അഹറോനെപ്പോലെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു വിശുദ്ധ സന്ന്യാസ വൈദികൻ നിർല്ലോഭം വളർത്തിയ ഒരു സന്യാസിനീസമൂഹമാണ് താബോർ ആരാധനാശ്രമം. കൊറോണ കാലത്തെ ലോക്ഡൗണിന്റെ സമയത്തുപോലും അച്ചൻ തന്റെ അനാരോഗ്യത്തെക്കുറിച്ച് ചിന്തിക്കാതെ ഞങ്ങൾ ഉപജീവനത്തിനുള്ള മാർഗ്ഗമുണ്ടോ എന്ന് പല പ്രാവശ്യം അന്വേഷിച്ചിരുന്നു. ആ വന്ദ്യ സന്യാസശ്രേഷ്ഠൻ ഇന്ന് നിത്യഭവനത്തിൽ ചേർന്നിരിക്കുന്നെങ്കിലും

www.malankaralibrary.com

ലോകത്ത് ഉണ്ടായിരുന്നതിനേക്കാൾ ശ്രദ്ധ ഞങ്ങളുടെ കാര്യത്തിൽ ഇപ്പോൾ കാണിക്കുന്നുണ്ട്. ഞങ്ങളുടെ ആത്മീയ-ഭൗതീക മേഖലകളിലെല്ലാം ഈ ചുരുങ്ങിയ ദിവസങ്ങളിൽ അച്ചന്റെ മദ്ധ്യസ്ഥം മൂലം വലിയ അനുഗ്രഹങ്ങൾ ഉണ്ടായിരിക്കുന്നു എന്നുള്ളത് വാസ്തവം തന്നെ. ഞങ്ങളെ എല്ലാവരേയും സ്വന്തം സഹോദരിമാരായി അച്ചൻ കരുതിയിരുന്നതിനാൽ ഞങ്ങളുടെ പ്രിയപ്പെട്ട ഗുരു അച്ചൻ ഞങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥം വഹിച്ചു കൊണ്ട് സ്വർഗ്ഗത്തിൽ ആയിരിക്കുന്നു.

താബോർ ആരാധനാമഠത്തിന്റെ എല്ലാ പരീക്ഷണങ്ങളിലും ഉയർച്ചയിലും താഴ്ചയിലുമെല്ലാം അച്ചൻ ഒപ്പമുണ്ടായിരുന്നു. താബോർ ആരാധനാമഠത്തിന്റെ ആരംഭകാലങ്ങളിൽ ഉണ്ടായ ഒരു വിമർശനമിതാണ്: മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വിശുദ്ധ കുർബാനയുടെ പരസ്യാരാധനയെക്കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതിനാൽ ഈ സമൂഹത്തിന് ഒരു ആരാധനാമഠമാകാൻ സാദ്ധ്യതയില്ലെന്നും അനാവശ്യമാണെന്നും ചിലരെങ്കിലും പരാമർശിക്കുകയുണ്ടായി. ആ സമയങ്ങളിൽ ആവൃതിയുടെ മഹിമയെക്കുറിച്ചും ദിവ്യകാരുണ്യ ആരാധനയെക്കുറിച്ചും ഞങ്ങളെ ബലപ്പെടുത്തിയത് ബഹുമാനപ്പെട്ട അഗസ്റ്റിനച്ചൻ തന്നെയായിരുന്നു. ഇതുപോലെയുള്ള പല പരീക്ഷണ സമയങ്ങളിലും അച്ചൻ ഞങ്ങൾക്ക് സഹായകമായിട്ടുണ്ട്. ഇങ്ങനെയുള്ള വിമർശനങ്ങളെല്ലാം വളർച്ചയ്ക്കുള്ള ചവിട്ടുപടിയാണെന്നാണ് അച്ചൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. അത് സത്യവുമായിരുന്നു.

പരിശുദ്ധ ദൈവമാതാവിനോടുള്ള ഉറച്ച ഭക്തി ദൈവവിളിയോടുള്ള ആഭിമുഖ്യവും ആഴമായ ദൈവവചനപാണ്ഡിത്യവും അച്ചന്റെ പ്രത്യോകതകളായിരുന്നു. ആത്മീയജീവിതത്തിന്റെ ശക്തിസ്രോതസ്സുകൾ വേണ്ടവിധം പ്രയോജനപ്പെടുത്താത്തതിനാൽ വിശ്വാസികൾ തളർന്ന് ഇഴഞ്ഞ് നീങ്ങുമ്പോൾ ഈ അവസ്ഥകളെ എങ്ങനെ നേരിടാമെന്നും തരണം ചെയ്യാമെന്നും ബഹു. അഗസ്റ്റിനച്ചൻ അറിഞ്ഞിരുന്നു. ഭക്തകൃത്യങ്ങളും സഹനങ്ങളുടെ സ്വീകരണവും എങ്ങനെ രക്ഷാകരമാക്കാമെന്ന് സ്വജീവിത

www.malankaralibrary.com

ത്തിലൂടെ കാട്ടിത്തന്ന സന്യാസഗുരുവാണ് അദ്ദേഹം. അദ്ദേഹ ത്തിന് തന്റെ പൗരോഹിത്യശുശ്രൂഷയിൽ ലഭ്യമായ സഹനങ്ങളെ യേശുവിന്റെ തിരുമുറിവുകളാക്കി മാറ്റിക്കൊണ്ട് ഉത്തമ മാതൃക നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ തന്റെ ദൗത്യം പൂർത്തിയാക്കി, യേശുവിന്റെ തിരുവിലാവിലെ അവസാനതുള്ളി രക്തത്തോടൊപ്പം തന്റെ ഹൃദയമിടിപ്പുകളും ചേർത്ത്, സ്വർഗ്ഗീയ വസതി ധരിച്ചിരി ക്കുന്നു. ആ വന്ദ്യസന്ന്യാസഗുരുവിനെ പ്രതി പരി. ത്രിത്വത്തിനും പ്രത്യേകിച്ച് ദിവ്യകാരുണ്യനാഥനും ഒരായിരം ആരാധനകളർപ്പി ക്കുന്നു. ആ സന്ന്യാസവര്യന്റെ ഓർമ്മ താബോർ മലയിലെ മഹത്വത്തോടൊപ്പം ഒരു കെടാവിളക്കായി പ്രശോഭിക്കട്ടെ!

○

"വിശ്വാസവും വിജ്ഞാനവും വിശുദ്ധിയും വിവേകവും വിനയവും നിറഞ്ഞുനിന്ന അഭിവന്ദ്യനായ അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി. അച്ചന്റെ ജീവിതവീക്ഷണം ഉന്നതവും ഉത്തമവും ഉദാത്തവും ഉൽകൃഷ്ടവും ഉജ്ജ്വലവുമായിരുന്നു. അദ്ദേഹത്തിന്റെ പ്രസന്നമായ മുഖഭാവം സന്തുഷ്ടവും സംതൃപ്തവും സംശുദ്ധവും ആയ ഒരു മനോഭാവത്തിന്റെ പ്രതിഫലനം ആയിരുന്നു.

പാവങ്ങളെ എന്നും കരുണയോടെ കരുതിയിരുന്ന അദ്ദേഹം ലളിതവും കരുണാർദ്രവും ആയ ഒരു ജീവിതശൈലിയുടെ ഉടമ യായിരുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവരുടെ സ്നേഹാദരങ്ങൾ ആർജ്ജിച്ച വിശിഷ്ട വ്യക്തിത്വത്തിന്റെ ഉടമയായി രുന്നു അദ്ദേഹം. ആ സ്നേഹപിതാവിന്റെ പാവനസ്മരണ നമ്മുടെ ചിന്തകൾക്കും ചലനങ്ങൾക്കും ചൈതന്യം പകരട്ടെ. ആ പുണ്യ ചരിതന്റെ പാവനാത്മാവ് അനന്തനും ആനന്ദമയവും ആയ സ്വർഗ്ഗ സൗഭാഗ്യം അനുഭവിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു."

**പ്രൊഫ. ഡോ. ബാബു ഫിലിപ്പ്**

www.malankaralibrary.com

# പിതൃതുല്യനായ റെക്ടറച്ചൻ

**ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി.**

1978–ൽ ബഥനി ആശ്രമത്തിൽ അർത്ഥികളായി ചേർന്നപ്പോൾ ഞങ്ങളുടെ വൊക്കേഷൻ പ്രമോട്ടറും പൂനായിൽ തത്വശാസ്ത്ര പഠനകാലത്തെ റെക്ടറച്ചനും സുപ്പീരിയറുമായിരുന്നു. വന്ദ്യനായ ബഹു. അഗസ്റ്റിൻ കൈലാത്തച്ചൻ. ശിഷ്യന്മാരായ ഞങ്ങൾക്കേവർക്കും ഒരു പിതൃതുല്യനായ സുപ്പീരിയറും റെക്ടറുമായിരുന്നു അച്ചൻ. പിതൃവാത്സല്യവും കരുതലും, പ്രോത്സാഹനങ്ങളും തിരുത്തലുകളും അദ്ദേഹത്തിൽ നിന്നും അനുഭവിച്ചറിഞ്ഞവരാണെന്ന്.

നമ്മുടെ സമൂഹത്തിൽ ഒരാൾ വ്രതം സ്വീകരിക്കുമ്പോൾ സമൂഹാ ദ്ധ്യക്ഷൻ നല്കുന്ന ഉപദേശത്തിന്റെ തുടക്കം ഇങ്ങനെയാണ്: "പിതൃവാത്സല്യത്തോടും, സ്നേഹത്തോടും ഞാൻ നിന്നെ അനു ശാസിക്കുന്നു"...ഇത് ഒരു സമൂഹാംഗത്തിന് ലഭിക്കുന്ന വലിയ ഒരു ഉറപ്പും ആത്മബലവുമാണ്. ഇത് ഒരു കുടുംബാന്തരീക്ഷത്തിലേക്കുള്ള ആഹ്വാനവും, സമൂഹാംഗത്തിന് ലഭിക്കുന്ന ആത്മീയ ആശ്വാസവുമാണ്. ഈ ഉറപ്പ് അഭംഗുരം കാത്തുപാലിക്കുന്നതിന്, തന്നെ ഭരമേല്പിച്ചിരിക്കുന്ന വ്യക്തികൾക്ക്, ഈ പിതൃവാത്സല്യവും, സ്നേഹവും, സംരക്ഷണവും, കരുതലും, നല്കുന്നതിന് ബഹു. അഗസ്റ്റിൻ കൈലാത്തച്ചൻ എന്ന സുപ്പീര്യയറും (മന്ദിരാദ്ധ്യക്ഷൻ) റെക്ടറും (ഗുരു) ബദ്ധശ്രദ്ധാലു ആയിരുന്നു. അദ്ദേഹം വസിച്ചിരുന്ന മന്ദിരങ്ങളിൽ ഒരു കുടുംബാന്തരീക്ഷം കാത്തുസൂക്ഷിക്കുവാൻ ശ്രമിച്ചിരുന്നു. പ്രത്യേകിച്ച് തന്നേക്കാൾ ഇളയവരോട് കരുതലും സ്നേഹവും നല്കുന്നതിൽ മടികാട്ടിയിട്ടില്ല. തന്റെ വാക്കിലും പെരുമാറ്റത്തിലും എന്നും ഒരു കുലീനത്വം പാലിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

www.malankaralibrary.com

എനിക്ക് വ്യക്തിപരമായി ഒരു പിതാവിനെയാണ് നഷ്ടപ്പെട്ടത്. എന്നും എനിക്ക് ആ പ്രോത്സാഹനകജനകമായിരുന്നു അച്ചന്റെ സമീപനങ്ങളും, വാക്കുകളും, പെരുമാറ്റങ്ങളും. അദ്ദേഹത്തിന്റെ മലങ്കര ആരാധനാക്രമത്തോടുള്ള നിഷ്ഠയും, ശുചിത്വബോധവും പരിലാളനവും എന്നെ എന്നും സ്വാധീനിക്കുന്നു. ഏതു കാര്യവും അദ്ദേഹം തുറന്നു പറയാമായിരുന്നു. "സാരമില്ലടോ, തന്നെകൊണ്ടാകും" എന്ന വാക്ക് പല പ്രാവശ്യം എനിക്ക് ആത്മധൈര്യവും പ്രവർത്തനങ്ങളിൽ ജീവിതത്തിൽ, പ്രോത്സാഹനവും നല്കിയിരുന്നു. അവസാനമായി കണ്ടുമുട്ടുമ്പോഴും ഈ വാക്ക് തന്നെയാണ് പറഞ്ഞത്. എന്റെ കുടുംബത്തോട് എന്നും അച്ചന് ഒരു ആത്മബന്ധമുണ്ടായിരുന്നു. അച്ചന്റെ അമ്മ വീടും മാവേലിക്കരയിൽ, പുന്നമൂട്-തിരുവാലിൽ ആയിരുന്നു. അച്ചൻ പുന്നമൂട്ടിൽ വന്ന് താമസിക്കുകയും എന്റെ മാതാപിതാക്കളെ വ്യക്തിപരമായി അറിയുകയും ചെയ്തിരുന്നു. അവരുടെ രോഗവേളയിലും, മരണത്തിലും എന്റെ ഭവനത്തിൽ വന്ന് പ്രാർത്ഥിക്കുകയും എന്നേയും എന്റെ സഹോദരങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തിരുന്നത് ഇപ്പോൾ നന്ദിയോടെ ഓർക്കുന്നു.

മറ്റുള്ളവരുടെ കുറവുകൾ, പറഞ്ഞു നടക്കാത്ത, ആഘോഷമാക്കാതെ കുലീനത്വമുള്ള ഒരു ആശ്രമശ്രേഷ്ഠൻ. അദ്ദേഹത്തിന്റെ സ്നേഹവായ്പോടെ നല്കുന്ന തിരുത്തലുകൾ എന്നും അഭികാമ്യവും മാതൃകാപരവുമായിരുന്നു.

വന്ദ്യനായ ഗുരുവേ, ആശ്രമശ്രേഷ്ഠാ പ്രണാമം! നിത്യതയുടെ രാജ്യത്തിൽ സമാധാനത്തോടെ വസിച്ചാലും, ഞങ്ങൾക്കായി - ശിഷ്യഗണത്തിനായി - സഹോദരങ്ങൾക്കായി - ബഥനിക്കായി എന്നെന്നും മദ്ധ്യസ്ഥം അപേക്ഷിക്കുമാറാകണമേ.

www.malankaralibrary.com

# ബഥനിവാടിയിലെ സ്നേഹപുഷ്പം

**ബ്രദർ ജിതിൻ ജോർജ് ഒ.ഐ.സി.**

"മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരുവാനിരിക്കുന്നവയ്ക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മേ വേർപെടുത്തുവാൻ കഴിയുകയില്ലെന്ന് എനിക്കുറപ്പുണ്ട്" (റോമ. 8:38-39).

ബഥനി സന്ന്യാസി സമൂഹത്തിന്റെ ഉദ്യാനത്തിലെ ഒരു പുഷ്പം കൂടി അടർന്ന് മണ്ണിനോട് ചേർന്നിരിക്കുന്നു. ബഥനിയിലെ നവ സന്ന്യാസികൾക്ക് എന്നും തികഞ്ഞ മാതൃകയും പ്രചോദനവുമായിരുന്നു ബഹു. ഫാ. അഗസ്റ്റിൻ കൈലാത്ത് ഒ.ഐ.സി. ബഥനിയിലെ പുത്തൻ തലമുറകളുടെ ഹൃദയം കീഴടക്കുവാൻ ബഹുമാനപ്പെട്ട അച്ചനു സാധിച്ചു. സമൂഹം തന്നിൽ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങളിലൂടെ പ്രത്യേകിച്ച് ബഥനി നഗർ ദയറായുടെ സുപ്പീരിയറും സന്ന്യാസാർത്ഥികളുടെ ആത്മീയ പിതാവുമായിരുന്നുകൊണ്ട് എന്നും ഒരു ഉത്തമ മാതൃക നൽകുവാൻ അച്ചൻ പരിശ്രമിച്ചിരുന്നു. പ്രായത്തിന്റെ ബുദ്ധിമുട്ടുകളുടെ നടുവിലും എല്ലാവരുമായും പ്രത്യേകിച്ച് അർത്ഥികളുമായി സമയം പങ്കുവയ്ക്കുവാൻ അച്ചനു സാധിച്ചു. എന്നും ഒരു ആത്മീയ പ്രചോദനമാകുവാനും എല്ലാവരേയും തുല്യരായി സ്നേഹിക്കുവാനും അച്ചനു കഴിഞ്ഞു.

സന്ന്യാസ ജീവിതത്തിന്റെ അടിസ്ഥാനമായ പ്രാർത്ഥനയും പ്രവർത്തനവും ഒരുമിച്ച് ചേർത്ത ഒരു തികഞ്ഞ സന്ന്യാസവര്യനായിരുന്നു ബഹുമാനപ്പെട്ട അച്ചൻ. വിശ്രമ ജീവിതത്തിന്റെ നാൾവഴികളിൽപ്പോലും പ്രാർത്ഥനയും, പ്രവർത്തനവും നിറഞ്ഞ ജീവിതമായിരുന്നു അച്ചൻ നടത്തിയത്. എല്ലാ ദിവസവും മുടങ്ങാതെ പ്രാർത്ഥനയിലും വി. കുർബാനയിലും പങ്കെടുക്കുവാൻ അച്ചൻ പരിശ്രമി

www.malankaralibrary.com

ച്ചിരുന്നു. സന്ന്യാസ ജീവിതത്തിലേക്കുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു.

അച്ചന്റെ മാധുര്യവും ഇമ്പം നിറഞ്ഞതുമായ സ്വരം ആരാധന യുടെ വേളകളിൽ ദൈവീക സാന്നിദ്ധ്യം അറിയിക്കുന്നതായിരുന്നു. എന്നും വിശ്വാസികളുടെ ഹൃദയങ്ങളിൽ അച്ചൻ തന്റെ സവിശേഷ മായ കഴിവുകൊണ്ട് സ്ഥാനം നേടിയിരുന്നു. തന്നെ തേടിയെത്തു ന്നവർക്ക് അച്ചൻ ഒരു അഭയസ്ഥാനമായിരുന്നു. ഒരു സന്ന്യാസി ജനങ്ങൾക്ക് എങ്ങനെ സംലഭ്യനാകണം എന്നത് അച്ചൻ തന്റെ ജീവിതം കൊണ്ടു വരച്ചുകാട്ടി. എല്ലാവരേയും ഒരേ മനസ്സോടും ഹൃദയത്തോടും സ്വീകരിക്കുവാനും ഉൾക്കൊള്ളുവാനും അച്ചൻ ശ്രദ്ധ പുലർത്തി. എന്നും ചെറുപുഞ്ചിരിയോടെ എല്ലാവർക്കും സംലഭ്യനാകുവാനും ഏവരേയും കേൾക്കുവാനും അച്ചനു കഴിഞ്ഞു.

ആശ്രമത്തിന്റെ ഭക്ഷണമുറിയും, ഉല്ലാസമുറിയും എപ്പോഴും ജീവസുറ്റതാക്കുവാൻ അച്ചൻ പരിശ്രമിച്ചു. നർമ്മം നിറഞ്ഞ സംഭാഷണങ്ങളിലൂടെയും ഹൃദയം കവരുന്ന പുഞ്ചിരിയോടെയും എല്ലാവരേയും ആകർഷിക്കുവാൻ അച്ചനൊരു പ്രത്യേക കഴിവുണ്ടാ യിരുന്നു. തന്റെ ഒപ്പം ആയിരിക്കുന്നവരെ അടുത്തറിഞ്ഞ ഒരു യഥാർത്ഥ ഇടയനായിരുന്നു അദ്ദേഹം. ആടുകളെ പേരുചൊല്ലി വിളിക്കുന്ന ആടുകളുടെ ചൂരുള്ള ഇടയൻ. അച്ചന്റെ ഇടപെടൽ പലപ്പോഴും സന്ന്യാസാർത്ഥികൾക്ക് പിതൃസ്നേഹം നിറഞ്ഞതും, സഹോദരവൈദീകർക്ക് സാഹോദര്യത്തിന്റെ നന്മകളെ പകുത്ത് നൽകുന്നതുമായിരുന്നു.

ദേഹവിയോഗത്തിലും ഞങ്ങളിൽ നിന്നും അകറ്റപ്പെട്ടുവെ ങ്കിലും, പ്രിയ, അച്ചാ....അങ്ങയെപ്പറ്റിയുള്ള ഓർമ്മകൾ എന്നും ഞങ്ങളുടെ ഹൃദയങ്ങളിൽ തങ്ങി നിൽക്കും. അങ്ങു പകർന്നു നൽകിയ സന്ന്യാസനിഷ്ഠകളും, സ്നേഹത്തിന്റെ നൈർമ്മല്യ ങ്ങളും എന്നും ഞങ്ങളിൽ നിലനിൽക്കുവാൻ അങ്ങ് ഞങ്ങൾ ക്കുവേണ്ടി സ്വർഗ്ഗത്തിലിരുന്ന് പ്രാർത്ഥിക്കണമേ. മാലാഖമാരോ ടൊപ്പം പറുദീസായിൽ സ്തുതിഗീതങ്ങൾ ആലപിക്കുവാൻ അച്ചന് ഇടയാകട്ടെ...അങ്ങയുടെ പാവന സ്മരണകൾക്ക് മുൻപിൽ നിറകണ്ണുകളോടെ....

○

www.malankaralibrary.com

# ബഥനിയിൽ നിറഞ്ഞ സംതൃപ്തിയോടെ

**പ്ലാറ്റിനം ജൂബിലി നിറവിലായിരുന്ന**
**നാലാഞ്ചിറ ആശ്രമത്തെ ക്കുറിച്ചുള്ള അച്ചന്റെ ഓർമ്മകൾ....**

ഈ ആശ്രമം ബഥനി സമൂഹത്തിന്റെ ഒരു കേന്ദ്രഭവനമാണ്. വ്യക്തിപരമായി എന്റെ സന്ന്യാസ ജീവിതത്തെ വാർത്തെടുക്കുന്നതിന് മുഖ്യപങ്ക് ഈ ആശ്രമം വഹിച്ചിട്ടുണ്ട്. ആ അർത്ഥത്തിൽ ഇത് ഒരു മാതൃഭവനം കൂടിയാണ്.

നാലാഞ്ചിറ ആശ്രമം സഭയ്ക്കും സമൂഹത്തിനും നല്കിയിട്ടുള്ള സംഭാവനകൾ ഒന്ന് വിവരിക്കാമോ?

ആത്മീയ തലത്തിൽ ഈ ആശ്രമം ഒരു പ്രാർത്ഥനാകേന്ദ്രമാണ്. ദേശവാസികൾക്ക് ഇത് പ്രാർത്ഥനാചൈതന്യത്തിന്റെ ഒരു സ്രോതസ്സാണ്. ഒരു ഇടവക എന്ന നിലയിൽ ദൈവാനുഭവത്തിന്റെയും സഭാജീവിതത്തിന്റെയും കേന്ദ്രങ്ങളായിരുന്നു.

മനുഷ്യന്റെ സാമൂഹിക മേഖലയിലും നമ്മുടെ ഈ ആശ്രമം സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിശക്കുന്നവന്റെ മുമ്പിൽ ഈശ്വരൻ അപ്പമായിട്ട് പ്രത്യക്ഷപ്പെടുന്നുവെന്ന താത്വിക ഭാവം ഉൾക്കൊണ്ടുകൊണ്ട് വിശക്കുന്നവനും അശരണർക്കും അത്താണിയായി ഈ ആശ്രമം നിലകൊണ്ടിട്ടുണ്ട്. സാധാരണ മനുഷ്യന്റെ വരുമാനമാർഗ്ഗമായ കൃഷി ജോലിയിൽ സഹായിയായും പ്രചോദനമായും സഹകരിക്കുന്നതിന് നമ്മുടെ ഈ ആശ്രമത്തിന് കഴിഞ്ഞിട്ടുണ്ട്. കന്നുകാലി വളർത്തലിലൂടെ മനുഷ്യന്റെ ആഹാരത്തിലും തൊഴിലിലും ജീവസഹായിയായി തീർന്നിട്ടുണ്ട്.

അച്ചന്റെ മിഷൻ അനുഭവത്തെക്കുറിച്ച് ഒന്ന് വിവരിക്കാമോ?

നാലാഞ്ചിറ ആശ്രമത്തിൽ താമസിച്ചു കൊണ്ടാണ് നമ്മുടെ പല മിഷൻ മേഖലകളും ആരംഭിച്ചിട്ടുള്ളത്. എന്റെ മിഷൻ പ്രവർത്തനത്തെ ക്കുറിച്ച് ചിന്തിക്കുമ്പോൾ എനിക്ക് അഭിമാനമുണ്ട്.

www.malankaralibrary.com

നമ്മുടെ വല്യച്ചന്മാരുടെ പ്രത്യേകിച്ച്, ജോഷ്വാച്ചൻ, ജോണച്ചൻ, കോശിയച്ചൻ, ഗബ്രിയേലച്ചൻ ആദിയായവരുടെ മിഷൻ ചൈതന്യം എന്നെ ഒത്തിരി സ്വാധീനിച്ചിട്ടുണ്ട്. പരുത്തിക്കുഴി, കുളപ്പട, മീനാങ്കൽ, നാലാഞ്ചിറ എന്നീ സ്ഥലങ്ങളിൽ വികാരിയായിട്ടും പല മേഖലകളിൽ സഹായിയായിട്ടും, പ്രസംഗകൻ, ധ്യാനപ്രസംഗകൻ എന്നീ നിലകളിലും ഞാൻ പ്രവർത്തിച്ചിട്ടുണ്ട്.

കഴിഞ്ഞകാല ജീവിതത്തെക്കുറിച്ച് ഓർക്കുമ്പോൾ സംതൃപ്തി യുടെ ഓർമ്മകൾ നല്കുന്ന ചിന്തകൾ ഒന്നു പങ്കുവയ്ക്കാമോ?

ദൈവവചന പ്രഘോഷണത്തിന് ഞാൻ വലിയ പ്രാധാന്യം കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ വിവിധ ഗ്രൂപ്പുകൾക്കും ഭക്ത സംഘടനകൾക്കും ഞാൻ ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. അവയോ ടൊപ്പംതന്നെ എന്റെ മിഷൻ പ്രവർത്തനങ്ങളെല്ലാം എനിക്ക് സംതൃപ്തി നല്കിയിട്ടുണ്ട്. ഈ ആശ്രമത്തിന്റെ അദ്ധ്യക്ഷനായി മൂന്ന് പ്രാവശ്യം സേവനം അനുഷ്ഠിച്ചതും എടുത്തുപറയേണ്ട താണ്. അതുപോലെതന്നെ, ബഥനി നവജീവൻ പ്രോവിൻസിന്റെ ആദ്യഭരണസമിതിയിൽ ഒരു അംഗമായിരുന്നതും ഇപ്പോൾ ഓർക്കുന്നു.

പ്രോവിൻസ് തിരിഞ്ഞുകഴിഞ്ഞുള്ള നമ്മുടെ സമൂഹത്തിന്റെ അവസ്ഥയെന്താണ്?

ഇന്ന് സമൂഹത്തിൽ വ്യക്തിഗതമായിട്ടുള്ള വളർച്ചയ്ക്ക് നേട്ടങ്ങൾ ഒരു ഓർഗനൈസ്ഡ് ഗ്രൂപ്പായിത്തീരാൻ സമൂഹത്തെ സഹായിക്കുന്നില്ല. സഭയ്ക്കുവേണ്ടി ആത്മീയതലത്തിൽ ഒരു ഓർഗനൈസ്ഡ് ഗ്രൂപ്പായി വളരാൻ നമുക്ക് സാധിക്കണം.

ബഥനിയുടെ യുവതലമുറയ്ക്ക് കൊടുക്കുവാനുള്ള ജൂബിലി സന്ദേശം?

മനുഷ്യനുവേണ്ടിയല്ല, കർത്താവിന് വേണ്ടിയെന്നപോലെ സന്മനസ്സോടെ ശുശ്രൂഷ ചെയ്യണം. ഓരോരുത്തർക്കും സ്വതന്ത്രനോ അടിമയോ ആയിക്കൊള്ളട്ടെ. നല്ല പ്രവർത്തികൾക്ക് തക്ക പ്രതിഫലം കർത്താവിൽ നിന്നും ലഭിക്കുമെന്ന് അറിഞ്ഞു

www.malankaralibrary.com

കൊള്ളുവിൻ (എഫേ. 6/8). എന്നുള്ള തിരുവചനം ഓർക്കണം. നമ്മുടെ യുവതലമുറ സമൂഹത്തെക്കുറിച്ചുള്ള ദൈവീക പദ്ധതി മനസ്സിലാക്കണം. അത് തിരുവചന ധ്യാനത്തിലൂടെയും പിതാക്കന്മാരുടെ ജീവിതത്തിൽ നിന്നും പഠിപ്പിക്കലിൽ നിന്നും ആത്മാവിന്റെ ശക്തിയാൽ ഗ്രഹിക്കണം. അതിനു കഴിക്കട്ടെ എന്നാശംസിക്കുന്നു. ഒരു കൂട്ടായ പ്രവർത്തനമാണ് ഇന്നിന്റെ ആവശ്യം.

(പ്ലാറ്റിനം ജൂബിലി സ്മരണിക,
തയ്യാറാക്കിയത്: ഫാ. തോമസ് പ്രമോദ് ഒ.ഐ.സി.)

"Augustinachen has radiated the nobility of Bethanian religious life, and he was always dressed in good and clean Kavi Habit. With an elegant and decent behaviour and lifestyle, he had always an attractive and pleasing appearance.

He had his own ideals, but did not share it loud; did not go into conflict with many. Very jovial and serene always and it appeared to be that he always adjusted with the community in which he lived.

As a Rector of many Bethanians; Parish Priests of many, key Parishes he tried to spread the kingdom values and expressed his love for the Church. In the 80 and 90 he offered Counseling for many in the Ashrams he lived. I still remember the Sign-Board of Kumbazha Ashram earlier “Bethany Ashram, Retreat and Counselling Centre” (he studied Counselling in Velloor and USA).  And he was liturgically very sound, offered Holy Masses with piety and musicality.

Once again, a blessed last journey for a Bethanian, without lasting pains and suffering. Perhaps it is a gift of God to those who try to live gracefully and boldly their life.”

Fr. Paul Mathew Kaithavana OIC

www.malankaralibrary.com

# ചില നിമിഷങ്ങൾ അഗസ്റ്റിനച്ചനൊപ്പം...

**ബ്രദർ ഡാനിയേൽ കല്ലിൽ ഒ.ഐ.സി.**

മറ്റൊരാളുടെ ജീവിതത്തെ വാക്കുകൊണ്ടും പ്രവൃത്തി കൊണ്ടും സ്വാധീനിക്കാൻ കഴിഞ്ഞാൽ അനേകരുടെ ഹൃദയത്തിൽ നമ്മുക്കു സ്ഥാനം ഉണ്ടാകും. ഓർമ്മയുടെ ശ്രീകോവിലിൽ നിറം മങ്ങാതെ ഈ ഗുരുഭക്തൻ നിറഞ്ഞു നിൽക്കും. കാരണം നടക്കേണ്ട വഴികളെ കാണിച്ചു തന്നതിനപ്പുറം ഒരു ആത്മീയ പിതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തോടെ ഒപ്പം നടന്ന് കരുതിയും, തിരുത്തി യും, പ്രോത്സാഹിപ്പിച്ചും ഒരു 17 വയസ്സുകാരന്റെ ജീവിതത്തെ സ്ഫുടം ചെയ്തു സന്ന്യാസത്തിനായി ഒരുക്കി ഈ ജന്മം.

ബഥനിയുടെ ആദ്യ തലമുറകളിൽപ്പെട്ട ഒരു വന്ദ്യആചാര്യൻ കൂടി യാത്രയായി. ഇളംതലമുറക്കാരായ ഞങ്ങളുടെ പ്രിയപ്പെട്ട ആത്മീയ പിതാവും, സുപ്പീരിയറുമായി അച്ചൻ ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. അച്ചന്റെ മുറിയിലേക്കു കടന്നു ചെന്നു സംസാരിക്കു മ്പോൾ ഒരു പ്രത്യേക വാത്സല്യവും, സ്നേഹവും, കരുതലും അനുഭവിച്ചിട്ടുണ്ട്. ആ മുറിയിൽ നിന്നു യാത്ര പറഞ്ഞിറങ്ങുമ്പോൾ അച്ചൻ പറയുമായിരുന്നു “മക്കളെ നന്നായി ജീവിക്കണം, ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നുണ്ട്, നിങ്ങൾ എനിക്കുവേണ്ടിയും പ്രാർത്ഥിക്കണം.” ഇതു കേൾക്കുമ്പോൾ ഒരു അഭിമാനവും, സന്തോ ഷവുമായിരുന്നു. കാരണം ഞങ്ങൾ നടന്നു നീങ്ങിയ ഈ സന്ന്യാസ വഴിത്താരയുടെ നന്മയും ഒപ്പം പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളും നിങ്ങളും നേരിട്ടും അവിടെ നിങ്ങൾ തനിച്ചല്ല, പ്രാർത്ഥനയിൽ ഞങ്ങൾ ഒപ്പം ഉണ്ട് എന്ന് അച്ചൻ പറയാതെ പറയുകയായിരുന്നു.

2010 മെയ് 15 അഗസ്റ്റിനച്ചനുമായുള്ള ആത്മബന്ധത്തിലെ അവിസ്മരണീയമായ ഒരു ദിനമാണ്. നവശിഷ്യപദപ്രവേശനത്തി നായി ആലുവാ ആശ്രമത്തിലേക്കു തിരിക്കും മുൻപു യാത്ര പറയാനായി ബഹു. അഗസ്റ്റിനച്ചന്റെ അടുത്തെത്തി തലയിൽ

www.malankaralibrary.com

കൈവച്ച് അനുഗ്രഹം തന്നപ്പോൾ അച്ചന്റെ കണ്ണുനീർത്തുള്ളികൾ ധാരധാരയായി ഒഴുകി. (2007-ൽ ബഥനി ആശ്രമത്തിൽ ചേരാൻ വീട്ടിൽ നിന്നിറങ്ങി വല്ല്യപ്പച്ചനോടു യാത്ര പറഞ്ഞപ്പോൾ ഇതേ അനുഭവം തന്നെയുണ്ടായി). കണ്ണീരടക്കി ഇടറിയ ശബ്ദത്തിൽ പറഞ്ഞു "ഭാഗ്യപ്പെട്ടതും അനുഗ്രഹ പൂർണ്ണവുമായ ഒരു വലിയ ദാനം നേടിയെടുക്കാനും, ജീവിക്കുവാനുമാണ് നിങ്ങൾ പോകുന്നത് ജീവിതം അതിനനുസരിച്ചു ക്രമീകരിക്കണം." സന്ന്യാസ ജീവിതത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ വളരെ ലളിതമായി ഞങ്ങളെ പഠിപ്പിച്ചു തന്നു.

എപ്പോൾ വേണമെങ്കിലും സമീപിക്കാവുന്ന ലഭ്യതയുള്ള ഒരു ആത്മീയ പിതാവായാണ് അഗസ്റ്റിനച്ചൻ. എന്റെ ജീവിതത്തെ ഏറ്റവും കൂടുതൽ സ്പർശിച്ചത്. പ്രാർത്ഥനയിലുള്ള ബന്ധമാണ് സന്ന്യാസി, സഹസന്ന്യാസിമാരുമായും, മറ്റു വ്യക്തികളുമായും കാത്തുസൂക്ഷിക്കേണ്ടത് എന്ന് അച്ചൻ ജീവിതം കൊണ്ടു കാട്ടി തന്നു. സ്വരമാധുര്യത്തോടെയും, ശബ്ദ ഗാംഭീര്യത്തോടെയും ആരാധനകൾ അർപ്പിച്ചിരുന്ന ഈ സന്ന്യാസ ആചാര്യൻ അനേകരുടെ ജീവിതത്തെ ഇമ്പകരവും, ദൈവത്തിനു പ്രീതികരവും ആക്കുവാൻ ഒരുക്കി. പ്രത്യേകിച്ചു പരിശീലന ഗൃഹങ്ങളിൽ ഗുരു, അദ്ധ്യാപകൻ, ആത്മീയ പിതാവ് എന്നീ ശുശ്രൂഷകളിലൂടെ ബഥനിയുടെ പുതുതലമുറയെ ഒരുക്കി എടുക്കുവാൻ വളരെ പരിശ്രമിച്ചു. ഇപ്രകാരം ജന്മനിയോഗങ്ങൾ നിറവേറ്റി ദൈവസന്നിധിയിലേക്കു വാങ്ങിപ്പോയ ആചാര്യന്റെ പാവനസ്മരണക്കു മുൻപിൽ ശിരസ്സ് നമിക്കുന്നു. ഒപ്പം ഈ വേർപാടിൽ മനം തപിയ്ക്കുന്നു. സങ്കടങ്ങളുടെയും, പ്രതിസന്ധിയുടെയും, ഒക്കെ നടുവിൽ ഓടിച്ചെന്നു കാണുമ്പോൾ കൈക്കു പിടിച്ചു "സാരമില്ല എല്ലാം ശരിയാകും പ്രാർത്ഥിക്കുന്നുണ്ട്" എന്നു പറഞ്ഞു ആശ്വാസം പകരുന്ന ഒരു കരം കൂടി ഇല്ലാതായി....

"വത്സല പിതാവേ....  
പ്രിയ വല്ല്യപ്പച്ചാ....  
തീക്ഷ്ണതയുള്ള സന്ന്യാസാചാര്യ....  
സമാധാനത്തോടെ പോവുക...."

■

www.malankaralibrary.com

# വേർപാട് നൽകിയ ചില നേർകാഴ്ചകൾ...

**ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.**

കോവിഡ് കാലത്ത് നിനച്ചിരിക്കാതെ ദൈവസന്നിധിയിലേക്ക് യാത്രയായ പ്രിയപ്പെട്ട ഗുരുവച്ചൻ, ബഹു. ഫാ. അഗസ്റ്റിൻ കൈലാത്ത് അച്ചൻ നമ്മിൽ അവശേഷിപ്പിച്ച ചില ചിന്തകൾ, നേർകാഴ്ചകളാണിത്. ബഹു. അച്ചന്റെ ആത്മാവിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അച്ചന്റെ ജീവിതക്രമത്തിന്റെ നന്മകളാൽ സജീവമാണ് ഈ ലക്കം ബഥനി ശബ്ദം. ഒരാൾ നമ്മിൽ നിന്ന് ശാരീരികമായി, നിത്യമായി കടന്നു പോകുമ്പോൾ ആ വ്യക്തിയെപ്പറ്റിയുള്ള ധാരാളം നല്ല ചിന്തകൾ, മരണസമയത്തും മരണത്തിനു ശേഷവും നടക്കുന്ന കർമ്മകളിലൊക്കെ നാം അനുസ്മരിക്കുകമാനുഷികമാണ്. ഈ അനുസ്മരണ സെമിത്തേരികൊണ്ട് അവസാനിക്കേണ്ടതല്ലല്ലോ? അതിനുശേഷം 40 ദിവസം ഈ അനുസ്മരണയുടെ മറ്റ് ഒരു മുഖവും നമുക്ക് ദർശിക്കാൻ കഴിയും. കബറടക്കം കഴിഞ്ഞും അതിനുശേഷമുള്ള 40 ദിവസങ്ങളിലെ നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ നിർദ്ദേശിക്കുന്ന കർമ്മങ്ങൾ അനുഷ്ഠിച്ച് നാം സംതൃപ്തി അടയും എന്നതും സത്യം. അതുമല്ല ആണ്ടുവട്ടം നാം മരണദിവസം നടത്തുന്ന വി. കുർബാനയും കബറിങ്കലുള്ള ധൂപപ്രാർത്ഥനയും കൊണ്ട് സംതൃപ്തമാകുന്നതാണോ ഒരു സമർപ്പിതന്റെ ജീവിതസാക്ഷ്യം? ഏതാണ്ട് 89 വർഷം നീണ്ട ഒരു സന്യാസജീവിതത്തിന്റെ "സജീവ ഓർമ്മ" മുകളിൽ സൂചിപ്പിച്ച കർമ്മാനുഷ്ഠാനങ്ങളിൽ അവസാനിക്കുന്നതാണോ? ജീവിതം കൊണ്ടും, കർമ്മം കൊണ്ടും ഒരു യഥാർത്ഥ ബഥാന്യൻ ആയിരുന്നു പ്രിയപ്പെട്ട അച്ചൻ. ബഥനിക്ക്, ബഥനിയുടെ പിൻതലമുറക്ക് അച്ചൻ നൽകുന്ന ജീവൽഗന്ധിയായ ഓർമ്മകൾ എന്തൊക്കെയാണ്?

www.malankaralibrary.com

ഇനിയും അതൊക്കെ വെറും ഓർമ്മകൾ ആണോ, അതോ പിൻതലമുറ ഉൾകൊണ്ട് ജീവിക്കേണ്ട ചില സൂചനകൾ ആണോ, ആഹ്വാനമാണോ, തിരുത്തലുകൾ ആണോ? എന്തു തന്നെ ആയാലും പ്രിയപ്പെട്ട അഗസ്റ്റിൻ അച്ചനെ ഓർക്കുമ്പോൾ തുടർന്ന് രേഖപ്പെടുത്തുന്ന കാര്യങ്ങൾ ഉൾകാഴ്ചകളായി, നേർകാഴ്ചകളായി ബഥാന്യർ സ്വീകരിക്കേണ്ടതുതന്നെ.

മനുഷ്യസമൂഹത്തോട് ചേർന്ന ലോകം മുഴുവൻ വിലപിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ അച്ചൻ യാത്ര ആയത്. ലോകത്തിലുള്ളവർ ഒരിക്കലും ഉണ്ടാകില്ല എന്ന് കരുതിയതും നമ്മൾ ആരും ഒരിക്കലും കണ്ടുമുട്ടിയിട്ടില്ലാത്തതുമായ ഒരു അനുഭവത്തിലൂടെ നാം കടന്നു പോകുന്നു. ലോകം അതുദാരുണമാംവിധം കരയുകയും, വിലപിക്കുകയും, ഭയക്കുകയും, പ്രത്യാശ ഇല്ലാതെ അസ്വസ്ഥരാവുകയും ചെയ്യുന്ന കൊറോണ ഭീഷണിയുടെ ഈ കാലത്ത് സുസ്മേദവരനായി, ചെറുപുഞ്ചിരിയോടെ ലോകത്തെ വിട്ട് നിത്യപിതാവിന്റെ സന്നിധിയിൽ എത്തിച്ചേരാൻ അച്ചന് കഴിഞ്ഞത് അദ്ദേഹത്തിന്റെ ജീവിതക്രമത്തിന്റെ സുതാര്യത അല്ലാതെ മറ്റ് എന്താണ്? അതെ, പ്രിയപ്പെട്ട അച്ചൻ നമുക്ക് നൽകിയ സജീവമായ, ഉന്നതമായ സാക്ഷ്യം ആണ് ഈ ജീവിത സുതാര്യത. സമർപ്പണത്തിൽ നിന്ന് സാവധാനം അന്യമായികൊണ്ടിരിക്കുന്ന ഒരു അനുഭവം. സഭയിൽ, വിശ്വാസജീവിതത്തിൽ വിരളമായി ഇന്ന് ദർശിക്കാൻ കഴിയുന്ന ഒരു ദൈവിക മാനുഷിക അനുഭവം. മറവില്ലാത്ത, മറയില്ലാത്ത ഒരു ജീവിതം ആയിരുന്നില്ലേ അച്ചന്റേത്. “ഞാനും, എന്റെ പിതാവും ഒന്നാണ്. ഞാൻ എന്നെ അറിയുന്നതു പോലെ എന്റെ സ്വർഗ്ഗീയ പിതാവിനെയും അറിയുന്നു” എന്ന് പഠിപ്പിച്ച് ജീവിച്ച ക്രിസ്തുവിന്റെ ജീവിതശ്രേഷ്ഠതയാണി സുതാര്യത. സംസാരത്തിലും പ്രസംഗത്തിലും, പ്രവർത്തിയിലും ബന്ധങ്ങളിലും, ക്രയ വിക്രയയിലും ഒക്കെ അച്ചനിൽ ഒരുപോലെ നിഴലിച്ചു നിന്ന ഈ ദൈവിക മാനുഷികഭാവം അനന്യസാധാരണം തന്നെ. ദൈവ ത്തിന്റെയും മനുഷ്യരുടെയും മുന്നിൽ സമർപ്പിതൻ സമർപ്പണത്തിൽ സ്വായത്തമാക്കേണ്ട ഒരു വലിയ സത്യം തന്നെയാണ് ജീവിതസുതാര്യത. ഇവിടെ ദ്വീകരണത്തിന് (dichotomy) ക്ക് സ്ഥാനമില്ല. ഇവിടെ മറഞ്ഞിരിക്കാനും മറച്ചു വയ്ക്കാനും കഴിയു

www.malankaralibrary.com

കയില്ല. ഇവിടെ ഉള്ളത് ഉള്ളുതുറന്ന് കാണിക്കുകയും, കാണുകയും ചെയ്യണം. സമർപ്പണ ജീവിതത്തിന് അന്യമായി കൊണ്ടിരിക്കുന്ന ഈ ഒരു ദർശനത്തിന് സാക്ഷിയായിരുന്ന അച്ചന്റെ വേർപാട് ഈ 'സുതാര്യത' ജീവിത സാക്ഷ്യം ആക്കാൻ നമ്മെ ക്ഷണിക്കുന്നു.

ബഹുമാനപ്പെട്ട അച്ചൻ നമ്മിൽ സന്നിവേശിപ്പിക്കുന്ന മറ്റ് ഒരു നന്മ അഭിനയവും ജീവിതവും തമ്മിലുള്ള 'വ്യതിരക്തത' തന്നെ. സമർപ്പിതൻ നടൻ അല്ലല്ലോ? പുറത്ത് കാണുന്നതൊക്കെ ജീവിതം എന്ന് തെറ്റുധരിപ്പിച്ചുകൊണ്ട് ജീവിക്കുന്ന ഒരു സാഹചര്യത്തിൽ ചെയ്യുന്നതൊക്കെയാണ് ശരി എന്നും, ആ ശരി മറ്റുള്ളവർ പിൻതുടരണമെന്നും ആഗ്രഹിക്കുന്ന സമർപ്പിത ജീവിത അഭിനയക്കാർക്ക് അച്ചൻ നൽകുന്ന ഒരു വലിയ ഓർമ്മപ്പെടുത്തൽ ഉണ്ട്. സമർപ്പണ ജീവിതം ആഘോഷിക്കാനും അഭിനയിക്കാനും, അത് പരസ്യപ്പെടുത്താനും ഉള്ളതല്ല. മറിച്ച് ജീവിക്കാനുള്ളതാണ്. ജീവിച്ച് കാണിക്കാൻ കഴിയാത്തതുകൊണ്ടല്ലോ അഭിനയിച്ച് കാണിച്ച് വിജയിക്കാം എന്ന് തെറ്റുധരിപ്പിക്കപ്പെടുക. സാധാരണക്കാരെക്കാട്ടിലും ഈ വിഷയത്തിൽ അധഃപതിച്ച് അഭിനയിക്കുന്ന സമർപ്പിതരോട് അച്ചന്റെ ആത്മാവിന് രഹസ്യമായും പരസ്യമായും പറയാനുള്ളത് അഭിനയം അല്ല ജീവിതമാണ് ജീവൽഗന്ധിയായ സമർപ്പിതസാക്ഷ്യം. പ്രിയപ്പെട്ട അച്ചന്റെ ജീവിതസമസ്യയിൽ നിന്ന് ഇന്നത്തെ ബഥാന്യർക്ക് കണ്ടുപിടിക്കാനും കണ്ടുപഠിക്കാനും ജീവിച്ച് കാണിച്ചുകൊടുക്കാനുമുള്ള ക്ഷണം. തന്റെ സമർപ്പണ ജീവിതങ്ങൾ അച്ചൻ നമുക്ക് നൽകിയ ഒരു പ്രധാന ജീവിതയാഥാർത്ഥ്യമാണിത്. നമ്മിൽ പലരെക്കാൾ പലകാര്യങ്ങളിലും, ഉന്നതനായിരുന്ന അച്ചൻ തന്റെ ദൗത്യം ഒരിക്കലും ഒരു പ്രദർശന അനുഭവമായി ഉയർത്തികാട്ടാൻ ഒരിക്കലും ശ്രമിച്ചതായി അറിവില്ല. തന്റെ സ്വസിദ്ധമായ കഴിവുകൾ, അത് പ്രസംഗത്തിലാണെങ്കിലും, ആരാധനാഗീതാലാപനത്തിലാണെങ്കിലും വി. കുർബാനയുടെ സമർപ്പണത്തിലാണെങ്കിലും അഭിനയിച്ച് ആളെ കൂട്ടാനുള്ള ഒരു മാർഗ്ഗമായി എടുക്കുകയോ, കാണിച്ച് തരുകയോ ചെയ്തിട്ടില്ലല്ലോ? അതിന്റെ അർത്ഥം അച്ചന്റെ അന്തരാത്മാവിൽ താൻ അനുഭവിച്ച ജീവിതഔന്നത്യത്തിന്റെ മഹിമ അല്ലാതെ മറ്റ് എന്താണ്? സമർപ്പണത്തിൽ 'അഭിനയിച്ച് ജീവിതം അവസാനിപ്പിക്കുന്നവർക്ക്' ഒരു ഉത്തമസാക്ഷ്യം.

www.malankaralibrary.com

പ്രിയപ്പെട്ട അഗസ്റ്റിൻ അച്ചൻ നമുക്ക് നൽകിയ ഒരു വലിയ ഓർമ്മപ്പെടുത്തൽ. സമർപ്പണജീവിതം "പുണ്യം പറയാനുള്ളതല്ല, ശാന്തമായി ജീവിച്ചു പൂർത്തീകരിക്കാനുള്ളതാണ്." സന്ന്യാസം ശബ്ദമുഖരിതമായിരിക്കുന്നു. ഉറക്കെപ്പറയുന്നവരുടെ എണ്ണം കൂടുന്നു. പറയുന്നത് പുണ്യങ്ങൾ മാത്രം ആയിരുന്നാൽ വിജയിച്ചു. നമ്മുടെ പൂർവ്വപിതാക്കന്മാർ പുണ്യം അഭ്യസിക്കണം എന്നാണല്ലോ നമ്മെ പഠിപ്പിച്ചിട്ടുള്ളത്. പുണ്യം അഭ്യസിക്കുന്നതിന്റെ തോത് അനുസരിച്ചാണ് സന്ന്യാസി സമർപ്പണത്തിൽ പക്വത ആർജ്ജിക്കുക. കാലം കടന്നുപോകുമ്പോൾ ഒരുപോലെ പുണ്യത്തെപ്പറ്റിയും പാപത്തെപ്പറ്റിയുമുള്ള സംസാരം കുറയുന്നു. അതിലുപരി എല്ലാവരും ഒരുപോലെ മറ്റുള്ളവരെ "പുണ്യം പറഞ്ഞ്" സ്വയം പുണ്യവാന്മാർ ആകാൻ ശ്രമിക്കുന്നു. എന്നാൽ ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായി അധികം പുണ്യം പറയാതെ ഉള്ള നന്മകളിൽ ജീവിച്ചു കാണിച്ച ഒരു ശാന്തമായ ശീലത്തിനുടമയായിരുന്ന അഗസ്റ്റിനച്ചൻ. ബഹു. അച്ചന്റെ കീഴിൽ ശിക്ഷണം സ്വീകരിച്ച ഒരു സമൂഹാംഗം എന്ന നിലയിൽ ആർജ്ജവത്തോടെ ഈ സത്യം നന്ദിപൂർവ്വം അനുസ്മരിക്കട്ടെ. പുണ്യജീവിതം ആണ് സമർപ്പണത്തിന്റെ സത്തയെന്ന് പ്രിയപ്പെട്ട അച്ചൻ നമ്മെ ഓർമ്മപ്പെടുത്തിയാണ് കടന്നുപോയത്. അതുകൊണ്ട് തന്നെ നമ്മൾ ഈ വിഷയത്തിൽ കുറച്ചുകൂടി ഉണർവ് ഉള്ളവരാകണം എന്ന് അച്ചന്റെ ആത്മാവ് നമ്മോട് മന്ത്രിക്കുന്നു. 'പുണ്യം' പ്രസംഗിച്ച് നടന്ന് ആയുസ് കളയാതെ നാം ആയിരിക്കുന്ന സ്ഥലത്തും, ശുശ്രൂഷകളിലും ഒരു "പുണ്യജീവിതത്തിന്" സാക്ഷികളാകാൻ കഴിയണം എന്നു സാരം.

സ്നേഹമുള്ള അച്ചൻ തന്റെ ജീവിതം കൊണ്ട് നമ്മെ പഠിപ്പിച്ച മറ്റ് ഒരു സത്യം ആണ് "സമർപ്പണമാന്യത." വാക്കിലും, പ്രവർത്തിയിലും, ബന്ധത്തിലും നടപ്പിലും, വസ്ത്രധാരണത്തിലും ഒക്കെ കാത്തു സൂക്ഷിച്ച് തന്റെ വിളിക്ക് അനുയോജ്യമായ ഒരു മാന്യമായ സംസ്കാരത്തിനുടമയായിരുന്നു അച്ചൻ. പ്രത്യേകിച്ച് മറ്റുള്ളവരെ, അത് കൂടെയുള്ള സന്ന്യാസികൾ ആണെങ്കിലും താൻ വേല ചെയ്ത ദേവാലയങ്ങളിലെ വിശ്വാസികൾ ആണെങ്കിലും ഒരു പുരോഹിത സന്ന്യാസിക്കും ചേർന്ന "മാന്യമായ പെരുമാറ്റം" അച്ചന്റെ ജീവിത മുദ്രയായിരുന്നു. തനിക്ക് കുടുംബത്തിൽ നിന്ന് ലഭിച്ചതും, തന്റെ

www.malankaralibrary.com

മാതാപിതാക്കന്മാരിൽ നിന്ന് ലഭിച്ചതും, തന്റെ പഠനത്തിൽ നിന്ന്, മനനത്തിൽ നിന്ന് ലഭിച്ച ഒരു നന്മയായിരുന്നു ഇത്. കലർപ്പില്ലാത്ത മാന്യതയുടെ മൂർത്തരൂപം. നാം ഇന്ന് സമർ പ്പണത്തിൽ കാണുന്നു "മാന്യത" ഇല്ലായ്മയുടെ നൂറ് നൂറ് അനുഭവങ്ങളുടെ മുഖ്യകാരണം നമ്മുടെ കുടുംബപശ്ചാത്തലം തന്നെ: വിളിയിൽ നാം ആർജ്ജിച്ച് പാലിക്കേണ്ട സന്ന്യാസ പൗരോഹിത്യത്തിന് അനുയോജ്യമായ ബോധപൂർവ്വകമായ തിരസ്കാരത്തിന്റെ വ്യക്തികളുടെ ബാക്കി പത്രം. കുടുംബങ്ങളെ പഴിചാരുകയല്ല. സത്യം രേഖപ്പെടുത്തി എന്നു മാത്രം. ആരോചകരാകേണ്ട. രഹസ്യപരസ്യ ജീവിതത്തിൽ മാന്യരാ യാൽ മതി. കപടതയുടെ മൂടുപടം മാറ്റി മാന്യതയുടെ വെള്ള വസ്ത്രം അണിയാൻ ബഹു. അച്ചന്റെ ജീവിത സമർപ്പണവും നമുക്കു ഉത്തേജനവും ഊർജ്ജവും നൽകുന്നു.

ബഹു. അച്ചൻ നമുക്കു നൽകിയ മറ്റൊരു ഉന്നതമായ ഓർമ്മ പ്പെടുത്തൽ ആണ് "സന്ന്യാസികൾ അലഞ്ഞുതിരിഞ്ഞ് നടന്ന് ആയുസ്സ് തീർക്കേണ്ടവർ അല്ല എന്നത്." അലയുന്ന സന്ന്യാസ ജീവിതം അല്ല നമ്മുടേത്, ഇരിക്കുന്ന സന്ന്യാസ സമർപ്പണം ആണ്. അച്ചനെ പരിചയപ്പെട്ട അന്നു മുതൽ വ്യക്തിപരമായി ഞാൻ അച്ചനിൽ കണ്ട ഒരു ശ്രേഷ്ഠമായ സന്ന്യാസഭാവം ആണിത്. അവശ്യത്തെക്കാൾ ഉപരി അത്യാവശ്യം ഉള്ളതിന് മാത്രം ആശ്രമം വിട്ടുപോവുക. കഴിവുള്ളടത്തോളം ആശ്രമത്തിൽ ആയിരുന്നു കൊണ്ട് തന്റെ ദൈവഅന്വേഷണവും, ശുശ്രൂഷയും നിർവ്വഹിക്കുക. ഉത്തരവാദിത്വം ഉള്ളവരും, ഇല്ലാത്തവരും യാതൊരു പരിധിയും വയ്ക്കാതെ അലഞ്ഞുതിരിഞ്ഞ് ആയുസ്സ് നഷ്ടപ്പെടുത്തുന്ന ഈ ഒരു കാലത്ത് (കോവിഡ് കാലത്ത് കുറച്ചു കുറഞ്ഞു എന്നത് സത്യം) കുറച്ചുകൂടി ഉൾവലിവ് ഉള്ളവർ ആയിരിക്കണം സന്ന്യാസി എന്ന് അച്ചന്റെ ജീവിതസാക്ഷ്യം നമ്മെ ഓർമ്മ പ്പെടുത്തുന്നു. നാം അലയുന്നത് ആർക്കുവേണ്ടി? സമൂഹത്തിനോ, സഭയ്ക്കോ അതോ നമുക്ക് തന്നെയോ? ഇരുന്ന് കേൾക്കുന്നിടത്ത് സ്വസ്ഥതയുണ്ട്. ശാന്തിയും സമാധാനവും ഉണ്ട്. അലഞ്ഞു നടക്കുന്നിടത്തോ എപ്പോഴും പരാതികളും ഉത്കണ്ഠകളും. ആശ്രമത്തിൽ ഇരിക്കാൻ പഠിപ്പിക്കുന്ന ഒരു സാക്ഷ്യത്തിന് ഉടമ ആയിരുന്നു അച്ചൻ. ആവശ്യത്തിനും, അത്യാവശ്യത്തിനുമുള്ള അലച്ചിലുകൾ ആവശ്യ

www.malankaralibrary.com

മാണ്. എന്നാൽ നമ്മുടെ സമർപ്പണത്തിലെ അനാവശ്യ അലച്ചിലുകൾ തികച്ചും ഉപേക്ഷിക്കേണ്ടതാണെന്ന് അച്ചന്റെ ആത്മാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

നമ്മുടെ സമൂഹത്തിന്റെ സിദ്ധി പ്രകാശിപ്പിക്കുന്ന അപ്പസ്തോലപ്രവർത്തനത്തിൽ നാം ആദ്യകാലങ്ങളിൽ മുഖ്യസ്ഥാനം നൽകിയിരുന്നത് സുവിശേഷപ്രഘോഷണം, ധ്യാനം, മതബോധനം തുടങ്ങിയവയ്ക്കായിരുന്നു (H.R.No. 204 : I) സമൂഹത്തിൽ അറിയപ്പെടുന്ന ഒരു ധ്യാനഗുരുവും വചനപ്രഘോഷകനും ആയിരുന്നു. അച്ചൻ. തന്റെ ധ്യാനരീതിയിൽ 'ഒരു ബഥാന്യൻ സമീപനം' ചാലിച്ചു ചേർത്തിരുന്നു. നല്ലതുപോലെ ഒരുങ്ങി, പ്രാർത്ഥിച്ച് ഈശ്വരന് തന്നെത്തന്നെ സമർപ്പിച്ച്, ക്രിസ്തുവിന്റെ പദാന്തികത്തിൽ നീണ്ട സമയം വ്യയം ചെയ്തു ക്രിസ്തു സഖിത്വത്തിൽ നിന്ന് തനിക്കു ലഭിച്ച ക്രിസ്താനുഭവം വചനത്തിലൂടെ ശാന്തമായി തന്റെ വചനം കേൾക്കാൻ ഒന്നിച്ചു കൂടുന്നവർക്കു വിശ്വാസത്തിലധിഷ്ഠിതമായി പങ്കുവയ്ക്കുന്ന ഒരു ധ്യാനരീതി ആയിരുന്നു അച്ചൻ അവലംബിച്ചത്. അതിന്റെ നന്മ ആവോളം ഒരു കാലത്ത് അനുഭവിയ്ക്കാൻ, നമ്മുടെ സമൂഹത്തിനും, സഭക്കും കഴിഞ്ഞു. നമ്മുടെ ഇന്നത്തെ ധ്യാനരീതികളിൽ നിന്നും തികച്ചും വിഭിന്നമായ ബഹു. അച്ചന്റെ വചനപ്രഘോണവും ധ്യാനരീതികളും നമുക്ക് ഇന്ന് അന്യമാണ്. അങ്ങനെയുള്ള രീതികൾക്കും ഇന്ന് സാംഗത്യവുമില്ല. ആട്ടവും, കൊട്ടും, ശബ്ദവും, വാക്യങ്ങൾ മനഃപാഠം ആക്കാനുള്ള ശേഷിയും ഉറക്കെ പാടാനുള്ള പാടവവും ഒക്കെ ഇന്ന് ഒരാളെ "ധ്യാനഗുരു" ആക്കുന്നു. പറയുന്ന വചനത്തോട് കൂലബന്ധം ഇല്ലാത്ത പ്രവർത്തനങ്ങൾ ഇന്നത്തെ ധ്യാനസമീപനത്തിന്റെ മുഖ്യധാരയാണ്. ധ്യാനവും ധ്യാനകേന്ദ്രവും പണം കൊയ്യാനും, പാവങ്ങളുടെ ബലഹീനതയെ വിറ്റുകാശാക്കാനും ശ്രമിക്കുന്നു. അതിലൂടെ ധാരാളം "ധ്യാന കച്ചവടക്കാർ" ഉടലെടുക്കുന്നു. ക്രിസ്തുവിനെയും സുവിശേഷത്തെ യും, പാവങ്ങളുടെ ബലഹീനതകളെയും വിറ്റു വീർക്കുന്നതല്ല ക്രിസ്തീയധ്യാനം. പ്രസംഗം മാത്രം. പ്രവർത്തിയോ, ജീവിതമോ, സാക്ഷ്യമോ ഒക്കെ എവിടെ? ധ്യാനഗുരു ആത്മീയനാണ് എന്ന് അച്ചൻ നമ്മെ ഓർമ്മിപ്പിക്കും. ഉറക്കെ പ്രസംഗിക്കുന്നവരെ, പ്രസംഗപാടവ നിപുണനെ, പാട്ടുകാരനെ, ബുദ്ധിപരമായി

www.malankaralibrary.com

പറയാൻ അറിയുന്നവനെ, ഈണത്തോടെ ഒപ്പം നിന്ന് ആടുന്നവനെയും പാടുന്നവനെയും “ധ്യാനഗുരുക്കന്മാർ” എന്ന് വിശേഷണം നൽകി ആഘോഷിക്കുന്ന ഈ കാലത്ത് ബഹു. അച്ചന്റെ കൗൺസിലിംഗ് രീതികളും ധ്യാനവും ഒക്കെ അസ്ഥാനത്തു തന്നെ. എന്നാൽ ഒരു കാര്യം മറക്കാതിരിക്കുന്നത് നല്ലത്. അച്ചന്റെ ധ്യാനത്തിലൂടെ മനഃപരിവത്തനം വന്ന് സത്യദൈവമക്കൾ ആയവരുടെ എണ്ണം അനവധി ആയിരുന്നു എന്ന് ചരിത്രസത്യം. ആയതിനാൽ ബഥാന്യൻ ധ്യാനരീതികളുടെ മാഹാത്മ്യം തിരികെ പിടിക്കാനുള്ള വലിയ ഒരു ആഹ്വാനം നമുക്കു അച്ചന്റെ ജീവിതം നൽകുന്നു.

ബഹുമാനപ്പെട്ട അച്ചന്റെ അവസാനകാലത്ത് പല പ്രാവശ്യം അച്ചനൊട് സംസാരിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അനുഗ്രഹം സ്വീകരിക്കുന്നതിനും ഒക്കെ അവസരം ലഭിച്ച ഒരാശ്രമാംഗം എന്ന രീതിയിൽ ആത്മ അഭിമാനത്തോടെ പറയാൻ കഴിയും. അച്ചന്റെ ജീവിതം സംതൃപ്തമായതായിരുന്നു എന്ന്. സംതൃപ്തി ആണല്ലോ ജീവിതത്തിന്റെ അളവുകോൽ. അസംതൃപ്തരുടെ നീണ്ടനിര തന്നെ നമുക്ക് ഉണ്ട്. ഇത്രയൊക്കെയും നാം ആർജ്ജിയ്ക്കതിലും അധികം ഭൗതിക നന്മകൾ  നമുക്കു ഉണ്ടെങ്കിലും എന്തേ നാം അസംതൃപ്തരാകുന്നു? അടിസ്ഥാനസൗകര്യങ്ങൾ ആവശ്യത്തിലധികവും അതിന്റെ അതി പ്രസരണവും നമുക്കുണ്ട്. എങ്കിലും നാം സംതൃപ്തരാണോ? അച്ചന്റെ 89 വർഷത്തെ ജീവിതം സംതൃപ്തമായിരുന്നു. അതിന്റെ മുഖ്യകാരണം അച്ചൻ സ്വന്തമാക്കിയ ആത്മീയ സമ്പത്തു തന്നെ. ആത്മീയത അന്യമാകുന്നിടത്ത് അസംതൃപ്തി മാത്രം. സ്ഥാനമോ, വസ്തുവകകളോ, പണമോ, ബന്ധങ്ങളോ ഒന്നും ഒരു സമർപ്പിതനെ സംതൃപ്തനാക്കുകയല്ല. കുറച്ചുനാൾ ഒക്കെ പിടിച്ച് നിൽക്കാം അത്ര തന്നെ. കുറച്ച് അഭിനയിച്ചും, പ്രസംഗിച്ചും വേഷം കെട്ടിയും ഒക്കെ മുൻപോട്ട് പോകാം. വലിയ വീഴ്ച സുനിശ്ചിതം. നാം അത് കണ്ടുകൊണ്ടിരിക്കുന്നു. യേശുവിനെ മാറ്റി നിറുത്തികൊണ്ടുള്ള സകല നേട്ടങ്ങളും ഒരു ദിനം നമ്മിൽ നിന്ന് എടുക്കപ്പെടും. വിളിച്ചവനോടു കൂടെയുള്ള ഒരു ജീവിതചര്യ മാത്രം നമുക്കു സംതൃപ്തി നൽകും എന്ന് പ്രിയപ്പെട്ട അച്ചന്റെ ജീവിതം നമ്മെ പഠിപ്പിച്ചു. മനസ്സ് തിരിഞ്ഞ് വിളിച്ചവനിലേക്ക് തിരിഞ്ഞാൽ സംതൃപ്തരാകാം. അല്ലെങ്കിൽ

www.malankaralibrary.com

ആകുലരായി അസംതൃപ്തരായി, സ്വസ്ഥതയില്ലാതെ നിരാശയായി ജീവിതം അവസാനിപ്പിക്കാം. അതിനല്ലല്ലോ നമ്മൾ ആരും തന്നെ ഈ ജീവിതം തിരഞ്ഞെടുത്തത്. അതുകൊണ്ട് അസ്ഥിരമായ അനുഭവങ്ങളെ ആഞ്ഞുപുൽകി സംതൃപ്തരാകാതെ ശാശ്വതമായ ഈശ്വര അനുഭവത്തിൽ നിന്ന് സംതൃപ്തമായ ഒരു സമർപ്പണ ജീവിതത്തിന് നമ്മെ വീണ്ടും പ്രതിഷ്ഠിക്കാൻ ഉള്ള ഉൾകാഴ്ച അച്ചന്റെ വേർപാട് നമുക്ക് നൽകുന്നില്ലേ?

ചുരുക്കത്തിൽ നമ്മുടെ സമൂഹത്തിലെ ഒരു അംഗത്തിന്റെ ശാരീരിക വേർപാട് നമുക്ക് നൽകുന്ന ചില ഉൾവെളിവുകൾ നേർ കാഴ്ചകൾ ആണ് മുകളിൽ സൂചിപ്പിച്ചത്. ഈ വെളിപാടുകളുടെ അധികാരികത സമർപ്പണത്തിൽ ബഹു. അഗസ്റ്റിൻ അച്ചൻ സ്വന്തമാക്കിയ അനുകരണീയമായ മാതൃകകളും സാക്ഷ്യവുമാണ്. കോവിഡ്-19 കാലത്ത് ദൈവസന്നിധിയിലേക്ക് കടന്നുപോയ അച്ചന്റെ ശവസംസ്കാരകർമ്മങ്ങൾ തികച്ചു വിഭിന്നവുമായിരുന്നു. അതിൽ പങ്കെടുക്കാൻ അച്ചനെ സ്നേഹിച്ച എല്ലാവർക്കും കഴിഞ്ഞില്ല. ഇതു ഒരു മാനുഷിക ചിന്ത മാത്രം. ശവസംസ്കാര കർമ്മമല്ലല്ലോ ജീവിതസാക്ഷ്യം ആണല്ലോ സമർപ്പണത്തിന്റെ ശാശ്വതമായ മുഖമുദ്ര. ഈ മുദ്ര നമ്മുടെ ഒക്കെ ഹൃദയ അന്തരാളത്തിൽ ഒരു അഗ്നി ആയി അവശേഷിച്ചതിനുശേഷം അച്ചൻ കടന്നുപോയി എന്നത് ദൈവികപദ്ധതി. അദ്ദേഹം ജീവിതകാലത്ത് നൽകിയ ഉദാത്തമായ കാഴ്ചപ്പാടുകളോട് ക്രിയാത്മകമായി പ്രകരിച്ച് സമർപ്പണത്തിൽ ജീവിക്കുന്നതിലൂടെ ആണല്ലോ നമ്മളും അച്ചന്റെ ജീവിതവും തമ്മിൽ ബന്ധപ്പെടുക, അദ്ദേഹത്തിന്റെ നന്മകൾ നമ്മിൽ ജീവിക്കണം. അച്ചന്റെ ഈ ജീവിതത്തിന്റെ കൈഒപ്പ് സമൂഹാംഗങ്ങൾക്കും നിത്യം ഉണ്ടായിരിക്കട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം പ്രാർത്ഥിക്കാം. അച്ചന്റെ ആത്മാവിനെ നിത്യപിതാവിന്റെ കരങ്ങളിൽ സമർപ്പിക്കുകയും ചെയ്യാം.

○

www.malankaralibrary.com

We will survive



PRAY FOR THE WORLD COVID-19

ബഥനി ശബ്ദം

കൈവിടാതിരിക്കാം